# കിഴുവിലം ഗ്രാമപഞ്ചായത്ത്

മുടപുരം പി.ഒ., കൂന്തള്ളൂർ
പിൻ - 695104
ഫോൺ: 0470 2640342
Email:kizhuvilamgp@gmail.com

# വികസനരേഖ

**കിഴുവിലം ഗ്രാമപഞ്ചായത്ത്**

ബഹുമാന്യരേ,

ജനകീയാസൂത്രണത്തിന്റെ 25 വർഷങ്ങൾ നിരവധിയായ വികസന പ്രവർത്തനങ്ങൾക്ക് കേരളം സാക്ഷ്യം വഹിച്ചു. അന്ന് വരെയുണ്ടായിരുന്ന വികസന സങ്കല്പങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തവും ഉദാത്തവും ജനപങ്കാളിത്തത്തോടെ ആവിഷ്ക്കരിച്ചതുമായ ആസൂത്രണ - നിർവ്വഹണ - മോണിറ്ററിംഗ് പ്രവർത്തനങ്ങൾ കേരള മോഡൽ വികസനം എന്ന നിലയിൽ ലോകശ്രദ്ധ ആകർഷിക്കുകയുണ്ടായി.

കാലാനുസൃതമായ പരിഷ്ക്കരണ പ്രവർത്തനങ്ങൾ ജനകീയാസൂത്രണം കൂടുതൽ മികവുറ്റതാക്കി. ആദ്യകാലങ്ങളിൽ ആസൂത്രണ പ്രവർത്തനങ്ങൾക്ക് ഒമ്പത് മാസക്കാലവും നിർവ്വഹണ പ്രവർത്തനങ്ങൾക്ക് മൂന്ന് മാസക്കാലവും ആയിരുന്നെങ്കിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയോടെ സാമ്പത്തിക വർഷാരംഭത്തിന് മുമ്പ് പദ്ധതി അംഗീകാരം പൂർത്തിയാക്കുന്ന നിലവന്നു. 2016 ൽ അധികാരത്തിൽ വന്ന പുതിയ ഗവൺമെന്റ് ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് പകർന്നു. നവ കേരള സൃഷ്ടിയുടെ ഭാഗമായി ആവിഷ്ക്കരിക്കപ്പെട്ട ഹരിത കേരളം, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് എന്നീ മിഷനുകളോടും ജില്ലാ പദ്ധതിയോടും ചേർന്ന് നിന്നുകൊണ്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാലിക വികസന പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനും ഫലപ്രദമായി പരിഹരിക്കുന്നതിനും സഹായകരമായി. കഴിഞ്ഞ കാലയളവുകളിൽ കേരള സംസ്ഥാനം അഭിമുഖീകരിക്കേണ്ടി വന്ന പ്രശ്നങ്ങൾ അനവധിയാണ്. നിപ്പാ വൈറസിനേയും കോവിഡ് മഹാമാരിയേയും ഫലപ്രദമായി പ്രതിരോധിക്കാൻ കഴിഞ്ഞു. വെള്ളപ്പൊക്കവും കാലാവസ്ഥ വ്യതിയാനവും കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. ആയതിനെയെല്ലാം അതിജീവിക്കാൻ സാധിച്ചത് അധികാര വികേന്ദ്രീകരണ പ്രക്യയയിലൂടെ നാം ആർജ്ജിച്ച അനുഭവവും പരിചയവും കൊണ്ട് മാത്രമാണ്.

മണ്ണും ജലവും പ്രകൃതി വിഭവങ്ങളും കൃഷിയും സംരക്ഷിച്ചുകൊണ്ട് പ്രകൃതിയുമായി ഇണങ്ങി പാരിസ്ഥിതിക - ആവാസ വ്യവസ്ഥകൾ സന്തുലിതമായി നിലനിർത്തുന്നതിന് ഉതകുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുക എന്നതാണ് സമഗ്ര വികസനത്തിന് ആധാരമായിട്ടുള്ളത്. ജലസംരക്ഷണ പ്രവർത്തനങ്ങൾക്കും മാലിന്യ നിർമ്മാർജ്ജനത്തിനും ഊന്നൽ നൽകുന്നു. തെളിനീരൊഴുകും നവകേരളം, വാതിൽപ്പടി സേവനം, അതിദരിദ്രരെ കണ്ടെത്തലും അതി ദാരിദ്ര്യത്തിൽ നിന്നുള്ള മോചനവും, പൊതുജനാരോഗ്യം, പൊതു വിദ്യാഭ്യാസം, സമഗ്ര സാമൂഹ്യ സുരക്ഷാ സംവിധാനം, എന്റെ ജോലി എന്റെ അഭിമാനം എന്നിവയെല്ലാം സ്ഥായിയായ വികസനത്തിലേയ്ക്കു എത്തുവാനുള്ള നാഴിക കല്ലുകളാണ്. പാർശ്വവല്ക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലേയ്ക്കു കൊണ്ടു വരുക, ലിംഗ നീതി സമത്വം എന്നിവയും പ്രാധാന്യം അർഹിക്കുന്നവയാണ്.

നവ കേരളത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ള ഈ കാലഘട്ടത്തിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മിഷനുകളുമായി യോജിച്ച് നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയും, പ്രകൃതി വിഭവങ്ങളും സാമൂഹ്യ സാമ്പത്തിക സ്ഥിതിയും മറ്റും പരിഗണിച്ചുകൊണ്ടുള്ള തുല്യ നീതിയിലധിഷ്ഠിതമായ വികസനമാണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ 25 വർഷക്കാലത്തെ കിഴുവിലം ഗ്രാമപഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളെയാകെ സൂക്ഷ്മമായി പരിശോധിച്ച് പോരായ്മകൾ പരിഹരിച്ചും നേട്ടങ്ങളെയാകെ സംരക്ഷിച്ചും മുന്നോട്ടുകൊണ്ടു പോകുന്ന വികസന രീതി ശാസ്ത്രമാണ് അവലംബിക്കുന്നത്.

പതിനാലാം പഞ്ചവത്സര പദ്ധതികാലത്ത് നമുക്ക് ലഭ്യമാകുന്ന മുഴുവൻ വിഭവങ്ങളേയും ജനകീയമായും സുതാര്യമായും അഴിമതിരഹിതമായും ഫലപ്രദമായി വിനിയോഗിച്ച് സമഗ്രവും സംയോജിതവുമായ വികസന പ്രവർത്തനങ്ങൾ സാർത്ഥകമാക്കുകയാണ് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ ലക്ഷ്യം. വിശാലവും ദീർഘവുമായ വികസന രീതിയും അതിന് ഉതകുന്ന രീതി ശാസ്ത്രവും പൂർണ്ണ ലക്ഷ്യപ്രാപ്തികൾക്കുള്ള പ്രവർത്തനവും നമുക്ക് സ്വീകരിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന പദ്ധതികാലത്തെ വികസന രേഖ സമ്പൂർണ്ണമാക്കുന്നതിനും, ജനാഭിലാഷങ്ങൾ സാക്ഷാത്കരിക്കപ്പെടുന്ന രൂപീകരണത്തിനും സഹായകമാകുന്ന നിർദ്ദേശങ്ങളും പിന്തുണയും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ആർ. മനോന്മണി**
പ്രസിഡന്റ്
കിഴുവിലം ഗ്രാമപഞ്ചായത്ത്

## 2021-2026 കിഴുവിലം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



**മനോന്മണി**
പ്രസിഡന്റ്



**അഡ്വ. ആർ ശ്രീകണ്ഠൻ നായർ**
വൈസ് പ്രസിഡന്റ്



**സുലഭ എസ്**
ചെയർപേഴ്സൺ,
വികസന സ്റ്റാന്റിംഗ് കമ്മിറ്റി



**ജി ഗോപകുമാർ**
ചെയർമാൻ,
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



**നവിനിത എസ്**
ചെയർപേഴ്സൺ,
ആരോഗ്യ &
വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി



**ആശ**
വാർഡ് -1



**ജയന്തികൃഷ്ണ**
വാർഡ് -4



**പ്രസന്ന**
വാർഡ് -5



**അനീഷ് . ജി . ജി**
വാർഡ് -6



**ആർ. വത്സലകുമാരി**
വാർഡ് -7



**എൻ. രഘു**
വാർഡ് -10



**കടയറ ജയചന്ദ്രൻ**
വാർഡ് -11



**സൈജ നാസർ**
വാർഡ് -12



**പി. പവനചന്ദ്രൻ**
വാർഡ് -13



**ആർ. രജിത**
വാർഡ് -14



**സലീന റഫീഖ്**
വാർഡ് -15



**അനീഷ് . പി**
വാർഡ് -16



**റ്റി. സുനിൽ**
വാർഡ് -18



**സാബു**
വാർഡ് -19



**അനന്തകൃഷ്ണൻ നായർ. ജെ**
വാർഡ് -20



**സ്റ്റാർലി . ഒ. എസ്**
ഗ്രാമപഞ്ചായത്ത് സെക്രട്ടറി

# ഉള്ളടക്കം


| | | | |
|---|---|---|---|
| അദ്ധ്യായം 1 | - | ആമുഖം | 1 |
| അദ്ധ്യായം 2 | - | പ്രകൃതി ദുരന്തങ്ങളും അതിജീവനവും | 15 |
| അദ്ധ്യായം 3 | - | വികസന നയവും തന്ത്രവും | 43 |
| അദ്ധ്യായം 4 | - | വിഭവ സമാഹരണം | 50 |
| അദ്ധ്യായം 5 | - | വികസന മേഖല | 51 |
| അദ്ധ്യായം 6 | - | പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ | 187 |

# അദ്ധ്യായം 1
# ആമുഖം

## ഭരണസമിതി അംഗങ്ങൾ

| ക്രമ നം. | പേര് | പദവി | ഫോൺ നമ്പർ |
|---|---|---|---|
| 1 | ആർ. മനോന്മണി | പ്രസിഡന്റ് | 8089251426 |
| 2 | അഡ്വ. ആർ. ശ്രീകണ്ഠൻ നായർ | വൈസ് പ്രസിഡന്റ് | 9447583993 |
| 3 | സുലഭ. എസ് | ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 9605562077 |
| 4 | ജി. ഗോപകുമാർ | ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 9526284931 |
| 5 | വിനിത. എസ് | ചെയർപേഴ്സൺ, ആരോഗ്യ & വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 9746271023 |
| 6 | ആശ | അംഗം, വാർഡ് - 1 | 9745190263 |
| 7 | ജയന്തികൃഷ്ണ | അംഗം, വാർഡ് - 4 | 9846631916 |
| 8 | പ്രസന്ന | അംഗം, വാർഡ് - 5 | 8129407341 |
| 9 | അനീഷ്. ജി. ജി | അംഗം, വാർഡ് - 6 | 9526241260 |
| 10 | ആർ. വത്സലകുമാരി | അംഗം, വാർഡ് - 7 | 9495829329 |
| 11 | എൻ. രഘു | അംഗം, വാർഡ് - 10 | 9656350232 |
| 12 | കടയറ ജയചന്ദ്രൻ | അംഗം, വാർഡ് - 11 | 8547864707 |
| 13 | സൈജ നാസർ | അംഗം, വാർഡ് - 12 | 8136980790 |
| 14 | പി. പവനചന്ദ്രൻ | അംഗം, വാർഡ് - 13 | 9895196118 |
| 15 | ആർ. രജിത | അംഗം, വാർഡ് - 14 | 9539883217 |
| 16 | സലീന റഫീഖ് | അംഗം, വാർഡ് - 15 | 9656288795 |
| 17 | അനീഷ്. പി | അംഗം, വാർഡ് - 16 | 9567517299 |
| 18 | റ്റി. സുനിൽ | അംഗം, വാർഡ് - 18 | 9846589488 |
| 19 | സാബു | അംഗം, വാർഡ് - 19 | 8129946255 |
| 20 | അനന്തകൃഷ്ണൻ നായർ. ജെ | അംഗം, വാർഡ് - 20 | 8137895016 |

# ആസൂത്രണ സമിതി അംഗങ്ങൾ

| ക്രമ നമ്പർ | പേര് | മേൽ വിലാസം | ഫോൺ നമ്പർ | ആസൂത്രണ സമിതി സ്ഥാനം |
|---|---|---|---|---|
| 1 | മനോന്മണി. ആർ | കിഴക്കേടത്ത് വീട്, കൂന്തള്ളൂർ, ചിറയിൻകീഴ്. പി.ഒ | 8089251426 | അദ്ധ്യക്ഷ |
| 2 | ജി വേണുഗോപാലൻ നായർ | ആര്യാഭവൻ കൂന്തള്ളൂർ, ചിറയിൻകീഴ്. പി.ഒ | 9847183638 | ഉപാദ്ധ്യക്ഷൻ |
| 3 | അഡ്വ.ആർ. ശ്രീകണ്ഠൻ നായർ | പണയിൽ പുത്തൻ വീട്, അണ്ടൂർ , കുറക്കട. പി.ഒ | 9447583993<br>8547303993 | അംഗം |
| 4 | സുലഭ. എസ് | സുലഭ ഭവൻ, പറയത്തുകോണം. പി.ഒ | 9605562077 | അംഗം |
| 5 | ജി. ഗോപകുമാർ | വാഴവിള വീട്, പുരവൂർ, ചിറയിൻകീഴ് | 9526284931 | അംഗം |
| 6 | വിനിത. എസ് | | 9746271023 | അംഗം |
| 7 | എൻ. വിശ്വനാഥൻ നായർ | ശിശിരം, മുടപുരം | 9446559888 | അംഗം |
| 8 | ജെ. ശശി | പുത്തൻ വീട്, കൂന്തള്ളൂർ | | അംഗം |
| 9 | എസ്. ചന്ദ്രൻ | തെറ്റിവിള വീട്, മുടപുരം | 9847343818 | അംഗം |
| 10 | അനിൽ കുമാർ. എസ് | പാലകുന്ന് വീട്, കൂന്തള്ളൂർ | 9447765648 | അംഗം |
| 11 | മനോജ്. ബി. ഇടമന | മാസ് വില്ല, അണ്ടൂർ, കുറക്കട | 9495549442 | അംഗം |
| 12 | അൻവർഷാ | ചെത്താന്റെ വിള വീട്, കാട്ടുമുറാക്കൽ | 7907710043 | അംഗം |
| 13 | ആർ. കെ. ബാബു | ഗോകുലം, എസ് എൻ ജംഗ്ഷൻ | 8547246261 | അംഗം |
| 14 | വി. എസ്. വിജുകുമാർ | ചിറയിൽ വീട് കൂന്തള്ളൂർ | 8921048300 | അംഗം |
| 15 | എൻ. എസ്. അനിൽ | അക്കരവിള വീട്, മുടപുരം | 9497154562 | അംഗം |
| 16 | എസ്. ബാലാനന്ദൻ | ശിവകൃപ, മാമം | 8547643732 | അംഗം |
| 17 | ഹരീഷ്. എസ്. ദാസ് | | 9946718607 | അംഗം |

# വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരം

| നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ചെയർമാൻ/ ചെയർപേഴ്സൺ | കൺവീനർ | വൈസ് ചെയർമാൻ |
|---|---|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും (കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ, മുതലായവ) | അനീഷ്. പി | സെക്രട്ടറി, കിഴുവിലം ഗ്രാമപഞ്ചായത്ത് | |
| 2 | കൃഷി (ഉൽപ്പന്ന സംഭരണവും, സംസ്ക്കരണവും, വിപണനവും ഉൾപ്പെടെ) മത്സ്യ ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം മുതലായവ | എൻ. രഘു | കൃഷി ഓഫീസർ | |
| 3 | മൃഗസംരക്ഷണവും ക്ഷീര വികസനവും | ആർ. വത്സലകുമാരി | വെറ്റിനറി സർജൻ | |
| 4 | പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം, സൂക്ഷ്മതല സംരംഭങ്ങൾ ഉൾപ്പെടെ) സഹകരണം മുതലായവ | റ്റി. സുനിൽ | (വി.ഇ.ഒ) | |
| 5 | പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) | സുലഭ. എസ് | അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി | |
| 6 | ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ) | പി. പവനചന്ദ്രൻ | ആശാരാജ്. വി.ആർ | |
| 7 | സാമൂഹ്യ നീതി (ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ട്രാൻസ്ജൻഡേഴ്സ് മുതലായവ) | അനീഷ്. പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| 8 | വനിതാ വികസനം | ജയന്തികൃഷ്ണ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| 9 | പട്ടികജാതി വികസനം | പ്രസന്ന | അസിസ്റ്റന്റ് സെക്രട്ടറി | |
| 10 | ആരോഗ്യം | അനന്തകൃഷ്ണൻ നായർ. ജെ | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവ്വേദം | |
| 11 | കുടിവെള്ളം ശുചിത്വം മുതലായവ | ആശ | അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി | |
| 12 | വിദ്യാഭ്യാസം, കല, സംസ്കാരം, യുവജനകാര്യം | കടയറ ജയചന്ദ്രൻ | എച്ച്. എം. കിഴുവിലം യു.പി.എസ് | |
| 13 | ജൈവ വൈവിധ്യമാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം | ആർ. മനോന്മണി, പ്രസിഡന്റ്, കിഴുവിലം | സെക്രട്ടറി, കിഴുവിലം ഗ്രാമപഞ്ചായത്ത് | |

# നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ

| നമ്പർ | തസ്തിക | പേര് |
|---|---|---|
| 1 | സെക്രട്ടറി | ഒ. എസ്. സ്റ്റാർലി |
| 2 | അസി.സെക്രട്ടറി | രവീന്ദ്രൻ പിള്ള |
| 3 | കൃഷിഓഫീസർ | ഹാറൂൺ.ഐ |
| 4 | വെറ്റിനറി സർജൻ | സി.ജെ. ജിജിഭായ് |
| 5 | വി ഇ ഒ 1 | ആശരാജ് |
| 6 | വി ഇ ഒ 2 | ആതിര |
| 7 | അസി. എഞ്ചിനീയർ | ജയലക്ഷ്മി .ആർ |
| 8 | ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീജ കുമാരി. കെ |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | പ്രഭുലാൽ |
| 10 | ഹെഡ്മാസ്റ്റർ | ഷീബ. എസ് |
| 11 | മെഡിക്കൽ ഓഫീസർ, പി എച്ച് സി | ഡോ: ദീപാരവി |
| 12 | മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ: രമ്യ |
| 13 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ: ജാക്വിലിൻ |

# കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ പൊതുവിവരങ്ങൾ

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലുക്കിൽ ചിറയിൻകീഴ് ബ്ലോക്ക് പരിധിയിൽ സ്ഥിതിചെയ്യുന്ന കിഴുവിലം ഗ്രാമപഞ്ചായത്ത് 1951 ലാണ് രൂപീകരിക്കപ്പെട്ടത്.

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | - | കിഴുവിലം ഗ്രാമപഞ്ചായത്ത് |
| വിസ്തീർണ്ണം | - | 14.74 ച. കി. മീ |
| പാർലമെന്റ് മണ്ഡലം | - | ആറ്റിങ്ങൽ |
| അസംബ്ലി മണ്ഡലം | - | ചിറയിൻകീഴ് |
| വില്ലേജുകൾ | - | കിഴുവിലം, കൂന്തള്ളൂർ, ആറ്റിങ്ങൽ(ഭാഗികം) |
| താലൂക്ക് | - | ചിറയിൻകീഴ് |
| ജില്ല | - | തിരുവനന്തപുരം |
| ബ്ലോക്ക് | - | ചിറയിൻകീഴ് |
| അതിരുകൾ | - | വടക്ക് : ആറ്റിങ്ങൽ മുനിസിപ്പാലിറ്റി<br>തെക്ക് : മാമം ആറിന്റെ കൈവഴി<br>മംഗലപുരം, ആഴൂർ ഗ്രാമപഞ്ചായത്തുകൾ<br>കിഴക്ക് : മുദാക്കൽ ഗ്രാമപഞ്ചായത്ത്<br>പടിഞ്ഞാറ് : ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് |

| ജനസംഖ്യ (2011 കനേഷുമാരി പ്രകാരം) | | |
|---|---|---|
| സ്ത്രീ | പുരുഷൻ | ആകെ |
| 16862 | 13908 | 30770 |
| പട്ടികജാതി | | |
| സ്ത്രീ | പുരുഷൻ | ആകെ |
| 3281 | 2743 | 6024 |
| സാക്ഷരത | | |
| സ്ത്രീ | പുരുഷൻ | ആകെ |
| 13831 | 11797 | 25628 |

2011 - ൽ നടത്തിയ കാനേഷുമാരിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ മാത്രമാണ് ഔദ്യോഗമായി നിലവിലുള്ളത്. പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പഞ്ചായത്ത് തല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| **കുടുംബങ്ങളുടെ എണ്ണം** | - | **7649** |
| **ജനസംഖ്യ** | - | **30770** |
| ***പുരുഷൻമാർ*** | - | **13908** |
| ***സ്ത്രീകൾ*** | - | **16862** |
| **6 വയസ്സിനു താഴെ പ്രായമുള്ളവർ** | - | **3131** |
| ***ആൺകുട്ടികൾ*** | - | **1563** |
| ***പെൺകുട്ടികൾ*** | - | **1568** |
| **പട്ടികജാതി ജനസംഖ്യ ആകെ** | - | **6024** |
| ***പുരുഷൻമാർ*** | - | **2743** |
| ***സ്ത്രീകൾ*** | - | **3281** |
| **പട്ടികവർഗ്ഗ ജനസംഖ്യ ആകെ** | - | **25** |
| ***പുരുഷൻമാർ*** | - | **11** |
| ***സ്ത്രീകൾ*** | - | **14** |
| **സാക്ഷരത ആകെ** | - | **25628** |
| ***പുരുഷൻമാർ*** | - | **11797** |
| ***സ്ത്രീകൾ*** | - | **13831** |
| **നിരക്ഷരർ ആകെ** | - | **5142** |
| ***പുരുഷൻമാർ*** | - | **2111** |
| ***സ്ത്രീകൾ*** | - | **3031** |
| **ആകെ തൊഴിലെടുക്കുന്നവർ** | - | **11222** |
| ***പുരുഷൻമാർ*** | - | **7303** |
| ***സ്ത്രീകൾ*** | - | **3919** |
| **മുഖ്യകൃഷിക്കാർ** | - | **208** |
| ***പുരുഷൻമാർ*** | - | **168** |
| ***സ്ത്രീകൾ*** | - | **40** |
| **ആകെ കർഷക തൊഴിലാളികൾ** | - | **453** |
| ***പുരുഷൻമാർ*** | - | **338** |
| ***സ്ത്രീകൾ*** | - | **115** |
| **കുടിൽ വ്യവസായ തൊഴിലാളികൾ** | - | **112** |
| ***പുരുഷൻമാർ*** | - | **82** |
| ***സ്ത്രീകൾ*** | - | **30** |
| **മറ്റ് തൊഴിലാളികൾ** | - | **6773** |
| ***പുരുഷൻമാർ*** | - | **4986** |
| ***സ്ത്രീകൾ*** | - | **1787** |
| **മാർജിനൽ തൊഴിലാളികൾ** | - | **96** |
| ***പുരുഷൻമാർ*** | - | **61** |
| ***സ്ത്രീകൾ*** | - | **35** |
| **തൊഴിലെടുക്കാത്തവർ** | - | **19548** |
| ***പുരുഷൻമാർ*** | - | **6605** |
| ***സ്ത്രീകൾ*** | - | **12943** |

## ഭൂപ്രകൃതി, പാരിസ്ഥിതിക സവിശേഷതകൾ, മനുഷ്യ - പ്രകൃതി വിഭവങ്ങൾ

കുന്നുകളും താഴ്വരകളും ചേർന്ന കിഴക്കൻ പ്രദേശവും സമതലമായി കിടക്കുന്ന മധ്യഭാഗവും ഇവയൊക്കെ ഇടകലർന്നുള്ള ഭൂപ്രകൃതിയാണ് പടിഞ്ഞാറു ഭാഗത്തു കാണപ്പെടുന്നത്. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലെ കുന്നുകളിൽ ആരംഭിക്കുന്ന ഭൂപ്രകൃതി പടിഞ്ഞാറു പഞ്ചായത്ത് അതിർത്തിയോടടുക്കുമ്പോൾ സമുദ്രനിരപ്പിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. അണ്ടൂർ, നൈനാംകോണം, പാലമല എന്നീ പ്രദേശങ്ങളാണ് കിഴുവിലം ഗ്രാമപഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങൾ. ചരൽ മണ്ണ്, ചെമ്മണ്ണ്, ചെങ്കല്ല്, ചെളിമണ്ണ്, തുടങ്ങിയതരം മണ്ണാണ് പഞ്ചായത്ത് പ്രദേശത്ത് പൊതുവെ കാണപ്പെടുന്നത്. ഉയർന്ന പ്രദേശങ്ങളിൽ ചരൽ കലർന്ന മണ്ണും, നിരപ്പായ പ്രദേശങ്ങളിൽ വളക്കൂറുള്ള മണൽ കലർന്ന മണ്ണും, പുഴയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ഫലഭൂയിഷ്ഠമായ എക്കൽ കലർന്ന മണൽ മണ്ണുമാണ് ഉള്ളത്. തെക്കൻ ഇടനാട് കാർഷിക കാലാവസ്ഥ മേഖലയിലുൾപ്പെടുന്ന ഈ പ്രദേശത്ത് കേരളത്തിലെ മറ്റ് മേഖലകളിൽ ലഭിക്കുന്ന ശരാശരി മഴ ലഭിക്കുന്നുണ്ട്. 2950 മില്ലിമീറ്റർ മഴയാണ് ശരാശരി വാർഷിക മഴ ലഭ്യത.

പഞ്ചായത്തിലെ ഭൂപ്രദേശത്തെ മുഖ്യകൃഷി തെങ്ങും നെൽ കൃഷിയുമാണ്. കുറച്ച് ഭാഗങ്ങളിൽ റബ്ബർ കൃഷിയും ചെയ്യുന്നുണ്ട്. കർഷകരിൽ ഭൂരിഭാഗവും ചെറുകിടക്കാരായതിനാൽ വരുമാന വർദ്ധനവിനായി മറ്റ് തൊഴിൽ മേഖലകളെകൂടി ആശ്രയിക്കുന്നു. ഒരു കാലത്ത് വിസ്തൃതമായ നെൽപ്പാടങ്ങളാൽ സമ്പന്നമായിരുന്ന പഞ്ചായത്തിലെ നെൽപ്പാടങ്ങൾ പലതും നിർമ്മിതികൾക്കും മറ്റു വിളകൾക്കും വേണ്ടി രൂപമാറ്റം ചെയ്യപ്പെട്ടതിനാൽ നെൽ കൃഷിയുടെ അളവ് കുറവായിട്ടുണ്ടെങ്കിലും സമഗ്ര ഇടപെടലിന്റെയും ആസൂത്രണത്തിന്റെയും ഫലമായി തരിശുവയൽ കൃഷിയ്ക്ക് ഉപയുക്തമാക്കി ഇന്ന് ഏകദേശം 75 ഹെക്ടറിൽ കൂടുതൽ സ്ഥലത്ത് നെൽ കൃഷി ചെയ്തുവരുന്നു. തലസ്ഥാന ജില്ലയുടെ നെല്ലറ എന്ന പദവിയിലേയ്ക്ക് ഇപ്പോൾ കിഴുവിലം മാറിയിട്ടുണ്ട്. എങ്കിലും ഇനിയും തരിശുനിലത്തിൽ കൃഷി ഇറക്കി നെല്ലുല്പാദനം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

## സാമൂഹിക - സാമ്പത്തിക അവസ്ഥ

ഹിന്ദുക്കളും, മുസ്ലീങ്ങളും ഇടകലർന്ന് കഴിയുന്ന പ്രദേശമാണ് കിഴുവിലം ഗ്രാമപഞ്ചായത്ത്. അപൂർവ്വം ചില ക്രിസ്ത്യൻ മതവിശ്വാസികളുമുണ്ട്. മഹാദേവർ ക്ഷേത്രം, തെങ്ങുംവിള, തെന്നൂർകോണം, കുരിശ്ശിയോട് തുടങ്ങിയ ക്ഷേത്രങ്ങളും കാട്ടുമുറാക്കൽ മുസ്ലീം പള്ളിയുമാണ് പ്രധാന ആരാധനാക്ഷേത്രങ്ങൾ. ബുദ്ധവിഹാര കേന്ദ്രങ്ങളോട് സാമ്യമുള്ളതാണ് കുന്നിൻ മുകളിൽ സ്ഥിതി ചെയ്യുന്ന മഹാദേവർ ക്ഷേത്രം. ശാർക്കര ദേവീക്ഷേത്രവുമായി ബന്ധപ്പെട്ടുകിടക്കുന്നതാണ് തെങ്ങുംവിള ക്ഷേത്ര ചരിത്രം. ശിവനേയും കൃഷ്ണനേയും ഒരുമിച്ച് ആരാധിക്കുന്ന അപൂർവ്വം ക്ഷേത്രങ്ങളിൽ ഒന്നാണ് മുടപുരം ശിവകൃഷ്ണ ക്ഷേത്രം. ജലദുർഗ്ഗയെ പ്രതിഷ്ഠിച്ചിരിക്കുന്നു എന്ന സവിശേഷതയാണ് തെന്നൂർകോണം ക്ഷേത്രത്തിനുള്ളത്. കാട്ടുമുറാക്കൽ പള്ളി ഇൻഡോ - പേർഷ്യൻ, ഇൻഡോ തനത് നവീന ശില്പ മാതൃകയുടെ ശില്പ ഭംഗികൊണ്ട് പ്രശസ്തിയാർജ്ജിച്ചതാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തെ കബറടി ഹിന്ദു മുസ്ലീം മത സൗഹാർദ്ദത്തിന്റെ മൂർത്ത രൂപമായി കണക്കാക്കുന്നു. കാട്ടുമുറാക്കൽ കല്ലുപാലം, ഇടയ്ക്കോടിനേയും കിഴുവിലത്തേയും തമ്മിൽ വേർതിരിക്കുന്ന പഴയ രാജപാത തുടങ്ങിയ നൂറ്റാണ്ടുകൾ പഴക്കമുള്ള നിർമ്മിതികൾ കിഴുവിലത്തിന്റെ സാംസ്കാരിക ചരിത്രത്തിലെ നാഴികകല്ലുകളാണ്. രാജഭരണകാലത്ത് സ്ഥാപിച്ച ചുമട്താങ്ങികൾ വളരെയേറേ പ്രസിദ്ധമാണ്. സ്വാതന്ത്ര്യസമരം, അയിത്തോച്ചാടനം, സാസ്ക്കാരിക നവോത്ഥാന പ്രവർത്തനങ്ങൾ എന്നിവയുടെയൊക്കെ ആന്തോളനങ്ങൾ കിഴുവിലത്തിന്റെ ചരിത്ര ഏടുകളിൽ സ്ഥാനമുറപ്പിച്ചിട്ടുണ്ട്.

ജാതി മതഭേദമന്യേ യുവാക്കൾ ഒത്തുചേരുകയും ഗ്രന്ഥശാലകളും, വായനശാലകളും, ആർട്സ് ക്ലബ്ബുകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രൊഫസർ ജി.ശങ്കരപിള്ളയുടെ ഗ്രാമീണ കലാസമിതി ഇതിൽ എടുത്ത് പറയേണ്ട ഒന്നായിരുന്നു. വളരെ മുമ്പ്തന്നെ ഇത്തരത്തിൽ സ്ഥാപിക്കപ്പെട്ടവയാണ് കൂന്തള്ളൂരിലെ ദേശീയ ഗ്രന്ഥശാല, കൈരളി വായനശാല, പുരവൂരിലെ യുവജന സമാജം എന്നിവ. അഖിലലോക പ്രശസ്തനും മലയാള ചലച്ചിത്രവേദിയിലെ നിത്യഹരിത നായകനുമായ പത്മഭൂഷൺ പ്രേംനസീർ ചെയ്ത നിരവധി സാമൂഹ്യപ്രവർത്തനങ്ങൾ ഈ ഗ്രാമത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത എടുത്തുകാട്ടുന്നതാണ്.

കഴിഞ്ഞ അൻപത് വർഷങ്ങൾക്കു മുമ്പ് നാട്ടിൽ വിദ്യാഭ്യാസം സാർവത്രികവും, സർവ്വസാധാരണവുമാക്കിയ കിടാരക്കുഴി അഹമ്മദ്പിള്ള ലബ്ബ സ്ഥാപിച്ച കൊടിക്കകത്ത് മുസ്ലീം സ്കൂൾ ആണ് ഇന്ന് പഞ്ചായത്തിൽ തലയുയർത്തി നിൽക്കുന്ന പ്രേംനസീർ മെമ്മോറിയൽ ഗവ. ഹയർസെക്കന്ററി സ്കൂൾ ആയി മാറിയിട്ടുള്ളത്.

1952 ലാണ് ആദ്യ പഞ്ചായത്ത്കമ്മിറ്റി നിലവിൽ വന്നത്. ആദ്യ പഞ്ചായത്ത് പ്രസിഡന്റ് യശ:ശരീരനായ ഗോപാലൻ ശാസ്ത്രികളായിരുന്നു. പഞ്ചായത്തിലെ ജനസംഖ്യയിൽ 20 ശതമാനത്തോളം പട്ടികജാതിക്കാരാണ്. ഇവർ 23 സങ്കേതങ്ങളിലായി കഴിയുന്നു. പട്ടികജാതി സങ്കേതങ്ങളിലല്ലാതെ മറ്റു വിഭാഗങ്ങളുമായി ഇടകലർന്നു താമസിക്കുന്നവരും ധാരാളമുണ്ട്. കാർഷിക പ്രധാനമായ ഗ്രാമമാണ് കിഴുവിലം എന്നതിനാൽ മുഖ്യതൊഴിലെടുക്കുന്നവരിൽ ഭൂരിഭാഗവും കൃഷിയും അനുബന്ധമായ മേഖലകളിലുമാണ് പണിയെടുക്കുന്നത്. പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യവരുമാന മാർഗ്ഗങ്ങളിൽ ഒന്നായി പ്രവാസികൾ മാറിയിട്ടുണ്ട്. ശരാശരി 10 കുടുംബങ്ങളിൽ ഒരാളെങ്കിലും ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ ചെയ്തു വരുന്നതായി കാണുന്നുണ്ട്. ഗൾഫ് വരുമാനം പ്രധാനമായും നിർമ്മാണ മേഖലയിലാണ് നിക്ഷേപമായി മാറിയിട്ടുള്ളത്. കിഴുവിലം സർവ്വീസ് സഹകരണബാങ്ക്, ഫെഡറൽബാങ്ക്, എന്നിവയാണ് പഞ്ചായത്ത് പ്രദേശത്ത് തന്നെ പ്രവർത്തിക്കുന്ന പ്രധാന ധനകാര്യ സ്ഥാപനങ്ങൾ. പഞ്ചായത്തിനുള്ളിൽ വിവിധ ശാഖകൾ ആരംഭിച്ച് കൊണ്ട് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം വ്യാപകമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ വിവിധ വാർഡുകൾ സർവ്വീസ് ഏര്യാകളായി നിശ്ചയിച്ചുകൊണ്ട് സേവനം ലഭ്യമാക്കുന്ന വിവിധ ബാങ്കുകൾ പഞ്ചായത്തിന് പുറത്തും പ്രവർത്തിച്ചു വരുന്നുണ്ട്. കിഴുവിലം ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും അയൽസഭകൾ, വാർഡ് വികസന സമിതികൾ എന്നിവ രൂപികരിച്ചിട്ടുണ്ട്. എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു.

നമ്മെ എന്നും ഭയപ്പെടുത്തുന്ന കാലാവസ്ഥാ വ്യതിയാനവും പരിണിതഫലങ്ങളായ കൊടുംവരൾച്ച, മഴക്കെടുതി, പ്രളയദുരന്തം എന്നിവയും നൽകിയ അനുഭവങ്ങൾ കണക്കിലെടുത്ത് പരിസ്ഥിതി സംരക്ഷണത്തിനും ആഗോളതാപന നിയന്ത്രണത്തിനും ജൈവവൈവിദ്ധ്യ പരിപാലനത്തിനും പ്രത്യേകപരിഗണന നൽകേണ്ടതായിട്ടുണ്ട്. നമ്മുടെ ഗ്രാമത്തിൽ പ്രളയസാദ്ധ്യതയുള്ള താഴ്ന്ന പ്രദേശങ്ങൾ ഉള്ളതിനാൽ സമീപകാലത്തുണ്ടായിട്ടുള്ളതു പോലുള്ള ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ശാശ്വതമായ കർമ്മപരിപാടികൾ രൂപപ്പെടുത്തേണ്ടതുണ്ട്.

ആരോഗ്യമുള്ള ജനത ഏതൊരു നാടിന്റെയും സമ്പത്താണ്. നമ്മുടെ നാട്ടിലെ ജനങ്ങളുടെ ആരോഗ്യ സ്ഥിതി നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെ ലഘൂകരിക്കുന്നതിനും അപ്രതീക്ഷിതമായ പകർച്ചവ്യാധികളെ തടയുന്നതിനും കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പുത്തൻ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ഗവൺമെന്റ് രൂപം നൽകിയിട്ടുള്ള ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങളിൽ പങ്കാളിയായിക്കൊണ്ട് കാര്യക്ഷമമായ കർമ്മപദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നതും പരിഹാരസാധ്യതകൾക്ക് വിലങ്ങ് നേരിടുന്നതുമായ മുഖ്യപ്രശ്നമാണ് മാലിന്യം. മാലിന്യനിർമ്മാർജ്ജനത്തിന്റെ അഭാവം സമീപകാലത്ത് പുതിയരൂപത്തിലുള്ള പകർച്ചപ്പനികൾക്കും മറ്റ് രോഗങ്ങൾക്കും കാരണമായിത്തീരുന്നു. അവസരോചിതമായ ഇടപെടൽമൂലം നമ്മുടെ ഗ്രാമത്തിൽ പകർച്ചപ്പനി പടരുന്നതിനുള്ള സാധ്യതകളെ ശക്തമായി പ്രതിരോധിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. എലിപ്പനി, ഡെങ്കിപ്പനി മുതലായ രോഗങ്ങൾ മൂലം ഒരു മരണംപോലും നമ്മുടെ പ്രദേശത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നിരുന്നാലും മാലിന്യ നിർമ്മാർജ്ജനം വളരെ ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ട വിഷയമായി തീർന്നിട്ടുണ്ട്. പഞ്ചായത്ത് രൂപം നൽകിയ ഹരിതകർമ്മസേന മുഖേന വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻകേരള ഏജൻസിക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും ശാശ്വതമായ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ് എന്നീ മാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ട് ഉറവിടമാലിന്യ സംസ്കരണത്തിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

വിദ്യാഭ്യാസ മേഘലയിൽ ഒട്ടേറെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് എങ്കിലും വിജയശതമാനവും പഠിതാക്കളുടെ എണ്ണവും വർദ്ധിക്കുന്നു എന്നതല്ലാതെ ഗുണമേന്മയിലും കാര്യക്ഷമതയിലും മറ്റ് രാജ്യങ്ങളിലെ യുവ പ്രതിഭകളുമായി തുലനം നിൽക്കുന്നതിന് നമ്മുടെ വിദ്യാർത്ഥികൾക്കും യുവാക്കൾക്കും ഇന്നും കഴിയുന്നില്ല. അന്തർദേശീയ നിലവാരത്തിലേയ്ക്ക് വിദ്യാഭ്യാസ ഗുണമേന്മയും മികവും വർദ്ധിപ്പിക്കുന്നതിനായി പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പിന്തുണയോടെ മെച്ചപ്പെട്ട പദ്ധതികൾ ഇനിയും നടപ്പാക്കേണ്ടതായിട്ടുണ്ട്. ഹൈടെക് ക്ലാസ്മുറികളും, ഐ.എസ്.ഒ നിലവാരവും ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. വിദ്യാകിരണം പദ്ധതി കൂടുതൽ ശ്രദ്ധയോടെ നമ്മുടെ സ്കൂളുകളിൽ നടപ്പാക്കേണ്ടതുണ്ട്.

പതിമൂന്നാം പദ്ധതിയുടെ ആദ്യഘട്ടത്തിൽ നാം നേരിട്ട കൊടുംവരൾച്ചയുടെ തീക്ഷണത ഫലങ്ങൾ ഉൾക്കൊണ്ടുകൊണ്ട് എന്നും എപ്പോഴും ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾക്ക് രൂപം നൽകേണ്ടതുണ്ട്. കുടിവെള്ള ക്ഷാമം വരൾച്ചാ സമയങ്ങളിൽ ഏറ്റവും കൂടുതൽ ബാധിക്കുന്ന പ്രദേശമാണ് നമ്മുടേത്. കോളനികളിൽ ഇതിന്റെ അവസ്ഥ വളരെ രൂക്ഷമാണ്. ഗാർഹിക കുടിവെള്ള കണക്ഷൻ, കിണർ റീചാർജ്ജിംഗ്, കിണർ നിർമ്മാണം, കിണർ മെയിന്റനൻസ് എന്നീ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട് എങ്കിലും വരൾച്ചാ സമയത്തെ ജലക്ഷാമത്തെ പൂർണ്ണമായും നേരിടുന്നതിന് കഴിഞ്ഞിട്ടില്ല. ആവശ്യത്തിലധികം മഴ ലഭ്യമാകുന്ന നമ്മുടെ നാട്ടിൽ മഴവെള്ളത്തെ മണ്ണിൽ ഊർന്നിറങ്ങുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കിയും റീചാർജ്ജിംഗ് മാതൃകയിൽ കിണറിലേയ്ക്ക് വെള്ളം താഴ്ത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കൊണ്ടും ജലത്തിന്റെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിന് ജലസാക്ഷരത പ്രാവർത്തികമാക്കിയും ജലക്ഷാമത്തെ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ജല ജീവൻ പദ്ധതി അനുസരിച്ച് പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ഗാർഹിക കണക്ഷൻ നല്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

നമുക്ക് ആവശ്യമായ പാൽ, മുട്ട, മാംസം എന്നിവയുടെ കാര്യത്തിൽ നാളിതുവരെ സ്വയംപര്യാപ്തത നേടിയിട്ടില്ല. ഇവയ്ക്ക് അന്യസംസ്ഥാനങ്ങളെ പൂർണ്ണമായും ആശ്രയിച്ചിരുന്ന നമ്മുടെ മുൻവർഷങ്ങളിലെ പദ്ധതിപ്രവർത്തനങ്ങളുടെ ഫലമായി നല്ലൊരളവിൽ ഇവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ക്ഷീരവികസന മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെയും, കോഴി വളർത്തൽ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഫലമായി നമുക്ക് ആവശ്യമായ പാൽ, മുട്ട, മാംസം എന്നിവയ്ക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സാധ്യമാകുന്നതാണ്. ക്ഷീരഗ്രാമം എന്ന പേരിൽ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കാനും പാലുല്പാദനം വർദ്ധിപ്പിക്കാനും ഒരു സംയോജിത പദ്ധതി വരും വർഷത്തിൽ ലക്ഷ്യമിടുന്നു.

പതിനൊന്നാം പദ്ധവത്സരപദ്ധതിയുടെ മുഖ്യസവിശേഷതയായിരുന്നു ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി. അതിന്റെ അടിസ്ഥാനതിൽ പതിനൊന്നും പന്ത്രണ്ടും പതിമൂന്നും പഞ്ചവത്സരപദ്ധതികളിൽ നിരവധി ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾ പഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ദാരിദ്ര്യമില്ലാത്ത അവസ്ഥയ്ക്ക് മോചനം ഉണ്ടായിട്ടില്ല. ദാരിദ്ര്യമെന്നത് വ്യക്തമായി നിർവ്വചിക്കപ്പെട്ടിട്ടുള്ള ഒരു പദമമെങ്കിലും ചില സൂചകഘടകങ്ങളുടെ സഹായത്തോടെ വിശദമാക്കുമ്പോൾ അത് ഉത്കണ്ഠ ഉണ്ടാക്കുന്നതാണ്. പലതരത്തിലുള്ള ഇല്ലായ്മകളുടെയും വല്ലായ്മയുടെയും സമ്മിശ്രരൂപമാണ് ദാരിദ്ര്യം. ഭക്ഷണം, വസ്ത്രം, പാർപ്പിടം, കുടിവെള്ളം, ആരോഗ്യം, ശുചിത്വം ഇവയുടെയെല്ലാം ഇല്ലായ്മകൾ ദാരിദ്ര്യ സൂചികയിലേയ്ക്കാണ് നയിക്കുന്നത്. സമൂഹത്തിന്റെ പലതട്ടുകളിലായി വിഭജിക്കപ്പെട്ടുകിടക്കുന്ന ദാരിദ്ര്യമെന്ന പ്രതിഭാസത്തെ ഉൻമൂലനം ചെയ്യുക എന്നത് വളരെ അനിവാര്യമാണ്. ദാരിദ്ര്യവും തൊഴിലില്ലായ്മയും വളരെയധികം അനുഭവപ്പെടുന്ന ഒരു ഗ്രാമപഞ്ചായത്താണ് നമ്മുടേത്. ബഹുഭൂരിപക്ഷം ജനങ്ങളും നിത്യവൃത്തിക്കുപോലും സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ഒരവസ്ഥയാണ് നിലവിലുള്ളത്. കാർഷിക മേഖലയെ മാത്രം ആശ്രയിച്ചുകഴിഞ്ഞിരുന്ന ഇന്നാട്ടിലെ ജനങ്ങൾക്ക് ആ മേഖലയിൽ തൊഴിൽ സാധ്യത ഗണ്യമായി കുറഞ്ഞു. ഇന്ന് ഏക ആശ്രയം ദേശീയ തൊഴിലുറപ്പ് പദ്ധതിയാണ്. ഈ മേഖലയിലും സ്ഥിരമായ വരുമാനമോ സ്ഥായിയായ വരവോ ഉണ്ടാകുന്നില്ല. ദാരിദ്ര്യത്തിന്റെ തീക്ഷ്ണത ഏറ്റവുമധികം അനുഭവപ്പെടുന്നത് സ്ത്രീജനങ്ങൾക്കിടയിലാണെന്നതിനാൽ സ്ത്രീകളുടെ ഉന്നമനത്തിനായി രൂപം നൽകിയിട്ടുള്ള കുടുംബശ്രീ സംവിധാനത്തിന്റെ സാധ്യതകളെക്കൂടി പ്രയോജനപ്പെടുത്തി തൊഴിലില്ലായ്മ പരിഹരിച്ചുകൊണ്ട് സ്ഥിരമായ വരുമാന മാർഗ്ഗം ലഭ്യമാക്കി തൊഴിൽ മേഖലകളുടെ വികസന സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തി ദാരിദ്ര്യനിർമ്മാർജ്ജനത്തിന് ഉതകുന്ന പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന 'അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യൽ' എന്ന പദ്ധതി പൂർണ്ണമായും അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഉതകുന്നതാണ്.

ചരിത്രപരമായി എന്നും പീഡിപ്പിക്കപ്പെട്ടിരുന്ന പട്ടികജാതി ജനവിഭാഗത്തെ അയിത്തോച്ചാടന പ്രസ്ഥാനവും സാമൂഹിക നവോത്ഥാനത്തിന് വേണ്ടി നിലകൊണ്ട ശ്രീനാരായണ ഗുരുദേവനെപ്പോലെയുള്ള മഹാപ്രതിഭകളുടെ പ്രവർത്തനങ്ങളും കേരളത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ശ്രമിച്ചു. രാജ്യത്ത് നിലവിലുള്ള നിയമം മൂലം പൗരവാകശാങ്ങൾക്ക് തുല്യതവന്നിട്ടുണ്ട് എങ്കിലും ഇന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സ്ഥിതി വളരെ ശോചനീയമാണ്. പരമ്പരാഗത തൊഴിൽ മേഖലകളായിരുന്നു ഇന്നെലകളിൽ അവരുടെ ആശ്രയം. എന്നാൽ ഇന്ന് ആധുനിക വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ സമസ്തമണ്ഡലങ്ങളിലും കടന്നുവരാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട് എങ്കിലും വലിയൊരു വിഭാഗം സാമൂഹികമായും സാമ്പത്തികമായും പിന്നിലാണ്. ഒരു കൂരയിൽ ഒന്നിലധികം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഗാർഹിക ചുറ്റുപ്പാടാണ് മിക്ക പട്ടികജാതി കുടുംബങ്ങളിലുമുള്ളത്. കോളനികളിൽ നിലനിൽക്കുന്ന ഇത്തരം സാഹചര്യങ്ങളിൽ വളർന്നുവരുന്ന പട്ടികജാതി തലമുറയ്ക്ക് സമൂഹത്തിലെ ഇതര ജനവിഭാഗങ്ങളുമായി സന്തുലിതാവസ്ഥ പ്രാപിക്കുവാൻ കഴിയുന്നില്ല. സാഹചര്യങ്ങൾ മൂലം മോശമായ ചുറ്റുപാടുകളിലേയ്ക്ക് അവർ എത്തിച്ചേരുന്നു. ഈ സാഹചര്യം മുതലെടുത്തുകൊണ്ടാണ് ചില ജാതി-മത-വർഗ്ഗീയ സംഘടനകൾ കോളനിപ്രദേശങ്ങളിൽ
കടന്നുകയറുന്നതും വിഭാഗീയ ചിന്താഗതി ഉയർത്തുന്നതും. ഈ അവസ്ഥ പൂർണ്ണമായും മാറേണ്ടതുണ്ട്. സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയും, ദാരിദ്ര്യവും സാമൂഹിക പുരോഗതിക്ക് തടസ്സം നിൽക്കുന്ന ആചാര രീതികളും ഉന്നതവിദ്യാഭ്യാസത്തിനുള്ള പ്രതിബന്ധം സൃഷ്ടിക്കുന്നു. അഭ്യസ്ഥവിദ്യരിൽ തന്നെ തൊഴിലിനുള്ള അവസരവും ലഭ്യമാകുന്നില്ല. മറ്റ് പ്രദേശങ്ങളിൽ നിന്ന് വേർപ്പെട്ടുനിൽക്കുന്ന ഇവർക്ക് സാമൂഹികമായ ഒറ്റപ്പെടൽ ഉണ്ടാകുന്നു. ഈ അവസ്ഥ മാറ്റപ്പെടേണ്ടതാണ്. ഈ ഗ്രാമപഞ്ചായത്തിലെ ഓരോ പട്ടികജാതി കുടുംബത്തേയും ഒരു കേന്ദ്രീകൃത സമീപന രീതിയിൽ ഉൾക്കൊണ്ടുകൊണ്ട് ആ കുടുംബത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിന് മുഖ്യമായും ഊന്നൽ നൽകുന്ന വിധത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനായി ഈ ജനവിഭാഗങ്ങളുമായുള്ള ആശയവിനിമയവും ചർച്ചയും ആസൂത്രണത്തിനുള്ള പങ്കാളിത്തവും ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്.

ഒരു ഗ്രാമത്തിന്റെ സമഗ്രവികസനത്തിന് മെച്ചപ്പെട്ട റോഡുകളും ഗതാഗത സൗകര്യങ്ങളും വളരെ അനിവാര്യമാണ്. പഞ്ചായത്തിലെ മിക്കറോഡുകളും പലപദ്ധതികളിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനും ഗതാഗതം മെച്ചപ്പെടുത്തുന്നതിനും പരമാവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട് എങ്കിലും ഇനിയും ഈ മേഖയിൽ ഏറെ ശ്രദ്ധചെലുത്തേണ്ടതുണ്ട്.

തെരുവ് വിളക്ക് സ്ഥാപിക്കലും പുനരുദ്ധാരണവും ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതല ആയിട്ടുണ്ട് എങ്കിലും വിവിധ പദ്ധതികളിൽക്കൂടി നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ ഈ രംഗത്ത് വലിയൊരു മുന്നേറ്റം ഉണ്ടാക്കിയിട്ടുണ്ട്. വൈദ്യുതി എത്താത്ത എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഫിലമെന്റ് ബൾബുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കികൊണ്ട് പഞ്ചായത്ത് പ്രദേശം മുഴുവനായി എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള കർമ്മപരിപാടിയാണ് നടപ്പാക്കേണ്ടത്. KSEB യുമായി ചേർന്ന് നടപ്പിലാക്കിയ നിലാവ് പദ്ധതി ആഗ്രഹിച്ച ലക്ഷ്യം കൈവരിക്കാനായില്ല.

ഗ്രാമപഞ്ചായത്തിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നൽകുന്നതുവഴി ജനസൗഹൃദ ഗ്രാമപഞ്ചായത്തായി മാറുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. പരിമിതമായ അടിസ്ഥാന സൗകര്യങ്ങളിൽ നിന്നുകൊണ്ട് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടാൻ കഴിഞ്ഞത് വളരെ അഭിമാനകരമായ പ്രവർത്തനമാണ്. ആയത് പുതുക്കുന്നതിന് റിക്കോർഡ് മുറി സജ്ജമാക്കുന്നതിലും തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിലും ശ്രദ്ധിച്ചിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് നവീകരിച്ച് കൂടുതൽ സൗകര്യങ്ങൾ ഉറപ്പുവരുത്തി ആധുനിക സൗകര്യങ്ങളുടെ ഗുണഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പഞ്ചായത്ത് ഹാൾ നവീകരണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്.

# റോഡുകളുടെ സ്ഥിതിവിവരങ്ങൾ

| ക്രമനമ്പർ | റോഡുകളുടെ തരം | നീളം. (കി.മി) | | | | | |
|---|---|---|---|---|---|---|---|
| | | 3.0 മീറ്റർ വരെ വീതി. | 3 .00 മുതൽ 6.00 മീറ്റർ വരെ വീതി | 6.00 മീറ്ററിനു മുകളിൽ. | ആകെ നീളം (കി.മി.) | അറ്റകുറ്റപ്പണികള് നടത്തേണ്ടതുണ്ടെങ്കിൽ, നീളം | പുതുതായി നിർമ്മിക്കേണ്ടതുണ്ടെങ്കില്, നീളം |
| 1 | മൺറോഡ് | 13.63 | 8.60 | | 22.23 | | |
| 2 | മെറ്റൽറോഡ്. | | | | | | |
| 3 | ടാർറോഡ്. | 6.8 | 81.15 | | 88.95 | 32.00 | |
| 4 | കോൺക്രീറ്റ്റോഡ്. | 8.48 | | | 8.48 | 3.2 | 7.25 |
| 5 | കോൺക്രീറ്റ്നടപാത. | 13.00 | | | 13.00 | 4.00 | 10.00 |
| 6 | ഇന്ററർലോക്ക്റോഡ്. | - | | | | | |
| 7 | നടപ്പാത | ---- | | | | | |
| | ആകെ. നീളം. (കി.മി) | 41.91 | 87.75 | | 132.66 | 37.2 | 17.25 |

# കലുങ്ക്,പാലം,നടപാലം

| കലുങ്കുകളുടെ സ്പാൻ | എണ്ണം | | | | | അറ്റകുറ്റപ്പണികൾനടത്തേണ്ടതുതുണ്ടെങ്കിൽഎണ്ണം | പുതുതായിനിർമ്മിക്കേണ്ടതുണ്ടെങ്കിൽഎണ്ണം |
|---|---|---|---|---|---|---|---|
| | 1.20 മീറ്റർവരെ വീതി. (നടപാലം) | 3.0 മീറ്റർവരെ വീതി. | 3 .00 മുതൽ 6.00 വരെ വീതി. | 6.00 മീറ്ററിനു മുകളിൽ. | ആകെ എണ്ണം | | |
| 3.00 മീറ്റർവരെ. | 19 | 3 | 4 | | 26 | | 8 |
| 6.00 മീറ്ററിനു മുകളിൽ. (പാലം/നടപാലം) | - | - | - | - | - | - | - |

## വിദ്യാഭ്യാസസ്ഥാപനങ്ങൾ.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര്. | അടുക്കള ഉണ്ടോ. | ഡൈനിംഗ്മുറി ഉണ്ടോ. | ശുചിമുറികളുടെ എണ്ണം. | ചുറ്റ്മതിൽഉണ്ടോ | വൈദ്യുതീകരിച്ചിട്ടുണ്ടോ | കുടിവെള്ളം ആവശ്യത്തിനുലഭ്യമാണോ | കളിസ്ഥലം ഉണ്ടോ. | മാലിന്യസംസ്കരണ സംവിധാനം ഉണ്ടോ. | പുതിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ടോ | കെട്ടിടം നിർമ്മാണത്തിനുഭൂമി ലഭ്യമായവ | അറ്റകുറ്റപ്പണികൾനടത്തേണ്ടതുണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | സ്കൂളുകൾ | ഉണ്ട് | ഉണ്ട് | 30 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | | ഉണ്ട് |
| 2 | അംഗനവാടികൾ. | ഉണ്ട് | ഉണ്ട് | 28 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | 2 | ഉണ്ട് |
| 3 | ബഡ്സ് സ്കൂളുകൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## ആശുപത്രികൾ.

| ക്രമനമ്പർ | സ്ഥാപനത്തിന്റെപേര്. | കിടക്കകളുടെ എണ്ണം | ലാബോറട്ടറിസൗകര്യം ഉണ്ടോ. | കാത്തിരുപ്പ്മുറിയുണ്ടോ | ശുചിമുറികളുടെ എണ്ണം | ചുറ്റ്മതിൽഉണ്ടോ | വൈദ്യുതീകരിചിട്ടുണ്ടോ | കുടിവെള്ളംആവശ്യത്തിന്ലഭ്യമാണോ. | മാലിന്യസംസ്കരണസംവിധാനംഉണ്ടോ. | അറ്റകുറ്റപ്പണികൾനടത്തേണ്ടതുണ്ടോ | പുതിയകെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | പി.എച്ച്.സി | | ഇല്ല | ഉണ്ട് | 5 | ഇല്ല | ഉണ്ട് | ആണ് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | ആയുർവേദാശുപത്രി | | ഇല്ല | ഉണ്ട് | 5 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | ഹോമിയോ | | ഇല്ല | ഉണ്ട് | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |

## തദ്ദേശഭരണഓഫീസുകൾ/ കൈമാറ്റംകിട്ടിയസ്ഥാപനങ്ങൾ

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര്. | സ്വന്തമായി കെട്ടിടങ്ങൾഉണ്ടോ | കെട്ടിടംനിർമ്മാണത്തിനുഭൂമി ലഭ്യമായവയുടെഎണ്ണം. | അറ്റകുറ്റപ്പണികൾനടത്തേണ്ടതുണ്ടോ | ശുചിമുറികൾഉണ്ടോ | ചുറ്റ്മതിൽഉണ്ടോ | വൈദ്യുതീകരിചിട്ടുണ്ടോ | കുടിവെള്ളംസംവിധാനംലഭ്യമാണോ | മാലിന്യസംസ്കരണസംവിധാനംഉണ്ടോ. |
|---|---|---|---|---|---|---|---|---|---|
| 1 | പി.എച്ച്.സി | ഉണ്ട് | | ഉണ്ട് | ഉണ്ട് | | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. | ആയൂർവേദാശുപത്രി | ഉണ്ട് | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | ഹോമിയോ | ഉണ്ട് | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | കൃഷിഭവൻ | ഉണ്ട് | | ഉണ്ട് | ഉണ്ട് | | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5 | മൃഗാശുപത്രി | ഉണ്ട് | | ഉണ്ട് | ഉണ്ട് | | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 | ഐ.സി.ഡി.എസ് | ഉണ്ട് | | ഉണ്ട് | ഉണ്ട് | | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7 | വി.ഇ.ഒ | ഉണ്ട് | | ഉണ്ട് | ഉണ്ട് | | ഉണ്ട് | ഉണ്ട് | ഉണ്ട് |

# കുടിവെള്ളം.

| ക്രമ നമ്പർ | കുടിവെള്ളസ്രോതസുകളുടെ തരം | എണ്ണം | അറ്റകുറ്റപ്പണി കൾആവശ്യമാ യവയുടെ എണ്ണം | പുതുതായി നിർമ്മിക്കേണ്ടതു ണ്ടെങ്കിൽഎണ്ണം |
|---|---|---|---|---|
| 1 | പൊതുകിണർ | 37 | 28 | |
| 2 | കുളങ്ങൾ | 18 | 10 | |
| 3 | പൊതുകുഴൽകിണറുകള് | 4 | | |
| 4 | പൊതുടാപ്പുകൾ | 333 | | |
| 5 | കേരളവാട്ടർഅതോറിറ്റിയുമായി സംയോചിപ്പിച്ചുള്ള കുടിവെള്ളപദ്ധതി | 2 | | |
| 7 | മറ്റുള്ളവ | - | | |

# അദ്ധ്യായം - 2
# പ്രകൃതി ദുരന്തങ്ങളും അതീജീവനവും

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാര വികേന്ദ്രീകരണ പ്രക്രിയയിലൂടെ പ്രാദേശിക ആസൂത്രണ നിർവ്വഹണ പ്രക്രിയകൾക്കായി അധികാരവും ധനവും കൈമാറി 1996 വർഷത്തില് കേരള സംസ്ഥാന സർക്കാര് വിപ്ലവകരമായ ചരിത്ര ദൌത്യത്തിന് തുടക്കം കുറിച്ചു. തുടർന്ന് തദ്ദേശ സ്ഥാപന തലത്തിൽ ജനകീയാസൂത്രണം എന്ന പങ്കാളിത്ത ജനാധിപത്യ പ്രക്രിയയുടെ നടത്തിപ്പിനായി ആദ്യ വർഷങ്ങളില്, 9 വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപപ്പെടുത്തിയിരുന്നത്. തുടർന്ന് ആയത് 12 ആയും, കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും ശുചിത്വ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ചുകൊണ്ട് സുസ്ഥിര വികസനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയും പതിമൂന്നാമത്തെ വർക്കിംഗ് ഗ്രൂപ്പായി ജൈവവൈവിദ്ധ്യ മാനേജ്മെന്റ്- കാലാവസ്ഥാ വ്യതിയാനം - പരിസ്ഥിതി സംരക്ഷണം - ദുരന്തനിവാരണം എന്ന വർക്കിംഗ് ഗ്രൂപ്പ് കൂടി ഉൾപ്പെടുത്തി. ഇത് ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് കൂടുതല് ഉത്തരവാദിത്വവും, പ്രകൃതിയുടെ നിലനിൽപ്പും സാധ്യമാക്കി .

ഈ വർക്കിംഗ് ഗ്രൂപ്പിന് മറ്റുള്ളവയില് നിന്നും വ്യത്യസ്ഥമായി താഴെ പറയുന്ന വിധം വിവിധ ചുമതലകളാണ് ഉള്ളത്.

## ദുരന്ത നിവാരണം വർക്കിംഗ് ഗ്രൂപ്പിന്റെ പ്രത്യേക ചുമതലകള്

## (എ) ദുരന്ത നിവാരണം

1.) നിലവിലുള്ള ദുരന്ത നിവാരണ പ്ലാൻ അവലോകനം ചെയ്ത് അവസ്ഥാ വിശകലനം കൂടി നടത്തിയ ശേഷം അവ കാലാനുസൃതമാക്കുക
2.) എല്ലാ മേഖലയിലേയും ദുരന്ത നിവാരണ പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിന് നേതൃത്വം നൽകുക
3.) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് തടസ്സമായേക്കാവുന്ന നിർമ്മിതികള് പരമാവധി കുറയ്ക്കുന്നതിന് സഹായകരമാകുന്ന പ്രവർത്തനങ്ങള് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങള് സമർപ്പിക്കുക.
4.) ദുരന്ത നിവാരണ വകുപ്പ് നിർദ്ദേശിക്കുന്ന തരത്തില് കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയേഴ്സിനെ പരിശീലിപ്പിച്ച് ഗ്രൂപ്പ് രൂപീകരിക്കുക.

## (ബി) കാലാവസ്ഥാ വ്യതിയാനം - പരിസ്ഥിതി സംരക്ഷണം

1.) കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്ന ഹരിത ഗൃഹ വാതകങ്ങള് പരമാവധി കുറയ്ക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങള് സമർപ്പിക്കുക.
2.) ആഗോള താപനവും, കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിന് /ലഘൂകരിക്കുന്നതിന് ദേശീയ, സംസ്ഥാന സർക്കാരുകള് ചെയ്തു വരുന്ന പ്രവർത്തനങ്ങളുടെ ചുവടു പിടിച്ച് പ്രാദേശിക കർമ്മ പദ്ധതിയ്ക്ക് രൂപം നൽകുക.
3.) പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കുന്നതിനും ബദൽ സംവിധാനങ്ങൾ സ്വീകരിക്കുന്നതിനും സഹായകമാകുന്ന മാർഗ്ഗനിർദ്ദേശങ്ങള് രൂപപ്പെടുത്തുക.
4.) ക്ലൈമറ്റ് റെസിലിയന്റ് കേരള എന്ന ലക്ഷ്യം നേടാനുള്ള പ്രവർത്തന പദ്ധതി ആവിഷ്കരിക്കുക.
5.) പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങള് തദ്ദേശസ്ഥാപന പദ്ധതിയില് ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങള് സമർപ്പിക്കുക.
6.) കാർബണ് ന്യൂട്രല് തദ്ദേശ ഭരണ സ്ഥാപനം എന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കുക.
7.) പരിസ്ഥിതി ആഘാതം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കി പരിഹാര നടപടികൾ നിർദ്ദേശിക്കുക.

## (സി) ജൈവവൈവിധ്യം

1.) ജൈവവൈവിധ്യ രജിസ്റ്റർ സമകാലികമായി തയ്യാറാക്കുന്നതിന് ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളെ സഹായിക്കുക.
2.) ജൈവവൈവിധ്യ പരിപാലനത്തിനുള്ള തദ്ദേശഭരണ സ്ഥാപന തല പദ്ധതി തയ്യാറാക്കുന്നതിന് നേതൃത്വം നൽകുക.
3.) വിദ്യഭ്യാസ സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ, സാമൂഹ്യ സംഘടനകളുടെ സ്ഥലങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളില് ജൈവവൈവിധ്യ പാർക്കുകള് സ്ഥാപിച്ച് പരിപാലിക്കുന്നതിനുള്ള സാദ്ധ്യത സംബന്ധിച്ച് നിർദ്ദേശങ്ങള് സമർപ്പിക്കുക.

4.) അധിനിവേശ സസ്യങ്ങൾ, ജീവജാലങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുക.

## ഭൂപ്രകൃതി

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കില് ഉൾപ്പെടുന്ന പ്രദേശമാണ് കിഴുവിലം ഗ്രാമപഞ്ചായത്ത്. ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പരിധിയില് ഉൾപ്പെടുന്ന ഈ ഗ്രാമപഞ്ചായത്ത് 1951 ലാണ് രൂപീകൃതമായത്. കിഴുവിലം, കൂന്തള്ളൂർ ആറ്റിങ്ങല് എന്നീ വില്ലേജുകളില് ഉൾപ്പെടുന്ന ഈ പ്രദേശം 1458 ഹെ. ഭൂവിസ്തൃതിയിൽ വ്യാപിച്ചിരിക്കുന്നു. നിലവിൽ 20 വാർഡുകള് ഉൾപ്പെട്ടിരിക്കുന്ന ഈ പഞ്ചായത്തിന്റെ വടക്ക് കടയ്ക്കാവൂര് ഗ്രാമപഞ്ചായത്ത്, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി എന്നിവയും, തെക്ക് ആഴൂർ , മംഗലാപുരം ഗ്രാമപഞ്ചായത്തുകളും , കിഴക്ക് മുദാക്കൽ ഗ്രാമപഞ്ചായത്തും, പടിഞ്ഞാറ് ചിറയിൻകീഴ് ഗ്രാമപഞ്ചായത്തുമാണ് അതിർത്തി പങ്കിടുന്നത്.

പഞ്ചായത്തിലെ ഭൂപ്രദേശങ്ങൾ ശരാശരി സമുദ്രനിരപ്പില് നിന്നും 0 മീ. മുതൽ 100 മീ. വരെ ഉന്നതിയിൽ സ്ഥിതി ചെയ്യുന്നതായി കാണപ്പെടുന്നു. ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഇടനാട് ഭൂമിശാസ്ത്ര മേഖലയിലാണ് കാണപ്പെടുന്നത്. ലഘുവായ ചരിവു പ്രദേശങ്ങൾ കൂടുതലായി കാണപ്പെടുന്ന ഇവിടെ ഭൂരിഭാഗം പ്രദേശങ്ങളിലും കളിമണ്ണ് കലർന്ന പശിമരാസി മണ്ണിനം, ചെറിയ തരികളോടു കൂടിയ പശിമരാശി മണ്ണിനം എന്നിവ കാണപ്പെടുന്നു. തെക്കൻ ഇടനാട് കാർഷിക കാലാവസ്ഥ മേഖലയിലുൾപ്പെടുന്ന ഈ പ്രദേശത്ത് കേരളത്തിലെ മറ്റ് മേഖലകളില് ലഭിയ്ക്കുന്ന ശരാശരി മഴ ലഭിയ്ക്കുന്നുണ്ട്.

വാമനാപുരം നദി, മാമം ആറ്, പ്രകൃതി ദത്തമായ നീർച്ചാലുകല്, ചെറുതും വലുതുമായ ഒട്ടനവധി കുളങ്ങൾ, തോടുകൽ, ജൈവവൈവിധ്യത്തിന്റെ മാതൃകകളായ കാവുകള് എന്നിവയാല് അനുഗ്രഹീതമായ ഈ പഞ്ചായത്തിൽ വാമനാപുരം, മാമം എന്നീ നദികളിലേയ്ക്ക് നീരൊഴുക്ക് പ്രദാനം ചെയ്യുന്ന 4 ചെറു നീർത്തടങ്ങള് കാണപ്പെടുന്നു.

കുന്നുകളും, താഴ്വരകളും, സമ്മിശ്രമായ ഭൂപ്രകൃതിയും കാണപ്പെടുന്ന കിഴുവിലം ഗ്രാമപഞ്ചായത്തിന് ആ പേര് ലഭ്യമായതുമായി ബന്ധപ്പെട്ട് പറയുന്നത് 'കിഴുനിലം' എന്ന സ്ഥലപ്പേരാണ് കാലക്രമത്തിൽ കിഴുവിലമായി മാറിയത് എന്നാണ്. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും നിലങ്ങളായിരുന്നു എന്നാണ് പറയപ്പെടുന്നത്.

ലഭ്യമായ രേഖകൾ അനുസരിച്ച് കിഴുവിലം പഞ്ചായത്തില് കായാന്തരിക ശിലാവിഭാഗത്തില് ഉൾപ്പെടുന്ന കോൺടൊലൈറ്റ്, മിഗ്മറ്റൈറ്റ് കോംപ്ലക്സ്, അവസാദ ശിലാവിഭാഗത്തിൽ ഉൾപ്പെടുന്ന സാൻഡ് സ്റ്റോൺ & ക്ലേ വിത്ത് ലിഗ്നൈറ്റ്, സാൻസ് & സിൽറ്റ്, കായാന്തരിതശിലകളില് നിന്നും വെട്ടിയെടുക്കുന്ന ചെങ്കല്ല് അഥവാ വെട്ടുകല്ല് ലാറ്ററൈറ്റ് എന്നീ 5 ശിലാ വിഭാഗങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഭൂപ്രകൃതിയും, ഉയര വ്യതിയാനവും കണക്കിലെടുത്താൽ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഇടനാട്, തീരമേഖല എന്നീ ഭൂമിശാസ്ത്ര മേഖലകളിലും, കുറച്ച് മാത്രം പ്രദേശങ്ങൾ മലനാടായും കാണപ്പെടുന്നു. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 59.59% പ്രദേശങ്ങൾ സ്തിതി ചെയ്യുന്നത് ശരാശരി സമുദ്ര നിരപ്പിൽ നിന്നും 0 മീ മുതൽ 20 മീ വരെ ഉന്നതിയിലാണ്. ഇവ 868.83 ഹെക്ടർ പ്രദേശങ്ങളില് വ്യാപിച്ചിരിക്കുന്നു. കൂടാതെ 561.97 ഹെക്ടർ പ്രദേശങ്ങള് സ്ഥിതി ചെയ്യുന്നത് ശരാശരി സമുദ്ര നിരപ്പില് നിന്നും 20 മീ. മുതൽ 40 മീ.വരെ ഉന്നതിയിലും, 27.20 ഹെക്ടർ പ്രദേശങ്ങല് സ്ഥിതി ചെയ്യുന്നത് ശരാശരി സമുദ്ര നിരപ്പിൽ നിന്നും 40 മീ.മുതൽ 100 മീ. വരെ ഉന്നതിയിലുമാണ്.

പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലെ കുന്നുകളില് ആരംഭിക്കുന്ന ഭൂപ്രകൃതി പഞ്ഞിഞാറ് പഞ്ചായത്ത് അതിർത്തിയോട് അടുക്കുമ്പോള് സമുദ്ര നിരപ്പിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. അണ്ടൂർ, നൈനാം കോണം, കാട്ടുംമ്പുറം എന്നീ പ്രഹേശങ്ങളാണ് കിഴുവിലം ഗ്രാമപഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങൾ.

കിഴുവിലം പഞ്ചായത്ത് പ്രദേശത്ത് പ്രധാനമായും 4 തരത്തിലുള്ള ചരിവ് പ്രദേശങ്ങളാണ് ഉള്ളത്. ലഘുവായ ചരിവ്, മിതമായചരിവ്, ശക്തമായ ചരിവ്, മിതമായ കുത്തനെയുള്ള ചരിവ് എന്നിവയാണ് അവ. ലഘുവായ ചരിവ് വിഭാഗത്തിൽ 871.69 ഹെക്ടർ ഭൂപ്രദേശവും (59.79%), മിതമായ ചരിവ് പ്രദേശത്ത് 447.26 ഹെക്ടർ ഭൂപ്രദേശവും (30.68%), ശക്തമായ ചരിവ് വിഭാഗത്തിൽ 131.71 ഹെക്ടർ ഭൂപ്രദേശവും (9.03%), മിതമായ കുത്തനെയുള്ള ചരിവ് വിഭാഗത്തിൽ 7.34 ഹെക്ടർ ഭൂപ്രദേശവും ഉൾപ്പെടുന്നു.

പഞ്ചായത്തിൽ കാണപ്പെടുന്ന ഉപരിതല ഭൂരൂപങ്ങളെ താഴ്വര, നിമ്ന പീഠഭൂമി, ജലാശയം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 77.72% (1197.99 ഹെ) പ്രദേശങ്ങൾ നിമ്ന പീഠഭൂമി വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. പഞ്ചായത്തിൽ ഇവ 1133.38 ഹെ. വിസ്തൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്തിൽ 20.93% പ്രദേശങ്ങള് താഴ്വര വിഭാഗത്തിലാണ് കാണപ്പെടുന്നത്. ഇവ

പഞ്ചായത്തിൽ 304.98 ഹെ. പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്നു. കൂടാതെ 1.35% (19.64 ഹെ) പ്രദേശങ്ങൾ ജലാശയമായും രേഖപ്പെടുത്തിയിരിക്കുന്നു.

കിഴുവിലം ഗ്രാമപഞ്ചായത്തില് നിലവില് 12 വാർഡുകളിലായി 17 കാവുകളാണ് ഉള്ളത്. ഏകദേശം 683 സെൻറ് വിസ്തൃതിയില് കാണപ്പെടുന്ന ഈ കാവുകളില് 4 എണ്ണം പൊതുവായതും, 10 എണ്ണം സ്വകാര്യവ്യകതികളുടെ കൈവശമുള്ളതും, 3 എണ്ണം ട്രസ്റ്റിനു കീഴിലുണ്ടാണുള്ളത്.

തിരുവനന്തപുരം ജില്ലയിലെ ഏറ്റവും വലിയ നദിയായ വാമനപുരം നദി പഞ്ചായത്തിലൂടെ ഒഴുകുന്നു. മറ്റൊരു പ്രധാന നദിയായ മാമം ആറ് ആറ്റിങ്ങൽ കുന്നത്തു മഹാദേവ ക്ഷേത്രത്തിന് സമീപം ആഡക്കോണം എന്ന സ്ഥലത്ത് വച്ച് രണ്ടായി പിരിഞ്ഞ് ഒന്ന് പടിഞ്ഞാറോട്ടൊഴുകി വാമനാപുരം നദിയിലും, മറ്റൊന്ന് തെക്കോട്ട് ഒഴുകി ചങ്കാണം ചെക്ക് ഡാം കഴിഞ്ഞ് ഈഞ്ചക്കല് വഴി പടിഞ്ഞാറോട്ട് ഒഴുകി അഞ്ചുതെങ്ങ് കായലിലും പതിയ്ക്കുന്നു. വാമനാപുരം നദി, മാമം ആറ്, ഒട്ടനവധി ചെറുതും വലുതുമായ കുളങ്ങളും, ചെറുതോടുകളും, കിണറുകളുമാണ് പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകൾ.

ലഭ്യമായ രേഖകൾ അനുസരിച്ച് പഞ്ചായത്തില് നിലവില് 20 വാർഡുകളിലായി 31 കുളങ്ങളുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ 7 എണ്ണം വറ്റുന്നതായും, 24എണ്ണം വറ്റാത്തവയായും കാണപ്പെടുന്നു. കൃഷി, മത്സ്യ കൃഷി, ജലസേചനം, കുടിയ്ക്കുന്നതിന്, ക്ഷേത്രാവശ്യങ്ങൾക്ക് തുടങ്ങിയിവയ്ക്ക് ഈ കുളങ്ങള് ഉപയുക്തമാക്കുന്നുണ്ട്.

പഞ്ചായത്തിൽ നിലവില് 20 വാർഡുകളിലായി 50 തോടുകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 1 മീറ്ററിൽ തുടങ്ങി ഏകദേശം 15 മീറ്റർ വരെ വീതിയിലുള്ള തോടുകളാണ് ഇവിടെ കാണപ്പെടുന്നത്. കാട്ടുംപുറം വാർഡിലൂടെ (വാർഡ് 3) ഏകദേശം 2 മീ. മുതൽ 3.5 മീ. വരെയുള്ള 6 തോടുകളും, മാമം നട (വാർഡ് 6), കിഴുവിലം(വാർഡ് 12), ചുമടുതാങ്ങി (വാർഡ് 13) എന്നീ വാർഡുകളിലൂടെ 1 മീ. മുതൽ 2.5 മീ. വരെ വീതിയുള്ള നാലോളം തോടുകളും ഒഴുകുന്നു. കൂടാതെ വാർഡ് 4, 7,8,11,20 എന്നീ അഞ്ച് വാർഡുകളിലൂടെ 3 തോടുകൾ വീതം ഒഴുകുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു.

പഞ്ചായത്തിൽ നിലവില് 20 വാർഡുകളിലായി 43 പൊതുകിണറുകളും, 26 കുഴൽ കിണറുകളുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പൊതുവായ നീരൊഴുക്ക് ഉള്ള പ്രദേശത്തിനെയാണ് നീർത്തടം എന്ന് പറയുന്നത്. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ 4 ചെറുനീർത്തടങ്ങളാണ് കിഴുവിലം പഞ്ചായത്തില് കാണപ്പെടുന്നത്. അവ നേരിട്ടോ അല്ലാതെയോ മാമം, വാമനാപുരം എന്നി നദികളിലേയ്ക്ക് നീരൊഴുക്ക് പ്രദാനം ചെയ്യുന്നു

.

അതിവേഗമുള്ള നഗരവൽക്കരണത്തിന്റെ ഭാഗമായുണ്ടാകുന്ന മാലിന്യങ്ങള് പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും വലിച്ചെറിയുന്നതു മൂലമുണ്ടാകുന്ന പാരിസ്ഥിതിക-ആരോഗ്യ പ്രശ്നങ്ങളും സവിശേഷ ശ്രദ്ധ ആവശ്യമായവയും അവയുടെ പരിഹാരത്തിന് ബോധപൂർവ്വമായ ശ്രമം ഉണ്ടാകേണ്ടതുമാണ്. അനുയോജ്യമായ യന്ത്രങ്ങളുടെ ആവിർഭാവത്തോടെ കുന്നുകളും മലകളും അതിവേഗം ഇടിച്ചുനിരത്തിയും പാടശേഖരങ്ങൾ ഉൽപ്പെടെയുള്ള താഴ്ന്ന പ്രദേശങ്ങള് മണ്ണിട്ടു നികത്തിയും ഭൂമിയുടെ സ്വാഭാവികമായ സന്തുലിതാവസ്ഥക്ക് മാറ്റം വരുത്തപ്പെട്ടിരിക്കുന്നു. ഇത് വലിയതോതിലുള്ള പാരിസ്ഥിതികാഘാതങ്ങൾ ഇടയാക്കുന്നതും സവിശേഷ ശ്രദ്ധ അർഹിക്കുന്നതുമാണ്.

ഇതിനനുസൃതമായ പദ്ധതികളാണ് ജൈവവൈവിധ്യ മാനേജുമെന്റുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ടത്. അതിനനുസൃതമായ പദ്ധതി രൂപീകരണ നടപടികളാണ് ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. വാമനാപുരം നദി, മാമം ആറ് എന്നിവയുടെ പുനരുദ്ധാരണം ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. കിഴുവിലം ഗ്രാമപഞ്ചായത്തി**ന്റെ** വടക്ക് പടിഞ്ഞാറ് മേഖലയിൽപ്പെട്ട താഴ്ന്ന പ്രദേശങ്ങള് നിരന്തരം വെള്ളപ്പൊക്ക ഭീഷണി നേരിടുന്നുണ്ട്. ഈ പ്രശ്നങ്ങളെ മറികടക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങളും പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാവുന്നതാണ്

# ഭാഗം1- 1996 ലെ അവസ്ഥയും നിലവിലെ അവസ്ഥയും

കിഴുവിലം ഗ്രാമ പഞ്ചായത്തിന്റെ ജീവ നാഡിയായ വാമനപുരം നദിയും, മാമം ആറും ചേർന്ന് ഫലഭൂയിഷ്ടമാക്കുന്ന ഭൂപ്രദേശമാണ് കിഴുവിലം. 1996 ലെ വികസന രേഖ പരിശോധിക്കുകയാണെങ്കിൽ പഞ്ചായത്തിലെ ഏറ്റവും വലിയ ഏലയാണ് വലിയ ഏല, കടുവയിൽ ഏലതോട്, കിഴുവിലം ഏല തോട് എന്നിവ ഒരു പ്രധാന ജല ശ്രോതസ്സാണ്. മഴയെ ആശ്രയിച്ചു കൃഷി ചെയ്യുന്ന ഈ പ്രദേശങ്ങളിൽ ഇരുപ്പൂവിളകളാണ് കൃഷി ചെയ്തു വരുന്നത്. വർഷത്തില് എട്ടുമാസവും ജല ലഭ്യതയുള്ളതിനാല് ഇരുപൂ കൃഷിക്ക് ബുദ്ധിമുട്ടില്ലായിരുന്നു. 1996 ൽ 285 ഹെക്ടർ നെൽകൃഷിയുണ്ടായിരുന്ന ഏലായില് നിലവില് 75 ഹെക്ടർ മാത്രമാണ് നെൽകൃഷിയുള്ളത്. ഏലാകളുടെ വിസ്തൃതി കുറയുന്നതോടെ ജൈവ സമ്പത്ത് കുറയുകയും കാലാവസ്ഥാ അസന്തുലിതാവസ്ഥയിലേക്ക് നീങ്ങുകയും ചെയ്യുന്നു. കാർഷിക ഉൽപാദക ഗ്രാമം എന്നതില് നിന്നും ഒരു ഉപഭോക്തൃഗ്രാമം എന്നതിലേക്ക് കിഴുവിലം മാറിയിരിക്കുന്നു.

| ഭൂവിനിയോഗം | വിസ്തീർണ്ണം(ഹെ) | ശതമാനം |
|---|---|---|
| നിർമ്മിതി പ്രദേശങ്ങള് | 304.77 | 20.90 |
| കൃഷി ഭൂമി | 1136.7 | 77.96 |
| ജലാശയങ്ങൾ | 16.53 | 1.13 |
| ആകെ | 1458.00 | 100.00 |

ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് 13 ാം പഞ്ചവൽസര പദ്ധതി കാലത്ത് രൂപീകരിച്ച ദുരന്ത നിവാരണ സേന പ്രളയകാലത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങള് ഏകോപിപ്പിക്കുന്നതിന് ഏറെ സഹായകമായി.

## എമർജൻസി റസ്പോൻസ് ടീം (ഇ ആർ ടി.)

വിവിധ ഇ ആർ ടി ടീമുകളുടെ വിവരങ്ങൾ ചുവടെ നൽകുന്നു.

## .1. മുന്നറിയിപ്പ് ടീം (ഇ.ഡബ്ല്യൂ.ഡി.എസ്)

**ടീം ലീഡറുടെ പേര് ജെ.ശശി, കാർത്തിക ഫോണ് നമ്പര് :9447525208**

### പട്ടിക 3.3:മുന്നറിയിപ്പ് ടീം

| ക്രമ നമ്പർ | പേരും, പൂർണ്ണ മേൽവിലാസവും | ലിംഗം | വയസ് | ഫോൺ നമ്പര് | ചെക്ക് ലിസ്റ്റ് |
|---|---|---|---|---|---|
| 1 | ജെ.ശശി, കാർത്തിക | പു | | 9447525208 | ട്രാൻസിസ്റ്റര് റേഡിയോ, ടെലിവിഷൻ, ന്യൂസ് പേപ്പർ, മൈക്ക്, ബാറ്ററി, കന്നാസ്, ഫണൽ, ഡ്രം, ടോർച്ച് ലൈറ്റ്, ഇന്ധനം, സൈറൻ / മെഗാഫോൺ, എമർജ ൻസി ലൈറ്റ്, ടെലിഫോൺ നമ്പർ, .വിവരസ്രോതസ്സുകളുടെ വിലാസം (കെഎസ്ഡിഎംഎ /ഡിഡിഎംഎ / പോലീസ് സ്റ്റേഷൻ /ബ്ലോക്ക് / റേഡിയോ /ടിവി സ്റ്റേഷ ൻ / MET ഓഫീസ്). |
| 2 | ഹാഷിം, ജുമൈലാ മൻസില് | പു | | 8921296929 | |
| 3 | ദേവരാജൻ, ചൈതന്യ | പു | | 9947208061 | |
| 4 | ജയദേവൻ | പു | | 9446359699 | |
| 5 | രതീഷ്., ജെ.ജെ.ഭവൻ | പു | | 9746981598 | |
| 6 | ഗോപൻ | പു | | 9847315586 | |

| | | | | | |
|---|---|---|---|---|---|
| 7 | മനോജ്.ബി.ഇടമന, ഇടമന വിളവീട് | പു | | 9495544942 | |
| 8 | വിജുകുമാർ.വി.എസ്, ചിറയിൽവീട് | പു | | 9447857240 | |

## 2.അന്വേഷണ – രക്ഷാപ്രവർത്തന – ഒഴിപ്പിക്കൽ ടീം

**ടീം ലീഡറുടെ പേര് : ദാസ്** **ഫോൺ നമ്പർ :8086785650**

### പട്ടിക 3.4:അന്വേഷണ – രക്ഷാപ്രവർത്തന – ഒഴിപ്പിക്കൽ ടീം

| ക്രമ നമ്പർ | പേരും, പൂർണ്ണ മേൽവിലാസവും | ലിംഗം | വയസ് | ഫോൺ നമ്പർ | ചെക്ക് ലിസ്റ്റ് |
|---|---|---|---|---|---|
| 1 | ദാസ്, തിരുവാതിര | പു | | 8086785650 | ചുവന്നപതാക, കയർ, ആങ്കർ, , ലൈഫ്ബോട്ട്, സ്ട്രെച്ചർ, ടോർച്ചെ്ലറ്റ്, വിസിൽ, എമർജൻസി ലൈറ്റ്, കട്ടർ, ഗ്ലൗസ്, ടെസ്റ്റർ, ഫസ്റ്റ്എയ്ഡ് ബോക്സ്, ബോട്ട്, പ്രത്യേകസഹായം ആവശ്യമുള്ള ആളുകളുടെ പട്ടിക, നോട്ട് ബുക്ക്, പേന, താൽക്കാലിക ഭവന നന്നാക്കൽ / ക്രമീകരണ ഉപകരണങ്ങ ൽ, ഫയർ എക്സ്റ്റിംഗ്യുഷെർ |
| 2 | രാജൂ, തേവറത്ത് വീട് | പു | | 8289933693 | |
| 3 | സോമൻ, ചെക്കാലത്തൊടി വീട് | പു | | 9995402765 | |
| 4 | ബൈജൂ, ആശാരി വിളാകം | പു | | 9995050141 | |
| 5 | സുനിൽ, വലിയവിളവീട് | പു | | 9946674843 | |
| 6 | സുരേഷ്, പവിത്രം | പു | | 9447036207 | |
| 7 | ശ്രീരഞ്ചൻ, സദാനന്ദഭവൻ | പു | | 9447452682 | |
| 8 | ബിനു.എസ്, ബിജൂ ഭവൻ | പു | | 7558823842 | |

## 3. ഷെൽട്ടര് മാനേജ്മെന്റ് ടീം

**ടീം ലീഡറുടെ പേര് : ഷെമീര്** **ഫോൺ നമ്പർ :9946864341**

### പട്ടിക 3.5 : ഷെൽട്ടര് മാനേജ്മെന്റ് ടീം

| ക്രമ നമ്പർ | പേരും, പൂർണ്ണ മേൽവിലാസവും | ലിംഗം | വയസ് | ഫോൺ നമ്പർ | ചെക്ക് ലിസ്റ്റ് |
|---|---|---|---|---|---|
| 1 | ഷെമീർ, ദാറിൽ നൂറ് | പു | | 9946864341 | സുരക്ഷിത ഷെൽട്ടറുകളുടെപട്ടിക, വ്യത്യസ്തസ്ഥലങ്ങളിൽ അഭയം തേടേണ്ട ആളുകളുടെപട്ടിക, ഉണക്കി സൂക്ഷിക്കുന്നഭക്ഷണം, കുപ്പിയിലാക്കിയകുടിവെള്ളം, അരിപ്പകൾ, മരുന്നുകൾ, ഫിനോള്, ബ്ലീച്ചിംഗ് പൌഡർ, പാത്രങ്ങൾ, പാൽപൊടി, ഇന്ധനം, മെഴുകുതിരി, തീപ്പെട്ടി, റാന്തൽ വിളക്ക്, ഗ്യാസ് ലൈറ്റ്, ടോർച്ച്, ടാർപോളിന്, കുറിപ്പുകൾക്കുള്ളപുസ്തകം, പേന. |
| 2 | ചന്ദ്രാനന്ദൻ, അജ്ഞലി | പു | | 9995766549 | |
| 3 | പ്രഭാകരൻ, ഒരുപറത്തിട്ടവീട് | പു | | 9605234384 | |
| 4 | പങ്കജാക്ഷൻ, പറമ്പിൽ | പു | | | |
| 5 | ബാലാനന്ദൻ, ശിവകൃപ, കിഴുവിലം | പു | | | |
| 6 | അഡ്വ. ഗോപിനാഥൻ.പി. | പു | | 9446389584 | |

| | | | | | |
|---|---|---|---|---|---|
| | കെ, പിള്ളവീട്ടിൽ കടയിൽ വീട് | | | | |
| 7 | സന്തോഷ് | പു | | 9447202651 | |
| 8 | ഷാനു, മേലേ ചരുവിളവീട് | പു | | 9847299441 | |

## 4. പ്രഥമശുശ്രൂഷ / ബേസിക് ലൈഫ് സപ്പോർട്ട് ടീം

**ടീം ലീഡറുടെ പേര് : ബീമ** **ഫോൺ നമ്പര് :8129482103**

. **പട്ടിക3.6 : പ്രഥമശുശ്രൂഷ / ബേസിക് ലൈഫ് സപ്പോർട്ട് ടീം**

| ക്രമ നമ്പ ർ | പേരും, പൂർണ്ണ മേൽവിലാസവും | ലിംഗം | വയസ് | ഫോൺ നമ്പർ | ചെക്ക് ലിസ്റ്റ് |
|---|---|---|---|---|---|
| 1 | ബീമ, ആശാ വർക്കര് | സ്ത്രീ | | 8129482103 | ഫസ്റ്റ് എയ്ഡ് ബോക്സ്, ഡെലിവറി ബോക്സ്, ORS പാക്കറ്റുകൾ, രോഗികളുടെ പട്ടിക, വ്യദ്ധർ, കുട്ടികൾ, ഗർഭിണികള്, സ്ത്രീകൾ, മുലയൂട്ടുന്ന അമ്മമാർ, വാട്ടർ പ്യൂരിഫയർ, കുറിപ്പ് പുസ്തകം, പേന, സ്ട്രെച്ചർ, AED, സ്ലിങ്, സ്പ്ലിന്റ് |
| 2 | ലാലി, ആശാ വർക്കര് | സ്ത്രീ | | 8129216039 | |
| 3 | രുഗ്മിണി, ആശാ വർക്കര് | സ്ത്രീ | | 9947621156 | |
| 4 | ഷിബ, ആശാ വർക്കര് | സ്ത്രീ | | 9745276821 | |
| 5 | ഉമ, ആശാ വർക്കര് | സ്ത്രീ | | 9943740014 | |

## ഭാഗം2 :<u>ഇരുപത്തഞ്ച് വർഷത്തെ വിലയിരുത്തല്</u>

നീർത്തടങ്ങള് സങ്കീർണമായ ഒരു തരം ജൈവ വ്യവസ്ഥയാണ്. പൊതുവായ നീരൊഴുക്ക് ഉള്ള പ്രദേശത്തിനെയാണ് നീർത്തടം എന്ന് പറയുന്നത്. ഒരു പ്രദേശത്ത് വീഴുന്ന മഴവെള്ളമോ, ഉറവകളിൽ കൂടി വരുന്ന ജലമോ ഒഴുകി പൊതുവായ ഒരു ചാലിലോ, തോട്ടിലോ എത്തുകയും അത് അവിടെ നിന്നും നദികളിൽ കൂടി സമുദ്രത്തിലോ തടാകത്തിലേക്കോ എത്തുകയും ചെയ്യുന്നു. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ 4 ചെറു നീർത്തടങ്ങളാണ് കിഴുവിലം പഞ്ചായത്തില് കാണപ്പെടുന്നത്. അവ നേരിട്ടോ, അല്ലാതെയോ വാമനാപുരം, മാമം എന്നീ നദികളിലേയ്ക്ക് നീരൊഴുക്ക് പ്രദാനം ചെയ്യുന്നു.

വാമനാപുരം നദിയിലേയ്ക്ക് നീരൊഴുക്ക് പ്രദാനം ചെയ്യുന്ന 3 ചെറുനീർത്തടങ്ങളും(4V29e), മാമം നദിയിലേയ്ക്ക് നീരൊഴുക്ക് പ്രദാനം ചെയ്യുന്ന ഒരു ചെറുനീർത്തടവുമാണ്(3M2a) ഉള്ളത്.

| നീർത്തടങ്ങളുടെ പേര് | ചെറുനീർത്തടങ്ങളുടെ എണ്ണം | വിസ്തീർണ്ണം (ഹെ) | ശതമാനം |
|---|---|---|---|
| മാമം | 1 | 235.72 | 16.17 |
| വാമനാപുരം | 3 | 1222.28 | 83.83 |
| ആകെ | 4 | 1458.00 | 100.00 |

നിലവിൽ 111.44 ഹെ. പ്രദേശത്ത് നെൽവയല് വ്യാപിച്ചു കിടക്കുന്ന ഈ പഞ്ചായത്തില് 51.44 ഹെ. പ്രദേശങ്ങൾ വയൽ തരിശായി കാണപ്പെടുന്നു. 168.13 ഹെ. പ്രദേശങ്ങൾ വയല് നികത്തി താത്കാലിക വിളകള് (18.12ഹെ), തെങ്ങ് (111.08 ഹെ), മിശ്രിത വിളകൾ(16.68ഹെ), നിർമ്മിതികള് (9.96 ഹെ) റബ്ബർ (11.07 ഹെ), ബഹുവർഷ വിളകൾ (1.24ഹെ) എന്നിവയ്ക്കായി ഉപയുക്തമാക്കിയിരിക്കുന്നു. ജൈവ വൈവിധ്യ കാലാവസ്ഥ വ്യതിയാന രംഗത്ത് 25 വർഷത്തെ മാറ്റം ഭയാനകമാണ്.

# ഹരിതകർമസേന

2019-20 സാമ്പത്തിക വർഷം മുതലാണ് കിഴുവിലം ഗ്രാമപഞ്ചായത്തില് ഹരിതകർമ്മ സേന ആരംഭിച്ചത്. 20 വാർഡുകളിലായി 20 അംഗങ്ങൾ ആണ് ഹരിത കർമ്മസേനയില് പ്രവർത്തിക്കുന്നത്. ഒരു വാർഡില് 1 പേർ എന്ന ക്രമത്തില് ഹരിതകർമ്മസേന അംഗങ്ങള് കൺസോർഷ്യം ആയി രൂപീകരിക്കുകയും അതിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഹരിത കർമ്മസേനയുടെ അക്കൌണ്ട്കൺസോർഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ആണ്. വീടുകളിൽ നിന്നും അജൈവ മാനിന്യം ശേഖരണത്തിന് 50/- രൂപ നിരക്കും കടകൾ സ്ഥാപനങ്ങള് എന്നിവയില് നിന്നും 100/- എന്നതാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ടി തുകയാണ് കിഴുവിലം ഹരിത കർമ്മസേന അംഗങ്ങള് വാങ്ങുന്നത്. യൂസർഫീ കിട്ടുന്ന തുകയിൽ നിന്നും ഓരൊ ഹരിത കർമ്മ സേന അംഗങ്ങൾക്കും, ഓണറേറിയം നൽകുന്നു. തുടക്കത്തിൽ ഹരിത കർമ്മസേന അംഗങ്ങള് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാന് സാധിച്ചില്ല എങ്കിലും 2021-22 സാമ്പത്തിക വർഷം മുതല് ഹരിത കർമ്മസേന അംഗങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുകയും കിഴുവിലം പഞ്ചായത്തിലെ അജൈവ മാലിന്യം ഒരു പരിധിവരെ കുറക്കാനും സാധിച്ചിട്ടുണ്ട്. തുടർന്നുവരുന്ന സാമ്പത്തിക വർഷങ്ങളിലും ഹരിതകർമ്മസേന പ്രവർത്തനം നല്ല രീതിയില് നടത്താനും അതുവഴി പഞ്ചായത്തിലെ അജൈവ മാലിന്യം കുറക്കാനും സാധിക്കും

ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായി 2019-20 കാലഘട്ടത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പ്രോജക്ട് വയ്ക്കുകയും അതിൽ നിന്നും ഹരിതകർമ്മസേനക്ക് ആവശ്യമായ യൂണിഫോം, ഐ ഡി കാർഡ് എന്നിവ വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ അവരുടെ പ്രവർത്തനത്തിന് വേണ്ടി ടി പ്രോജക്ടില് നിന്നും തുക ചെലവാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിലും വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പ്രോജക്ട് ഉണ്ടായിരുന്നു.

ഹരിതകർമ്മസേനക്ക് അജൈവ മാലിന്യ ശേഖരണത്തിന് മിനി എം സി എഫ് കള് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലും എം സി എഫ് ഉണ്ട്. എം സീ എഫിൽ വച്ച് തരം തിരിച്ച് ക്ലീന് കേരള കമ്പനിക്ക് അജൈവ മൈലിന്യങ്ങൾ കൈമാറുന്നു. ക്ലീൻ കേരള കമ്പനി ബ്ലോക്ക് പഞ്ചായത്തിലെ ആര് ആർ എഫില് എത്തിക്കുകയും ചെയ്യുന്നു. ഹരിത കർമ്മ സേനയ്ക്ക് മിനി എം.സി.എഫിൽ നിന്നും പഞ്ചായത്തിലെ എം.സി.എഫിൽ അജൈവ മൈലിന്യങ്ങള് എത്തിയ്ക്കന്നതിനായി വണ്ടി വാങ്ങി നൽകുന്നതിന് പോജക്ട് വച്ചിട്ടുണ്ട്.

ഹരിതകർമ്മസേനക്ക് ആവശ്യമായ മാസ്ക്, സാനിട്ടൈസർ ,ഫെയ്സ് ഷീൽഡ് , ഗ്ലൌസ് എന്നിവ 2021-22 സാമ്പത്തിക വർഷത്തില് പ്രോജക്ട് വച്ച്, വാങ്ങി നൽകിയിട്ടുണ്ട്. വരും വർഷങ്ങളില് ഹരിതകർമ്മസേന കിഴുവിലം ഗ്രാമപഞ്ചായത്തിൽ ഒരു മുതൽക്കൂട്ട് ആകുമെന്ന കാര്യത്തിൽയാതൊരു സംശയവുമില്ല.

## കോവിഡ് 19

13 -ാം പഞ്ചവത്സര പദ്ധതിയുടെ അവസാന രണ്ട് വർഷങ്ങള് കോവിഡ് എന്ന മഹാമാരിയുമായുള്ള പ്രാദേശിക ഭരണകൂടങ്ങളുടെ പോരാട്ടം അടയാളപ്പെടുത്തുന്ന വർഷങ്ങളാണ്. കോവിഡ് ചികിത്സ, തുടർ ചികിത്സ സംവിധാനങ്ങൾ ,രോഗികൾക്ക് ഭക്ഷണം, രോഗികളെ മാറ്റി പാർപ്പിക്കല്, ഹോം ഐസൊലേഷൻ സംവിധാനങ്ങൾ, മരണപ്പെടുന്ന രോഗികളുടെ സംസ്കാര ചടങ്ങുകൾ തുടങ്ങി അതിഥി തൊഴിലാളികൾക്ക് ഭക്ഷണം, സൌകര്യങ്ങൾ ഒരുക്കല്, ലോക്ഡൌൺ നിയന്ത്രണങ്ങള് നടപ്പിലാക്കല്, ഡി സി സി, സി എഫ് എൽ റ്റി സി സംവിധാനങ്ങൾ ഒരുക്കല്, ആംബുലൻസ്, വാഹന സംവിധാനങ്ങൾ ഏർപ്പെടുത്തല് വരെ ജനതയുടെ വിവിധ മേഖലകളിലുള്ള അതിജീവനത്തിനാവശ്യമായ മുഴുവൻ സേവനങ്ങളും പഞ്ചായത്തുകള് നടപ്പിലാക്കി. കൂന്തള്ളൂർ സ്കൂളില് ആരംഭിച്ച ഡി സി സി, പഞ്ചായത്തിൽ തന്നെ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ ഇവ മാതൃക പരമായിരുന്നു. 2020-21 വർഷത്തില് എല്ലാവർക്കും ഭക്ഷണം എന്ന ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിനായി ആരംഭിച്ച ജനകീയ ഹോട്ടല് കുടുംബശ്രീയുടെ നേതൃത്വത്തില് ഇപ്പോഴും തുടരുന്നു.

കോവിഡ് വാക്സിനേഷന് ഡ്രൈവ് മികച്ച രീതിയിൽ നടപ്പിലാക്കുകയും മുഴുവന് ജനങ്ങളും ഒന്നാംഘട്ട വാക്സിനേഷൻ പൂർത്തിയാക്കുകയും ചെയ്തു.

# പ്രകൃതിദത്ത ജലാശയങ്ങള്

| ക്രമ നമ്പർ | തരങ്ങൾ | പേര്, സ്ഥലം | പൊതു/സ്വ കാര്യം | ഉൾപ്പെടുന്ന വാർഡുകള് | നീളം(മീ) | വി സ്തൃതി | തടസ്സപ്പെട്ട /ഒഴുകുന്ന / നന്നാക്കൽ ആവശ്യമുള്ള ഭാഗം ഉൾകൊള്ളുന്ന വാർഡ് | നന്നാക്കൽ ആവശ്യമുള്ള | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | നീളം | വിസ്തൃതി |
| 1 | നദി | വാമനപുരം നദി | പൊതു | 1, 19, 18 | 5 | | 19,18 | 2 | |
| | | മാമം ആറ് | | 1,2,3,16,14,15,17,20 | 3 | | 17 | 1 | |
| 2 | തോട് | 1.പുരവൂര് ഏലായ് തോട്<br>2.കിഴുവിലം എലായ് തോട്<br>3.വെള്ളൂർകോണം ഏലാതോട്<br>4. പുലിയൂർകോണം തോട്<br>5. മാമം കമുകറ ഏലായ്തോട്<br>6. പോളയില് ഏലാതോട്<br>7.ചിവറകോണം കുളം ,തോട്<br>8.മാമം കലിംഗിന്റെ അടുത്തുള്ള തോട്<br>9. മാമം പോലാം പന്തലകോട് തോട്<br>10, ചിയാവൂർകോണം തോട്<br>11,പയനീർകോണം തോട്<br>12. അണ്ടൂര് ഏലായ്തോട്<br>13. നവഗ്രഹ നാറാങ്ങല് ഏലായ്തോട്<br>14. പാറയില് ഏലായ്തോട്<br>15.പമ്മംകോട് | | | 150 മീ.<br>1കി.മി.<br>800 മീ.<br>1500 മീ.<br>2 കി.മി.<br>800 മീ.<br>100 മീ.<br>150 മീ.<br>500 മീ.<br>2 കി. മീ<br>800 മീ.<br>2.25 കി.മി<br>1.5 കി.മി | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | ബ്ലാബൂര്ർകോണം തോട്<br>16. തെന്നൂർകോണൺ ഏലായ്തോട്<br>17. മണലില്തോട്<br>18. വലിയചിറ ഏലായ്തോട്<br>19. പൂവന്ചിറഏലായ്തോട്<br>20. വലിയ ഏലായ് തോട്<br>21. മങ്കാട്ട് വലിയവീട് തോട്<br>22.കുഴിയറ വലിയ ഏലതോട്<br>23. ശങ്കരനാരായണപുരം തോട് | | | 700 മീ.<br>2 കി.മി<br>2 കി.മി<br>2.25കി.മീ<br>700 മീ.<br>500മീ.<br>800 മീ.<br>1കി.മി<br>2 കി.മീ.<br>3 കി.മി | | | | |
| 3 | കായൽ | | | | | | | | |
| 4 | കുളങ്ങൾ/<br>ചിറ/തടാകം | 1.കോണത്ത് ചിറ<br>2.തെക്കതില് കുളം<br>3.നെടുമണ്കോണം<br>4.പുരക്കോട്ടുകോണം ചിറ<br>5.കടന്പാട്ടുകുളം<br>6.ജി.വി.ആർ.എം.യു.പി. എസ് കുളം<br>7.പന്തലകോട് കുളം<br>8.ചിവറകോണം കുളം<br>9.പറയത്തുകോണം കുളം<br>10.അപ്പൂപ്പന് നട കുളം<br>11.പമ്മംകോട് കുളം<br>12.നാഗരുകാവ്കുളം<br>13.കാവടികുളം<br>14.തെന്നൂര്കോണം കുംളം<br>15. കണ്ടുകൃഷി ആറാട്ടുകുളം<br>16.വാളകം കുളം<br>17.കാരാളി കുളം<br>18.മങ്കാട്ടുകുളം<br>19.നൈനാംകോണൺ കുളം | | 2<br>2<br>2<br>2<br>3<br>5<br>6<br>6<br>6<br>8<br>9<br>9<br>11<br>12<br>16<br>19<br>19 | 5 സെന്റ്<br>4 സെന്റ്<br>8 സെന്റ്<br>10 സെന്റ്<br>40 സെന്റ്<br>25 സെന്റ്<br>4 സെന്റ്<br>3 ഏക്കര്<br>23 സെന്റ്<br>50 സെന്റ്<br>25 സെന്റ്<br>16 സെന്റ്<br>1 ഏക്കര്<br>50 സെന്റ് | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | 20.കക്കോട്ടുകുളം<br>21.മേലേചിറകുളം | | 9<br>1<br>1 | 30 സെന്റ്<br>40 സെന്റ് | | | | |
| 5 | തണ്ണീർത്തടം /ചതുപ്പ്/ കണ്ടൽ | കാരാളികുളം<br>വാളകം ചിറ | | | | | | | |
| 6 | നെൽവയല് | 1.വലിയേല<br>2.പൂവന്ചിറഏല<br>3.വലിയചിറഏല<br>4.തെന്നൂര്കോണൺ ഏല<br>5.പാറയില്ഏല<br>6.നവഗ്രഹ നാറാങ്ങല് ഏല<br>7.അണ്ടൂര് ഏല<br>8.പോളയില്ഏല<br>9.മാമംകമുകറഏല<br>10.വെള്ളൂര്കോണംഏല<br>11.കിഴുവിലം ഏല | | 20<br>16<br>14<br>12<br>11<br>9<br>6<br>6<br>4 | | | | | |
| 7 | കൊക്കർണി | | | | | | | | |

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വികസനപദ്ധതികൾ തയ്യാറാക്കുമ്പോൾ ആ പ്രദേശത്തെബാധിക്കാനിടയുള്ള ദുരന്ത സാദ്ധ്യതകൾ കൂടി പരിഗണിക്കേണ്ട സാഹചര്യത്തിലേക്ക് കേരളം മാറുകയാണ്.ഇത്തരം സാധ്യതകൾകൂടി പരിഗണിച്ചാലേ ഒരുജനസൗഹൃദ സുസ്ഥിര ഹരിതവികസനത്തിലേക്ക് കേരളത്തെനയിക്കാനാവു. ഈ വസ്തുത കണക്കിലെടുത്താണ് കിഴുവിലം ഗ്രാമപഞ്ചായത്തിലെ ദുരന്ത നിവാരണ പദ്ധതി രേഖ തയ്യാറാക്കിയിട്ടുള്ളത്. കിഴുവിലം ഗ്രാമപഞ്ചായത്തിൽ നാളിതു വരെ നേരിട്ടിട്ടുള്ള ദുരന്തം വെള്ളപ്പൊക്ക ഭീഷണിയാണ്. എന്നാൽ അത് ഏതാനം ചില വാർഡുകളിലാണ് ബാധിക്കുന്നത്. എന്നാൽ എല്ലാ വാർഡുകളെയും ഒരു പോലെ ബാധിക്കാനിരിക്കുന്ന മുന്നിൽ കാണാവുന്ന ദുരന്തം വരൾച്ചാഭീഷണിയാണ്. അതുപോലെ തന്നെ കുന്നുകൾ ഇടിച്ച് മാറ്റുന്നത് ഭാവിയില് മണ്ണിടിച്ചില് പോലുള്ള ദുരന്തങ്ങൾക്കും കാരണമായേക്കാം. തുടർച്ചയായി രണ്ട് വർഷങ്ങളിലും ഉണ്ടായ വെള്ളപ്പൊക്കം നമ്മുക്ക് പ്രകൃതി തരുന്ന മുന്നറിയിപ്പാണ്. ദുരന്തങ്ങലെ മുൻകൂട്ടി കണ്ട് അതിൽ നിന്നും രക്ഷ നേടുന്നതിനുള്ള മാർഗ്ഗങ്ങള് സ്വീകരിക്കുകയാണ് ഇനി നമ്മുക്ക് മുന്നിലുള്ള ലക്ഷ്യം. കേരളത്തിൽ എല്ലാ പ്രദേശത്തും അനുഭവപ്പെടുന്ന പോലെ കാലാവസ്ഥാ വ്യതിയാനം കിഴുവിലം ഗ്രാമപഞ്ചായത്തിലും അനുഭവപ്പെടുന്നു. കൃത്യമായ ഇടവേളകളിൽ ലഭിച്ചു കൊണ്ടിരുന്ന മഴയുടെ ലഭ്യത കുറവ്, കഠിനമായ വരൾച്ച , അല്ലെങ്കിൽ അതിഭയങ്കരമായ മഴ , എന്നിവ നാം കുറച്ച് കാലങ്ങളായി അനുഭവിച്ച് വരികയാണ്. ഏത് പ്രദേശത്താണ് മഴയുടെ ലഭ്യത കുറവ് വരൾച്ച എന്നിവ കണ്ടത്തി അത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങള് ആദ്യം തന്നെ സ്വീകരിക്കുക, വെള്ളപ്പൊക്കം അനുഭവപ്പെടാൻ സാധ്യതയുള്ള വാർഡുകളില് മുന് കരുതലുകള് സ്വീകരിക്കുക എന്നിവ ജനങ്ങൾക്ക് വളരെ സഹായകരമായിരിക്കും.

## 2.1. ദുരന്ത ചരിത്രം

2018 ല് ഉണ്ടായ തുടർച്ചയായ മഴയില് പഞ്ചായത്തിലെ 18,19,20,1,17,11 വാർഡുകള് വെള്ളപ്പൊക്ക ഭീഷണി നേരിടുന്നവരുമായ കുടുംബങ്ങളെ പ്രസ്തുത സ്ഥലങ്ങളില് മാറ്റി പാർപ്പിക്കുകയും അവര്ക്കുവേണ്ടുന്ന ഭക്ഷണകാര്യങ്ങള് ഏര്പ്പെടുത്തുകയും 30 തോളം വീടുകളില് വെള്ളം കയറിയതുമൂലം അവര്ക്കു ധരിക്കാനുള്ള വസ്തങ്ങള് എത്തിച്ചുകൊടുത്തിരുന്നു, സന്നദ്ധ പ്രവര്ത്തകര് , ആംബുലന്സ് ഡോക്ടേഴ്സ് എന്നിവരും അവര്ക്കുവേണ്ടുന്ന സഹായങ്ങള് ചെയ്തുകൊണ്ടിരുന്നു.

### 2.1.1. കേന്ദ്ര/സംസ്ഥാനസർക്കാരുകൾ പട്ടികപ്പെടുത്തിപ്രഖ്യാപിച്ചിട്ടുള്ള ദുരന്തങ്ങളെ കുറിച്ചുള്ള ചരിത്രം

**കേന്ദ്ര/സംസ്ഥാനസർക്കാരുകൾ പട്ടികപ്പെടുത്തിപ്രഖ്യാപിച്ചിട്ടുള്ള (Notifed) ദുരന്തങ്ങളെ കുറിച്ചുള്ള വിവരങ്ങള്**
**പട്ടിക 2.1 :തദ്ദേശസ്വയംഭരണസ്ഥാപനംനേരിട്ടദുരന്തങ്ങളുടെചരിത്രം (കേന്ദ്ര/ കേരളസർക്കാർപട്ടികപ്പെടുത്തിയത്)**
**(കുറഞ്ഞപക്ഷം2015 ജനുവരിമുതൽഉള്ളത്)**

| ക്രമനമ്പർ | നേരിട്ടദുരന്തം | വർഷവുംമാസവും | ആഘാതം | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ആളപായംസംഭവിച്ചവർ | | | | | പകർച്ചവ്യാധികൾബാധിച്ചുമരിച്ചവരുടെഎണ്ണം | വളർത്തുമൃഗങ്ങൾ | തകർന്ന വീടുകൾ | | അടിസ്ഥാനസൗകര്യങ്ങൾ | | | കൃഷിനാശം (ഹെക്ടർ) | | ജീവനോപാധികൾ നഷ്ടപ്പെട്ടവർ (എണ്ണം) |
| | | | പുരുഷൻ | സ്ത്രീ | ട്രാൻസ്ജെൻഡർ | കുട്ടികൾ | ആകെ | | | ഭാഗികമായി | പൂർണ്ണമായി | റോഡിന്റെതരവും ദൂരവും കി.മീ | പാലം/ കലുങ്ക് തരവും എണ്ണവും | ഗാർഹികേതര കെട്ടിടങ്ങൾ (എണ്ണം) | ഇൻഷുറൻസ്ഉള്ളവ (ഹെക്ടർ) | ഇൻഷുറൻസ് ഇല്ലാത്തവ (ഹെക്ടർ) | |
| | വെള്ളപ്പൊക്കം | 2018 ആഗസ്ത് | 0 | 0 | 0 | 0 | 0 | 0 | 0 | 47 | 1 | 10 | 0 | 0 | 2 | 1 | 120 |
| | വെള്ളപ്പൊക്കം | 2019 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

## പ്രാദേശികദുരന്തങ്ങളുടെചരിത്രം/ പ്രധാനദുരന്തങ്ങൾ

### പട്ടിക 2.2:പ്രാദേശികദുരന്തങ്ങളുടെചരിത്രം/ പ്രധാനദുരന്തങ്ങൾ

| ക്രമനമ്പർ | നേരിട്ടദുരന്തം | വർഷവുംമാസവും | ആഘാതം | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ആളപായംസംഭവിച്ചവർ | | | | | പകർച്ചവ്യാധികൾബാധിച്ചുമരിച്ചവരുടെ എണ്ണം | വളർത്തുമൃഗങ്ങൾ* | തകർന്നവീടുകൾ | | അടിസ്ഥാനസൗകര്യങ്ങൾ | | | കൃഷിനാശം (ഹെക്ടർ) | | ജീവനോപാധികൾ നഷ്ടപ്പെട്ടവർ (എണ്ണം) |
| | | | പുരുഷൻ | സ്ത്രീ | ട്രാൻസ്ജെൻഡർ | കുട്ടികൾ | ആകെ | | | ഭാഗികമായി | പൂർണ്ണമായി | റോഡിന്റെ തരവുംദൂരവുംകി.മീ | പാലം/ കലുങ്ക് തരവും എണ്ണവും | ഗാർഹികേതര കെട്ടിടങ്ങൾ (എണ്ണം) | ഇൻഷുറൻസ് ഉള്ളവ (ഹെക്ടർ) | ഇൻഷുറൻസ് ഇല്ലാത്തവ (ഹെക്ടർ) | |
| | | | | | | | | | | | | | | | | | |

### 2.1.3. ദുരന്തങ്ങളുടെആവർത്തനകാലചക്രം

### പട്ടിക 2.3:ദുരന്തങ്ങളുടെആവർത്തനകാലചക്രം( '✓'അടയാളപ്പെടുത്തുക )

| ദുരന്തം | വർഷം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വെള്ളപ്പൊക്കം | 2018 | | | | | | ✓ | ✓ | ✓ | | ✓ | ✓ | |
| വെള്ളപ്പൊക്കം | 2019 | | | | | | ✓ | ✓ | ✓ | | ✓ | ✓ | |

## പ്രത്യേകപരിഗണനലഭിക്കേണ്ടവിഭാഗങ്ങൾ

### പട്ടിക 2.4:പ്രത്യേകപരിഗണനലഭിക്കേണ്ടവിഭാഗങ്ങൾ

| വിഭാഗങ്ങൾ | വാർഡ് നമ്പറുകൾ | പെൺ | ആൺ | ആകെ |
|---|---|---|---|---|
| 6 വയസ്സിൽതാഴെയുള്ളകുട്ടികൾ | | 1171 | 1183 | 2354 |
| ഭിന്നശേഷിക്കാർ | | 269 | 246 | 515 |
| സാന്ത്വനപരിചരണത്തിലുള്ളവർ | | 52 | 46 | 98 |
| 60 വയസിന് മുകളിൽഉള്ളവർ | | 3290 | 2985 | 6275 |
| അഗതികൾ | | 34 | 6 | 40 |
| ഗർഭിണികൾ(.......വരെയുള്ളവിവരം) | | 260 | XXXX | 260 |
| സ്ത്രീകൾഗൃഹനാഥയായവീടുകൾ | | 297 | XXXX | 297 |
| കെയർഹോമുകളിൽഉള്ളവർ | | 5 | 3 | 8 |
| അതിഥിതൊഴിലാളികൾ | | 2 | 61 | 63 |
| തനിയെ താമസിക്കുന്ന മുതിർന്ന വ്യക്തികൾ | | 106 | 26 | 132 |

## ദുരന്തസാധ്യതാപ്രദേശങ്ങൾ

### പട്ടിക 2.5:ദുരന്തസാധ്യതാപ്രദേശങ്ങൾ

| ക്രമ നമ്പർ | ദുരന്തസാധ്യത | ബാധകമായ പ്രദേശം, വാർഡ് | വീടുകൾ (എണ്ണം) | പൊതുകെട്ടിടങ്ങൾ |
|---|---|---|---|---|
| | | | | എണ്ണം |
| 1 | മണ്ണിടിച്ചിൽ / ഉരുൾപൊട്ടൽ | ബാധകമല്ല | ബാധകമല്ല | ബാധകമല്ല് |
| 2 | വെള്ളപ്പൊക്കം | 20,19,18,1,2,3 | 247 | 3 |
| 3 | കാട്ടുതീ | - ബാധകമല്ല | - ബാധകമല്ല | ബാധകമല്ല |
| 4 | തീരശോഷണം/ കടലാക്രമണം | - ബാധകമല്ല | - ബാധകമല്ല | ബാധകമല്ല |
| 5 | തീപിടിത്തം | ബാധകമല്ല | ബാധകമല്ല | ബാധകമല്ല |
| 6 | മുങ്ങിമരണം | ബാധകമല്ല | ബാധകമല്ല | ബാധകമല്ല |
| 7 | വൈദ്യുതാഘാതം | ബാധകമല്ല | ബാധകമല്ല | ബാധകമല്ല |
| 8 | രാസ-കീടനാശിനിദുരന്തങ്ങൾ | ബാധകമല്ല | ബാധകമല്ല | ബാധകമല്ല |
| 9 | പടക്കനിർമ്മാണ/സംഭരണശാലകൾ/ ഫാക്ടറികൾ | ബാധകമല്ല | ബാധകമല്ല | ബാധകമല്ല |
| 10 | മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം | ബാധകമല്ല | ബാധകമല്ല | ബാധകമല്ല |
| 11 | പാറക്കുളം | ബാധകമല്ല | ബാധകമല്ല | ബാധകമല്ല |
| 12 | കൊടുങ്കാറ്റ് | ബാധകമല്ല | ബാധകമല്ല | ബാധകമല്ല |
| 13 | സുനാമി | ബാധകമല്ല | ബാധകമല്ല | ബാധകമല്ല |
| 14 | മറ്റുള്ളവ (വിശദീകരിക്കുക) | ബാധകമല്ല | ബാധകമല്ല | ബാധകമല്ല |

## ഭൂമിശാസ്ത്രപരമായിദുരന്തസാധ്യതയുള്ളപ്രദേശങ്ങൾ

പട്ടിക 2.6:ഭൂമിശാസ്ത്രപരമായിദുരന്തസാധ്യതയുള്ളപ്രദേശങ്ങൾ

| ദുരന്തസാധ്യത | ദുരന്തഭീഷണിയുള്ളവാർഡുകൾ | ദുരന്തഭീഷണിയുള്ളപ്രദേശം | പ്രദേശത്തെ റോഡിന്റെ അവസ്ഥ | പ്രദേശത്തെ പാലങ്ങളുടെ അവസ്ഥ | പ്രദേശത്തെജലാശയം(എണ്ണം) | പ്രദേശത്തെ ജനവാസസ്ഥലങ്ങൾ/കോളനികൾ (എണ്ണം) | ദുരന്തഭീഷണിയുള്ളപ്രദേശത്തെജനസംഖ്യ | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| വെള്ളപ്പൊക്കഭീഷണി | 1,2,3,16,18,19,20 | | നിലവിൽ ഗതാഗതയോഗ്യമായ റോഡുകളാണ് ഉള്ളത്. എന്നാൽ ചില സ്ഥലങ്ങളിൽ റോഡിന്റെ വീതി കൂട്ടേണ്ടതുണ്ട് | ഗതാഗതയോഗ്യമായ പാലങ്ങൾ | 5 | 5 | 1501 | |

## 2.6. ദുരന്തഭീഷണിയുള്ളപ്രദേശങ്ങളിലെപൊതുകെട്ടിടങ്ങൾ

പട്ടിക 2.7:ദുരന്തഭീഷണിയുള്ള പ്രദേശങ്ങളിലെ പൊതുകെട്ടിടങ്ങൾ

| ദുരന്തസാധ്യത | ദുരന്തഭീഷണിയുള്ളവാർഡുകൾ | അങ്കണവാടികൾ | സ്കൂളുകൾ | ആരോഗ്യസ്ഥാപനങ്ങൾ | കമ്മ്യൂണിറ്റിഹാൾ | മറ്റുള്ളവ |
|---|---|---|---|---|---|---|
| വെള്ളപ്പൊക്കം | 1,2,3,16,19,20,18 | 10 | എസ് വി യു പി എസ് പുരവൂർ, | വെറ്റിനറി സബ്സെന്ററ് | 1155 കമ്യൂണിറ്റിഹാള് | |
| മണ്ണിടിച്ചില് | 10 | | | | | |

# ഒഴിപ്പിക്കൽപദ്ധതി

ദുരന്ത സാധ്യതാ മേഖലകളിൽ നിന്നും ജനങ്ങളെ ഒഴിപ്പിക്കേണ്ടി വരുമ്പോള് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി എന്നിവരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് വേണം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങള് പ്രവർത്തിക്കാന്. ദുരന്ത ആഘാത സാധ്യതമേഖലയുടെ മാപ്പിംഗ് അനുസരിച്ച് ഒഴിപ്പിക്കൽ നടപടികൾ ആരംഭിക്കുമ്പോൾ കൂടുതൽ റിസ്ക്ഉള്ളവർക്ക് ആദ്യപരിഗണന ൽകേണ്ടതാണ്.

- ഒഴിപ്പിക്കൽ നടപടികൾക്കായി ദുരിതാശ്വാസക്യാമ്പുകളിലേക്ക് അല്ലെങ്കിൽ ആശുപത്രികളിലേക്ക് കൊണ്ടുപോകുന്നതിന് ഉപയോഗിക്കുന്ന പാതകൾ വേഗത്തിൽ എത്തിച്ചേരാവുന്നതും സുരക്ഷിതവും ആയിരിക്കണം. ഇത്തരംപാതകളിൽ ഏതെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് കണ്ടുപിടിക്കുന്നതിനും എത്രയുംവേഗം തടസ്സങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങളോടെ സജ്ജരായി നിൽക്കാൻ അറിയിപ്പുകൾ നൽകേണ്ടതാണ്.
- മുൻതീരുമാന പ്രകാരംഉള്ള വഴി ഏതെങ്കിലും കാരണവശാൽ ഉപയോഗിക്കാൻ പറ്റാതായാൽ പകരം വഴിയെ കുറിച്ചുള്ള വ്യക്തതയും ഉണ്ടായിരിക്കണം.
- പൊതുജ നങ്ങൾ കൂടുതൽഉണ്ടാകാവുന്ന കേന്ദ്രങ്ങളിൽനിന്നും ജനങ്ങളെ ഒഴിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കി വയ്ക്കണം.
- ഒന്നിലധികം ദുരന്തബാധിതകേന്ദ്രങ്ങൾ ഉണ്ടെങ്കിൽ ഓരോ വാർഡിലേക്കും കേന്ദ്രത്തിലേക്കും ഉള്ള സംഘങ്ങൾ, സംഘങ്ങളുടെ നേതാക്കൾ അവരുടെ പ്രവർത്തനത്തിന് ആവശ്യമായ സാധനസാമഗ്രികൾ എന്നിവ രേഖപ്പെടുത്തിവയ്ക്കണം.
- ഓരോ തരം ദുരന്തവും മുന്നിൽ കണ്ടുകൊണ്ട് ഒഴിപ്പിക്കല് നടപടികള് ആസൂത്രണം ചെയ്യേണ്ടതാണ്.

## പട്ടിക 3.9: വെള്ളപ്പൊക്കത്തിന് അനിയോജ്യമായ ഒഴിപ്പിക്കല് പദ്ധതികള്

| ഒഴിപ്പിക്കൽപദ്ധതി : ദുരിതാശ്വാസ സൗകര്യങ്ങൾ | | | | | | |
|---|---|---|---|---|---|---|
| ദുരന്തസാധ്യതയുള്ള വാർഡുകൾ | ജനസംഖ്യ (പുരുഷൻ, സ്ത്രീ) | ഏറ്റവും അടുത്ത ദുരിതാശ്വാസ കേന്ദ്രം | ദുരിതാശ്വാസ കേന്ദ്രത്തിൽ ഉൾക്കൊള്ളാവുന്ന ജനസംഖ്യ | വഴി | | മൃഗങ്ങൾക്കുള്ളഷെൽട്ടർ |
| | | | | 1 | 2 | |
| | | | | | | |

# പൊതുസ്ഥാപനങ്ങൾക്കുള്ളഒഴിപ്പിക്കൽപദ്ധതി

| ദുരന്തസാധ്യ തയുള്ളവാർ ഡുകൾ | അങ്കണവാടി / നഴ്സറി | സ്കൂൾ / കോളേജ് / ഹോസ്റ്റൽ | ആശുപത്രി / കെയർഹോം | വഴി | | ഷെൽട്ടർ | |
|---|---|---|---|---|---|---|---|
| | | | | 1 | 2 | 1 | 2 |
| 1 | പൂവിളകുന്ന് അങ്കണവാടി | മാമം ജി വി ആര് എം യു പി എസ് | ആര് വി ഹോസ്പിറ്റല് | | | | |
| 2 | വലിയേലാ അങ്കണവാടി | അണ്ടൂര് എല് പി എസ് | അണ്ടൂര് പി എച്ച് എസ് സി | | | | |
| 3 | പുരവൂര് സാംസ്കാരിക നിലയം | കൂന്തള്ളൂര് എല് പി എസ് | ഇമാബി ഡര്ബാര്ഹാള് | | | | |
| 16 | പുരവൂര് അങ്കണവാടി | എസ് വി യു പി എസ് പുരവൂര് | 1155 കമ്യൂണിറ്റി ഹാള് | | | | |
| 19 | വെള്ളൂര്കോണം അങ്കണവാടി | പറയത്തുകോണം എല് പി സ്കൂള് | പഞ്ചായത്ത് കമ്യൂണിറ്റിഹാള് | | | | |
| 18 | കാട്ടുംപുറം അങ്കണവാടി | മുടപുരം യു പി എസ് | | | | | |
| 20 | പുലിയൂര്കോണം അങ്കണവാടി | ഗോകുലം പബ്ലിക് സ്കൂള് | | | | | |
| | നൈനാംകോണം അങ്കണവാടി | എസ് എസ് എം സ്കൂള് | | | | | |
| | മാമംനട അങ്കണവാടി | ശ്രീചിത്ര പബ്ലിക് സ്കൂള് | | | | | |
| | അരികത്ത് വാര് അങ്കണവാടി | ലോട്ടസ് സ്കൂള് | | | | | |
| | കുറക്കട അങ്കണവാടി | | | | | | |
| | മുടപുരം അങ്കണവാടി | | | | | | |
| | തെന്നൂര്കോണം അങ്കണവാടി | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | കിഴുവിലം അങ്കണവാടി<br>ചുമടുതാങ്ങി അങ്കണവാടി<br>കാട്ടുമുറാക്കല് അങ്കണവാടി<br>കുന്നുവാരം അങ്കണവാടി<br>പുളിമൂട് അങ്കണവാടി<br>കൂന്തള്ളൂര് അങ്കണവാടി | | | | | | |

# ദുരന്ത മുന്നൊരുക്ക - ലഘൂകരണ - സാമൂഹ്യശാക്തീകരണനടപടികൾ

| വെള്ളപ്പൊക്കദുരന്തസാധ്യത | | | | | | | |
|---|---|---|---|---|---|---|---|
| ദുരന്തസാധ്യതയുള്ളവാർഡുകൾ | ദുരന്തബാധിതപ്രദേശത്തേക്ക് രക്ഷാപ്രവർത്തനങ്ങൾക്ക് എത്തിച്ചേരാനുള്ളവഴി | ദുരന്തബാധിതപ്രദേശത്തിന്റെ അതിരുകൾ | ദുരന്തപ്രദേശത്തേക്കുള്ളപാലങ്ങൾ, കലുങ്കുകൾ | സുരക്ഷിതമായവ/ സുരക്ഷിതമല്ലാത്തവ | അനിവാര്യമായഇടപെടൽ | പ്രളയബാധിതരെ എത്തിക്കേണ്ടക്യാമ്പുകൾ | സൗകര്യങ്ങൾവർദ്ധിപ്പിക്കുവാനുള്ളഇടപെടൽനിർദ്ദേശങ്ങൾ |
| വാർഡ് 1 | ആറ്റിങ്ങൽ-ചിറയിൻകീഴ് റോഡ്,ചെറുവള്ളിമുക്ക് | പുരവൂർ ജംഗ്ഷൻ,കുന്നുമലക്ഷേത്രം പാങ്കുളം | പുരവൂർ പാലം | സുരക്ഷിതം | ആവശ്യമില്ല | പുരവൂർ സ്കൂൾ,<br>കൂന്തള്ളൂർ H.S.S | റോഡ് പുനരുദ്ധാരണം ആവശ്യം |
| വാർഡ് 3 | വിളയിൽമൂല<br>തകരപറമ്പ് | ചെറുവള്ളിമുക്ക്പാലം,<br>ആവണശ്ശേരിപാലം | കവണശ്ശേരിപാലം,<br>മഠത്തിൽപാലം | സുരക്ഷിതം | ഇറിഗേഷൻ വകുപ്പിന്റെ സേവനം ആവശ്യമാണ് | പുരവൂർ സ്കൂൾ, | മാമം ആറിന്റെ സൈഡ്വാള് സംരക്ഷണഭിത്തി നിർമ്മിക്കണം.തകരപ്പറമ്പ് സൈഡ്വാൾ കെട്ടണം. |

| | | | | | | | |
|---|---|---|---|---|---|---|---|
| വാർഡ് 14 | കമ്മാളൻകുന്ന് ആറ്റുവരമ്പിൽ തിട്ട റോഡ് , കൊററ്റുവിളാകം ആറ്റുവരമ്പിൽത്തിട്ട നടപ്പാത | ആറ്റുവരമ്പിൽ തിട്ട കമ്മാളൻകുന്ന് ,അക്കരതൊ വേലിയ്ക്കം ,കല്ലുകെട്ടി നടപ്പാത | സുരക്ഷിതം | ഇറിഗേഷൻ വകുപ്പിന്റെ സേവനം ആവശ്യമാണ് | കൂന്തള്ളൂർ സ്കൂൾ | ടോയിലറ്റ് സൌകര്യം, ബാത്ത് റൂം സൌകര്യം ആവശ്യമാണ് | അക്കരതൊടി ഗ്യാസ് ഏജൻസി നടപ്പാത ആവശ്യമാണ് |
| വാർഡ് 16 | മുള്ളുവിള റോഡ് ഇരട്ടകലിംഗ് പൂവൻചിറ റോഡ് | കാട്ടുമുറാക്കൽ ഇരട്ടകലിംഗ് പൂവൻചിറ | കല്ലുപാലം സുരക്ഷിതമല്ല | ഇറിഗേഷൻ വകുപ്പിന്റെ സേവനം ആവശ്യമാണ് | കൂന്തള്ളൂർ സ്കൂൾ | പൂവൻചിറ സൈഡ് വാൾ സംരക്ഷഭിത്ത് | ഇരട്ടകലിംഗ്പാലം, മുള്ളുവിള കല്ലുപാലം, കല്ലുപാലം |
| വാർഡ് 18 | വലിയകട വൈദ്യന്റെ മുക്ക് റോഡ് പുളിത്തറ | വൈദ്യന്റെ മുക്ക് | സുരക്ഷിതം | ഇറിഗേഷൻ വകുപ്പിന്റെ സേവനം ആവശ്യമാണ് | പടനിലം സ്കൂൾ | കോളനി അടിസ്ഥാ സൌകര്യം മെച്ചപ്പെടുത്തണം | വൈദ്യന്റെ മുക്ക് പാലം |
| വാർഡ് 19 | ആട്രികലം തോട്ടവാരം വയലിൽതിട്ട | തോട്ടവാരം,എരുമകാവ് വലിയകട | സുരക്ഷിതം | പാലത്തിന് കൈവരി ആവശ്യമാണ് | പടനിലം സ്കൂൾ | | സ്രാംമ്പിപാലം |
| വാർഡ് 20 | വലിയഏല, പുരവൂര്പാലം | വലിയ ഏല, കുഴിയറ | സുരക്ഷിതം | കോളനി അടിസ്ഥാന സൌകര്യം | കൂന്തള്ളൂര് സ്കൂള് | ഇറിഗേഷന് ഇടപെടല് | കുഴിയറ ബണ്ട് |

## മുന്നൊരുക്കപ്രവർത്തനങ്ങൾ (ഉദാഹരണം 2)

| വരൾച്ചദുരന്തസാധ്യത–ജലസ്രോതസ്സുകളുടെയുംജലാശയങ്ങളുടെയുംപരിപാലനം | | | | | | |
|---|---|---|---|---|---|---|
| വരൾച്ചസാധ്യതവാർഡുകൾ | നവീകരണംആവശ്യമുള്ളജലാശയങ്ങൾ | നവീകരണത്തിന്റെ സ്വഭാവം | | | | |
| | | ചെളികോരിവൃത്തിയാക്കൽ | തടസ്സങ്ങൾനീക്കലുംശുചീകരണവും | ആഴംകൂട്ടൽ | തീരസംരക്ഷണം | മഴക്കൊയ്ത്ത് |
| 2 | നെടുമണ്കോണം കുളം | ചെളിനീക്കംചെയ്യണം | ✓ | * | വേണം | അത്യാവശ്യമാണ് |
| 3 | കടന്പാട്ട് കുളം | നവീകരണം ആവശ്യം | ✓ | * | വേണം | ആവശ്യമാണ് |
| 5 | ജി വി ആര് എം യു പി എസ് കുളം | നവീകരണം ആവശ്യം | ✓ | * | വേണം | ആവശ്യമാണ് |

| | | | | | | |
|---|---|---|---|---|---|---|
| 6 | പറയത്തുകോണം കുളം | നവീകരണം ആവശ്യം | ✓ | * | വേണം | ആവശ്യമാണ് |
| 7 | | | | | | |
| 8 | അംബേദ്ക്കർ ഗ്രാമം അപ്പൂപ്പന് നട കുളം | നവീകരണം ആവശ്യം | ✓ | * | വേണം | ആവശ്യമാണ് |
| 9 | | | | | | |
| 10 | പൊയ്കയില് കുളം | നവീകരണം ആവശ്യം | ✓ | * | വേണം | ആവശ്യമാണ് |
| 11 | കാവടികുളം | നവീകരണം ആവശ്യം | ✓ | * | വേണം | ആവശ്യമാണ് |
| 12 | കോട്ടൂര്കോണം ലക്ഷംവീട്, തെന്നൂര്കോണ | നവീകരണം ആവശ്യം | ✓ | * | വേണം | ആവശ്യമാണ് |
| 15 | വാളകം കുളം | നവീകരണം ആവശ്യം | ✓ | * | വേണം | ആവശ്യമാണ് |

## ദുരിതാശ്വാസക്യാമ്പുകളിലെയും അഭയകേന്ദ്രങ്ങളിലെയും സഹായസംഭരണകേന്ദ്രങ്ങളിലെയും ഭൗതികസൗകര്യം മെച്ചപ്പെടുത്തൽ.

### പട്ടിക 4.3:മുന്നൊരുക്കപ്രവർത്തനങ്ങൾ (ഉദാഹരണം 3)

| ക്യാമ്പുകൾഅഭയകേന്ദ്രങ്ങൾ | വാർഡ് നമ്പർ | നവീകരണത്തിന്റെ സ്വഭാവം | | | | | | |
|---|---|---|---|---|---|---|---|---|
| | | അറ്റകുറ്റപ്പണികൾ | വൈദ്യുതീകരണം | കുടിവെള്ളം | പാചകപ്പുരഭക്ഷണശാല | ശുചിമുറികൾ | കുളിമുറികൾ | വഴിസുഗമമാക്കൽ |
| കൂന്തള്ളൂര് എല് പി എസ്, | 17 | അനിവാര്യം | അനിവാര്യം | അനിവാര്യം | ഉണ്ട് | കുറവാണ് | ഇല്ല | അനിവാര്യം |
| പുരവൂര് എസ് വി യു പി എസ് | 1 | അനിവാര്യം | അനിവാര്യം | അനിവാര്യം | ഉണ്ട് | കുറവാണ് | ഇല്ല | അനിവാര്യം |

## ദുരന്തലഘൂകരണപ്രവർത്തനങ്ങൾ

ദുരന്ത ലഘൂകരണം എന്നുദ്ദേശിക്കുന്നത് ദുരന്തത്തിന്റെ ആഘാതം കുറക്കുവനായുള്ള സുസ്ഥിര ഇടപെടലുകള് ആണ്. ഇതിൽ ഉൾപ്പെടുന്ന പ്രധാനപ്രവർത്തനങ്ങളിൽ ഒന്ന് പ്രദേശത്തെമണ്ണും, ജലവുംമറ്റുപ്രകൃതിസമ്പത്തുകളുംസ്വാഭാവിക അതിരുകളുംമറ്റും സംരക്ഷിക്കുകഎന്നതാണ്. ഇതിനാവശ്യമായ പ്രതിരോധ പ്രവർത്തനങ്ങളാണ് പരമാവധി ഏർപ്പെടുത്തേണ്ടത്. സ്വാഭാവിക അതിരുകൾ ബലപ്പെടുത്തുക, ജലത്തിന്റെസ്വാഭാവികഒഴുക്കിനെ പ്രതികൂലമായി ബാധിക്കുന്നതടസ്സങ്ങൾ ഇല്ലാതാക്കുക, മണ്ണിടിച്ചിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ അതിന്റെ സാധ്യത ഇല്ലാതാക്കുന്നതിനോ ആഘാതംകുറയ്ക്കുന്നതിനോ ആവശ്യമായ ഇടപെടലുകൾ നടത്തുക, പ്രാന്തവൽക്കരിക്കപ്പെട്ട വിഭാഗത്തിൽപ്പെട്ടവർ കൂട്ടത്തോടെ താമസിക്കുന്നവർ സ്ഥലങ്ങളിൽ പ്രത്യേക പരിഗണനയും ശ്രദ്ധയുംലഭ്യമാക്കുക തുടങ്ങിയ ഇടപെടലുകൾ ഇവിടെ പ്രസക്തമാണ്. ദുരന്താഘാതം പരമാവധികുറയ്ക്കാൻ കഴിയുന്നതരത്തിൽ കാർഷികവിളകൾക്കും കന്നുകാലിസമ്പത്തിനുമുള്ള സംരക്ഷണം ഉറപ്പാക്കുക എന്നിങ്ങനെഉള്ള ബഹുതല ഇടപെടലുകൾ ആണ് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഉണ്ടാകേണ്ടത്. കൃഷി, മൃഗസംരക്ഷണം, ജലസംരക്ഷണം, മണ്ണ് സംരക്ഷണം, മത്സ്യസംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം, കുടിവെള്ളം തുടങ്ങി വ്യത്യസ്ത വർക്കിംഗ് ഗ്രൂപ്പുകളുടെ ബഹുതല ഇടപെടൽ വേണ്ടിവരുന്ന മേഖലയാണ് ദുരന്ത ലഘൂകരണപ്രവർത്തനങ്ങൾ. ഇവയെയഥാവിധിഏകോപിപ്പിക്കാനുള്ളപ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപന ഭരണസമിതി നേതൃത്വം നൽകേണ്ടതുണ്ട്.

## ഉൾപ്പെടുത്താവുന്ന ഘടകങ്ങള്:

## ജലസംരക്ഷണപ്രവർത്തനങ്ങൾ

ജലസമൃദ്ധമായിരുന്ന കിഴുവിലം ഗ്രാമപഞ്ചായത്തില് ഇപ്പോള് വേനല് കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ജലസമ്പത്ത് കൈകാര്യം ചെയ്യുന്നതില് നാം കാണിച്ച അലംഭാവമാണ് ഇതിന് കാരണം. ഇത് മനസിലാക്കിയ ഗ്രാമപഞ്ചായത്ത് നിവാസികള് ഇപ്പോള് ജലം സംരക്ഷിക്കുന്നതിനുള്ള മാര്ഗ്ഗങ്ങള് സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. വേനല് കാലത്ത് അതിരൂക്ഷമായ വരള്ച്ചയും അനുഭവിക്കുന്ന നമ്മള് കാലവർഷത്തിനു ലഭിക്കുന്ന അധികജലെ തടഞ്ഞുനിര്ത്തുന്നതില് പരാജയപ്പെടുകയാണ് ചെയ്യുന്നത്. കുളങ്ങളുടെയും തോടുകളുടെയും വയലുകളുടെയും നശീകണമാണ് ഇതിന് പ്രധാന കാരണം ആയതിനാല് ഇവയുടെ സംരക്ഷണത്തിനും ജലസംരക്ഷണത്തിനും മാര്ഗ്ഗങ്ങള് സ്വീകരിച്ചു വരുന്നു.

## ജലാശയപുനർജ്ജീവനപ്രവർത്തനങ്ങൾ

കിഴുവിലം ഗ്രാമപഞ്ചായത്തിലൂടെ ഒഴുകുന്ന വാമനപുരം നദിയുടെയും മാമം ആറിന്റെയും സൈഡ് കെട്ടി സംരക്ഷിക്കുന്നതിനും മാലിന്യങ്ങള് നീക്കം ചെയ്യുന്നതിനുമുള്ള നടപടികള് സ്വീകരിക്കുന്നതാണ്. ആയതിലൂടെ നദികളുടെ സൈഡ് ഇടിയുന്നത് തടയുന്നതിനും നദികളുടെ സുഗമമായ ഒഴുക്ക് ഉറപ്പ് വരുത്തുന്നതിനും സാധിക്കും

## മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾ

ശക്തമായ കാലവര്ഷത്തില് മേല് മണ്ണ് ക്രമാതീതമായി നഷ്ടപ്പെടുന്നുണ്ട്. കുന്നുകള് ഇടിച്ച് താഴ്ത്തുന്നത് മൂലം മണ്ണിന്റെ സ്വാഭാവിക പ്രകൃതി നഷ്ടപ്പെടുകയും മണ്ണ് ഒലിച്ച് പോകുകയും ചെയ്യുന്നു. ജലം മണ്ണില്ർ താഴാന് അനുവദിച്ച് കൊണ്ട് മേലൊഴുക്ക് കുറയുന്നതിന് മാര്ഗ്ഗങ്ങള് സ്വീകരിക്കണം. മണ്ണ് നഷ്ടപ്പെടുന്നതിന് കാര്ഷിക വിളകളുടെ ഉല്പ്പാദനത്തിന്റെ അളവ് കുറയ്ക്കും. ഇത് കാര്ഷിക മേഖലയുയടെ തളര്ച്ചയ്ക്ക് കാരണമാകും. പ്രകൃതിയ്ക്ക് ഇണങ്ങിയ മാര്ഗ്ഗങ്ങള് സ്വീകരിച്ച് മണ്ണ് ഒഴുക്ക് തടയണം

## ഭൂചരിവ് സംരക്ഷണപ്രവർത്തനങ്ങൾ

സ്വാഭാവികമായുള്ള ചരിവ് പ്രതലങ്ങള് ഇടിച്ച് നിരത്തുന്നതിലൂടെ ഭൂപ്രകൃതി ഘടന മാറുകയും അത് മണ്ണിടിച്ചില് പ്രതലങ്ങള് ഇടിച്ച് നിരത്തുന്നതിലൂടെ ഭൂപ്രകൃതി ഘടന മാറുകയും അത് മണ്ണിടിച്ചില് പോലുള്ളവയ്ക്ക് കാരണമാവുകയും ചെയ്യും. സ്വാഭാവികമായ ഘടന നിലനിര്ത്തികൊണ്ട് കെട്ടിടനിര്മ്മാണ പ്രവര്ത്തനങ്ങള് ഉള്പ്പെടെയുള്ളവ നടപ്പിലാക്കണം.

## നീർത്തടപരിപാലനപ്രവർത്തനങ്ങൾ

## ഭൂവിനിയോഗ ആസൂത്രണം

കാര്യക്ഷമതയില്ലാത്ത ഭൂവിനിയോഗമാണ് ഇന്ന് കാണുന്ന പല പ്രശ്നങ്ങള്ക്കും കാരണം. ജനസംഖ്യാ വര്ദ്ധനവ് കണക്കിലെടുത്ത് സന്തുലിതമായ ഭൂവിനിയോഗ ആസൂത്രണം നടത്തിയാല് മാത്രമേ വരും തലമുറയ്ക്ക് കൂടി ഫലപ്രദമായ രീതിയില് ഉപയോഗിക്കുന്നതിന് സാധിക്കുകയുള്ളു. തരിശ് ഭൂമി പരമാവധി ഒഴിവാക്കി കൃഷി നടത്തുന്നതിനും വയല് നികത്തല് തടയുന്നതിനും മാര്ഗ്ഗങ്ങള് സ്വീകരിക്കുന്നതാണ്.

## ഹരിത നിർമ്മാണ പ്രവർത്തനങ്ങള്

ലോകത്തൊട്ടാകെ നടക്കുന്ന നിര്മ്മാണ പ്രവര്ത്തനങ്ങള്ക്ക് എല്ലാംതന്നെ വന് തോതില് പ്രകൃതി ചൂഷണം നടക്കുന്നുണ്ട്. പാറ മണല്, ഇഷ്ടിക, തടി എന്നിവ അമിതമായി ഉപയോഗിച്ചുള്ള നിര്മ്മാണങ്ങള് പ്രകൃതിയുടെ നാശത്തിന് കാരണമാവുന്നു. പ്രകൃതിക്ക് ഇണങ്ങുന്ന തരത്തിലുള്ള വിഭവങ്ങള് ഉപയോഗപ്പെടുത്തി മിതമായ നിര്മ്മാണ പ്രവര്ത്തനങ്ങള് നടത്തിയാല് മാത്രമേ നമുക്ക് നിലനില്ക്കുന്നതിന് സാധിക്കുകയുള്ളു. തടിയുടെ ഉപയോഗം കുറയ്ക്കുന്നതിന് ചകിരിച്ചോർ- ഫൈബര് ഉല്പന്നങ്ങള് ഉപയോഗിക്കുന്നതിലൂടെയും, പാറ, മണല്, ഇഷ്ടിക എന്നിവയ്ക്കുപകരം ആധുനിക രീതിയിലുള്ള നിര്മ്മാണ സാങ്കേതിക വിദ്യകള് ഉപയോഗിക്കുന്നതിലൂടെയും പ്രകൃതി ചൂഷണം ഒരു വലിയ പരിധിവരെ തടയാന് സാധിക്കുന്നതാണ്. അതാത് സ്ഥലത്തിന് യോജിച്ച രീതിയിലുള്ള നിര്മ്മാണങ്ങളാണ് നടത്തേണ്ടതെന്നും നമ്മള് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## മാലിന്യസംസ്കരണ/ പരിപാലനപരിപാടികൾ

വീടുകളിലെ മാലിന്യങ്ങള് പോലും പൊതുനിരത്തില് നിക്ഷേപിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. നമ്മുടെ മനോഭാവത്തില്ർ മാറ്റം വരുത്തിയാല് മാത്രമേ മാലിന്യ സംസ്കരണം വിജയകരമായി നടത്തുവാന് സാധിക്കുകയുള്ളു. ഉറവിട മാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുക ഹരിത കര്മ്മസേനയിലൂടെ (ശേഖരിക്കുന്നു) അജൈവമാലിന്യങ്ങല് സംസ്കരിക്കുന്നതിന് പഞ്ചായത്ത് തലത്തില് സംവിധാനം ഏര്പ്പെടുത്തുക എന്നിവയിലൂടെ മാലിന്യ സംസ്കരണം വിജയകരമായി നടപ്പിലാക്കാം.

## ഭൂഹരിതവൽക്കരണം

മരങ്ങളുടെ അമിതമായ നശീകരണമാണ് ഇന്ന് കാണുന്ന പല പ്രകൃതി ക്ഷോഭങ്ങള്ക്കും കാലാവസ്ഥാ വ്യതിയാനത്തിനും കാരണം. മരങ്ങള് പരമാവധി വച്ച് പിടിപ്പിക്കുന്നതിനും ഉള്ളവ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണണ്‍. പഞ്ചായത്തുകളില് പച്ചത്തുരുത്തുകള് ആരംഭിക്കണമെന്നുള്ള സര്ക്കാര് നിര്ദ്ദേശത്തെത്തുടര്ന്ന് 19-ാം വാര്ഡില് പച്ചത്തുരുത്ത് സ്ഥാപിക്കുകയും, ആയത് വജയകരമായതിനെതുടര്ന്ന് 3-ാം വാര്ഡില് ഒരു പച്ചത്തുരുത്തുകൂടി തുടങ്ങുകയും ചെയ്തിട്ടുണ്ട്.

## ഹരിതചട്ടങ്ങളുടെപാലനം

പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗമാണ് നമ്മുടെ പരിസ്ഥിതിയെ ഇത്രയധികം മലിനമാക്കിയത്. ഒറ്റതവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് നിരോധിച്ചതോടുകൂടി ആ ഗണത്തില് പ്പെട്ടവയുടെ ഉപയോഗം കുറഞ്ഞിട്ടുണ്ട്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിനും പഞ്ചായത്തില് നടക്കുന്ന എല്ലാ പരിപാടികള്ക്കും ഹരിതചട്ടം ഏര്പ്പെടുത്തുന്നതിനും സാധിക്കണം.
ഉപേക്ഷിക്കപ്പെട്ടകാവുകളുടെപാരിസ്ഥിതികപുനസ്ഥാപനനടപടികൾ

## പരിസ്ഥിതിസൗഹൃദറോഡ് നിർമ്മാണവുംനവീകരണവും

ഗതാഗത സൌകര്യം വര്ദ്ധിപ്പിക്കുന്നതിനായി റോഡുകള്ർ വ്യാപകമായി നിര്മ്മിച്ച് തുടങ്ങിയതോടെയാണ് പ്രകൃതിക്ക് കോട്ടം തട്ടി തുടങ്ങിയത്. പ്രാദേശികമായി അനുയോജ്യമായ പ്രകൃതി സൌഹൃദ റോഡുകളുടെ നിര്മ്മാണണ്‍ പ്രോത്സാഹിപ്പിക്കണം

## മറ്റ് ഗതാഗത മാർഗങ്ങള്

## കണ്ടൽക്കാടുകളുംമറ്റ് സസ്യങ്ങളുംഉപയോഗിച്ചുള്ളതീരസംരക്ഷണം

## നദീപുനരുദ്ധാരണവുംനദീതടസംരക്ഷണവും

പഞ്ചായത്തിലൂടെ ഒഴുകുന്ന നദികളിലെ മാലിന്യങ്ങല് നീക്കം ചെയ്ത് അവയുടെ സ്വാഭാവിക ഒഴുക്കിനെ സുഗമമാക്കുന്നതിനും നദിയുടെ വശങ്ങള് ഇടിയുന്നത് സംരക്ഷിക്കുന്നതിനായി സൈഡ് വാള് കെട്ടുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇനി ഞാന് ഒഴുകട്ടെ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ അണ്ടൂര് ഏലാതോട് വൃത്തിയാക്കി നീരൊഴുക്ക് ഉര്പ്പുവരുത്തിയിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ എല്ലാ തോടുകളും പുഴയുടെ കൈവഴികളും വൃത്തിയാക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

## കാട്ടുതീപ്രതിരോധം

## അപകട സാധ്യതയുള്ള മരങ്ങൾ കോതി ഒതുക്കല്

ഇക്കഴിഞ്ഞ വര്ഷങ്ങളില് ഉണ്ടായ പ്രകൃതി ക്ഷോഭങ്ങളില് മരങ്ങള് ഒടിഞ്ഞ് വീണ് ധാരാളം അപകടം ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിലെ അപകട സാധ്യതയുള്ള മരങ്ങളുടെ ശിഖരങ്ങള് അടിയന്തിരമായി വെട്ടിമാറ്റി അപകടങ്ങള് ഒഴിവാക്കേണ്ടതാണ്.

## സാമൂഹ്യബോധവൽക്കരണവുംജനകീയപ്രതിരോധംവളർത്തലും

കേരളത്തില് മുന് വര്ഷങ്ങളില് ഉണ്ടായ പ്രളയ സമയത്ത് ഏറ്റവും അധികം ശ്രദ്ധിക്കപ്പെട്ടത് രക്ഷാപ്രവര്ത്തനം നടത്തിയ യുവജനങ്ങളാണ്. എല്ലാ രക്ഷാ പ്രവര്ത്തനത്തിലും അവര് സജീവമായി ഇടപെടുകയും രക്ഷാപ്രവര്ത്തനം മികച്ച രീതിയില് നടത്തുകയും ചെയ്തിട്ടുള്ളതാണ്. പഞ്ചായത്തിലെ യുവാക്കളുടെ നേതൃത്വത്തില് ബോധവല്ക്കരണ പ്രവര്ത്തനം, പ്രചാരണ പ്രവര്ത്തനം, എന്നിവ നടത്തുന്നതിനും ആവശ്യമായ ടീമുകളെ സജ്ജീകരിക്കുന്നതിനും സാധിക്കും, അയല്ക്കൂട്ടങ്ങല്, കുടുംബശ്രീ എന്നിവയുടെ പ്രവര്ത്തനത്തിലൂടെ സമൂഹത്തിന്റെ താഴെ തട്ടില് ഉള്ളവരെ ബോധവല്ക്കരിക്കുന്നതിന് സാഘധിക്കും. മുതിര്ന്ന പൌരന്മാരുടെ കൂട്ടായ്മയിലൂടെ അവരുടെ അറിവുകള് പുതുതലമുറയ്ക്ക് പകര്ന്നു നല്കുന്നതിനും സാധിക്കും. NCC, NSS, SPC എന്നിവയിലെ അംഗങ്ങളെ ഉള്പ്പെടുത്തി ടീം രൂപീകരിക്കുന്നത് ദുരന്ത നിവാരണ പ്രവര്ത്തനത്തില് മികച്ച സേവനം ലഭ്യമാക്കും. അങ്കണവാടി പ്രവര്ത്തകര്, ആരോഗ്യപ്രവര്ത്തകര്, MGNREGS മേറ്റുമാര് എന്നിവരുടെ സഹായത്തോടെ വാര്ഡ്തലത്തില് മീറ്റിംഗുകള് വിളിച്ച് ചേര്ക്കുന്നതിനും ബോധവല്ക്കരണ ക്ലാസ്സുകള് നടത്തുന്നതിനും സാധിക്കും.

ഇതിനായി പരിശീലനങ്ങൾ നടത്തുന്നതും അവബോധം വർധിപ്പിക്കുന്ന പ്രവർത്തനങ്ങളും ദുരന്ത നിവാരണ പദ്ധതിയുടെ ഭാഗമാക്കെണ്ടതുണ്ട്. താഴെ കൊടുത്തിരിക്കുന്ന സംഘടനകളെ കേന്ദ്രീകരിച്ച് ചെയ്യാവുന്നതാണ്:

- സാമൂഹ്യാധിഷ്ഠിതസംഘടനകൾ
- ജനകീയ, സാംസ്കാരിക, സാമൂഹ്യസംഘടനകൾ
- പാടശേഖര സമിതികൾ
- രാഷ്ട്രീയ പാർട്ടികള്
- തൊഴിലാളിസംഘടനകൾ
- റസിഡൻസ് അസോസിയേഷന്
- കുടുംബശ്രീ, ആരോഗ്യ പ്രവർത്തകര്, MGNREGS മേറ്റുമാർ
- അങ്കണവാടി പ്രവർത്തകര്
- മുതിർന്ന പൗരരുടെ സംഘടനകള്
- ബാലസഭ, ബാലപഞ്ചായത്ത്
- NCC, NSS, SPC,സ്കൗട്&ഗൈഡ്

## ശക്തി-ദൗർബല്യങ്ങൾ/സാദ്ധ്യതകൾ,വെല്ലുവിളികൾഎന്നിവയുടെവിശകലനം

2018 ലെ മഹാപ്രളയത്തിലെ പല വാര്ഡുകളിലും വെള്ളം കയറുകയും ജനങ്ങളെ ക്യാന്പിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ജനങ്ങളെ സുരക്ഷിതരായി മാറ്റി പാര്പ്പിക്കുന്നതിന് സുരക്ഷിത പുനരധിവാസ കേന്ദ്രങ്ങള് ആവശ്യത്തില് ഉണ്ട് എന്നുള്ളതും അവയിലേയ്ക്ക് എത്തിചേരുന്നതിനായി റോഡുകള് ഉണ്ട് എന്നുള്ളതും ദുരന്ത നിവാരണത്തിന് സഹായിക്കുന്ന ഘടകങ്ങളാണ്. സര്ക്കാരില് നിന്നും മുന്നറിയിപ്പ് ലഭിക്കുന്ന സമയത്ത് തന്നെ സന്നദ്ധപ്രവര്ത്തകള് കൃത്യമായ നിര്ദ്ദേശഹ്ങല് നല്കുകയും ജനങ്ങളെ സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റുകയും ചെയ്യുന്നു.

സര്ക്കാര് തലത്തില് ഒരു പ്രാഥമികാരോഗ്യ കേന്ദ്രം മാത്രമാണുള്ളത്. ആയതിനാല് ക്യാന്പുകളില് ആവശ്യത്തിന് ജീവനക്കാരെ നിയോഗിക്കുന്നതിനു സാധിക്കാതെ വരുന്നു. സന്നദ്ധ പ്രവപര്ത്തനത്തിന് ആളുകള് മുന്നോട്ട് വരുന്നുണ്ട്. എങ്കിലും കൃത്യമായ പരിശീലനം സിദ്ധിച്ച വോളന്റിയര്മാരുടെ അഭാവം ചില സന്ദര്ഭങ്ങലില്ർ അനുഭവപ്പെടുന്നുണ്ട്.

ദുരന്തത്തിന്റെ അപകട സാധ്യത കുറയുന്ന്തിന് നമുക്ക് ചുറ്റുമുള്ള സംവിധാനങ്ങള് തന്നെ ആശ്രയിക്കേണ്ടിവരും. ആയതിനാല് അവ മികവുറഅറതാകേണ്ടതുണ്ട്. ദുരന്ത നിവാരണ പ്രവര്ത്തനങ്ങള്ക്കാവശ്യമായ ഫണ്ട് ഉറപ്പുവരുത്തുകയാണ് അതില് പ്രധാനം. കൂടാതെ പഞ്ചായത്തിനുള്ളില് വരുന്ന വിദ്യാഭ്യാസ സ്ഥാപന്ങ്ങലിലെ കുട്ടികളെ ഉപയോഗിച്ച് മുന്നറിയിപ്പ് വീടുകളില് എത്തിക്കുന്നതിനും എല്ലാ സ്ഥാപനങ്ങളും സംഘകടനകളും ആയുള്ള നിരന്തര കമ്മ്യൂണിക്കേഷന്റെ ഫലമായി അറിയിപ്പുകള് യഥാസമയം ജനങ്ങളില് എത്തിക്കുന്നതിന് സാധിക്കും.

ദുരന്തങ്ങൾ വരുമ്പോള് മാത്രമാണ് അതിന്റെ ഭീകരതയെക്കുറിയച്ച് നാം മനസിലാക്കുന്നത്. മുന് അനുഭവം ഇല്ലാത്തത് മുന്നറിയിപ്പുകളെ ലാഘവത്തോടെ കാണുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കും. ജനസാന്ദ്രത കൂടുതലുള്ള സ്ഥലത്ത് ഉണ്ടാവുന്ന ദുരന്തത്തിന്റെ തീവ്രത വളരെ കൂടുതലായിരിക്കും. ജനങ്ങളെ മാറ്റുന്നതിന് സാധിക്കുകയില്ല.

- **ശക്തി**: ദുരന്തത്തിന്റെ അപകട സാധ്യത കുറയ്ക്കുന്നതിനായി സമൂഹത്തിൽ ലഭ്യമായ വിഭവങ്ങളും സംവിധാനങ്ങളും പ്രാദേശിക സമൂഹത്തിന്റെ അതിജീവനശേഷിയും വ്യക്തമാക്കുക.

ഉദാ: പരിശീലനം സിദ്ധിച്ച സന്നദ്ധപ്രവർത്തകർ / സുരക്ഷിത പുനരധിവാസകേന്ദ്രങ്ങളുടെ എണ്ണം/ അവയിലേയ്ക്ക് എത്തിച്ചേരാനുള്ള സൗകര്യങ്ങൾ / നേരത്തേയുള്ള മുന്നറിയിപ്പ് സംവിധാനത്തിന്റെ ലഭ്യത.

- **ദൗർബല്യം**: ദുരന്തത്തിന്റെ അപകട സാധ്യത കുറയ്ക്കുന്നതിനായി സമൂഹത്തിൽ വിഭവങ്ങളുടേയും സംവിധാനങ്ങളുടേയും അഭാവം.

ഉദാ: സുരക്ഷിത പുനരധിവാസ കേന്ദ്രങ്ങളുടെ അഭാവം /ആധുനിക ചികിത്സാ സൗകര്യങ്ങളുടെ അഭാവം/ പരിശീലനം സിദ്ധിച്ച വോളന്റിയർമാരുടെ അഭാവം /ഒറ്റപ്പെട്ട സമൂഹങ്ങൾ /ദുർഘട പ്രദേശങ്ങൾ

- **സാധ്യത**: ദുരന്തത്തിന്റെഅപകടസാധ്യതകുറയ്ക്കുന്നതിനായിസമൂഹത്തിൽവിഭവങ്ങളും സംവിധാനങ്ങളും മികവുറ്റതാക്കുന്നതിനുള്ള സാദ്ധ്യതകൾ.

ഉദാ: ദുരന്ത രക്ഷാപുനരധിവാസപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത/ സംഘടനകളുമായുള്ള നെറ്റ് വർക്ക്/ വിദ്യാഭ്യാസസ്ഥാപനങ്ങൾ /ഗവേഷണസ്ഥാപനങ്ങൾ /മിലിട്ടറി- പാരാമിലിട്ടറി സേവനകളുടെ ലഭ്യത.

- **വെല്ലുവിളികൾ**: ദുരന്തത്തിന്റെഅപകടസാധ്യതകുറയ്ക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രധാനമായും നേരിടുന്ന വെല്ലുവിളികൾ.

ഉദാ : ദുരന്തങ്ങളുടെ മുന്നനുഭവത്തിന്റെ അഭാവം/ദുരന്ത സാധ്യതാ സ്ഥലത്തെ ജനപ്പെരുപ്പം

# വികസന പരിപ്രേഷ്യം

| ക്രമ .നം | മേഖല/ ഉപമേഖല | പരിപ്രേഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032 ലെ ലക്ഷ്യം) | പതിനാലാം പഞ്ചവൽസര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പഞ്ചവൽസര പദ്ധതിയിലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ജലസംരക്ഷണം | തോടുകളുടേയും നദികളുടേയും സംരക്ഷണം | വൃത്തിയുള്ളതും മാലിന്യം ഇല്ലാത്തതുമായ പുഴകൾ | മലിനമായ പുഴകൾ., തോടുകൾ | വൃത്തിയുള്ളതും മാലിന്യം ഇല്ലാത്തതുമായ പുഴകൾ, തോടുകൾ | സൈഡ്വാൾ, നെറ്റ് ഇവ കെട്ടി സംരക്ഷണം | സൈഡ്വാൾ നെറ്റ് ഇവ കെട്ടി സംരക്ഷണം |
| 2 | ജലസംരക്ഷണം | അനധികൃത കയ്യേറ്റങ്ങളും നിർമാണങ്ങളും തടയല് | ജലസ്രോതസ്സുകൾ , ചതുപ്പുകൾ എന്നിവിടങ്ങളിലെ അനധികൃത കയ്യേറ്റങ്ങളും നിർമാണങ്ങളും തടയല് | അനധികൃത കയ്യേറ്റങ്ങൾ | അനധികൃത കയ്യേറ്റങ്ങളും നിർമാണങ്ങളും തടയല് | അനധികൃത കയ്യേറ്റങ്ങളും നിർമാണങ്ങളും തടയൽ | കൃത്യമായ മോണിറ്ററിംഗ്, പരിശോധനകൾ |
| 3 | മാലിന്യ നിർമാർജനം | മാലിന്യ രഹിത പഞ്ചായത്ത് | പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യൽ | ഹരിതകർമ സേന പ്രവർത്തിക്കുന്നു | മാലിന്യ രഹിത പഞ്ചായത്ത് | പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യൽ | ഹരിതകർമസേന പ്രവർത്തനം, വാഹനം വാങ്ങൽ, എം.സി.എഫ്, ബയോപാർക്ക് തുടർപ്രവർത്തനങ്ങള് |
| 4 | ജലസംരക്ഷണം | എല്ലാവർക്കു കുടിവെള്ളം | എല്ലാവർക്കും കിണര് | കുടിവെള്ള ദൌർലഭ്യം | എല്ലാവർക്കു കുടിവെള്ളം | പുതിയ കിണറുകൾ | കിണർ നിർമാണത്തിന് സബ്സിഡി ധനസഹായം |
| 5 | ജലസംരക്ഷണം | എല്ലാവർക്കു കുടിവെള്ളം | എല്ലാവർക്കും പൈപ്പലൈൻ | കുടിവെള്ള ദൌർലഭ്യം | എല്ലാവർക്കു കുടിവെള്ളം | പൈപ്പ് ലൈൻ | പൈപ്പ്പെലൻ എക്സ്റ്റൻഷന് |
| 6 | ദുരന്തനിവാരണം | പുനരധിവാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കൽ | വൃത്തിയുള്ള ടോയ്ലറ്റുകൾ | പരിമിതം | പുനരധിവാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കല് | ടോയ്ലറ്റ് നിർമാണം | സ്കൂളുകളിൽ ടോയ്ലറ്റ് നിർമാണം |
| 7 | ദുരന്തനിവാരണം | പുനരധിവാസ കേന്ദ്രങ്ങളിലലേക്ക് ഗതാഗത സൌകര്യങ്ങൾ | ഗുണമേൻമയുള്ള റോഡുകൾ | പരിമിതം | പുനരധിവാസ കേന്ദ്രങ്ങളിലലേക്ക് ഗതാഗത സൌകര്യങ്ങൾ | റോഡ് മെയിന്റനൻസ് ,റോഡ് നിർമാണം | റോഡ് മെയിന്റനൻസ്, റോഡ് നിർമാണം |

# സംയോജന സാധ്യതകൾ

പതിനാലാം പഞ്ചവൽസര പദ്ധതിയില് ഗ്രാമപഞ്ചായത്തുകളുടെ സമഗ്ര വികസനത്തിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ലഭ്യമാകുന്ന ഫണ്ടുകള് അപര്യാപ്തമാണ്. പദ്ധതികൾ സംയോജിതമാക്കി വിവിധ ധനാഗമ സ്രോതസ്സുകൾക്കായി കേന്ദ്രാവിഷ്കൃത ഫണ്ട്, ഹെൽത്ത് ഗ്രാന്റ്, റൂറൽ അഗ്ലോമറേഷന് തൊഴിലുറപ്പ് ഫണ്ട് മറ്റ് ഡിപ്പാർട്ട്മെന്റ് തല വിഹിതങ്ങള് എന്നിവയുമായി സംയോജിപ്പിച്ച് മാത്രമേ സമഗ്ര വികസനം സാധ്യമാകൂ. വികസനമാണ് പ്രാദേശികാസൂത്രണത്തിന്റെ മുഖ്യമായ കാഴ്ചപ്പാട്. ഇത്തരത്തിൽ വിവിധ തലത്തിലുള്ള തദ്ദേശ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും പ്രവർത്തനങ്ങളെ കാര്യക്ഷമമായി ഏകോപിപ്പിച്ചുകൊണ്ടുള്ള പദ്ധതി ആസൂത്രണം ഗുണപരമായ മാറ്റങ്ങൾക്ക് കാരണമാകും. വിവിധ തലത്തിലുള്ള സ്ഥാപനങ്ങൾ ഏകീകൃതമായി, ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾക്കും ജനങ്ങളുടെ ആവശ്യകതകൾക്കും അനുസൃതമായി പദ്ധതികൾ നിർവ്വഹിക്കുമ്പോള് സമഗ്രവികസനം സാധ്യമാകും.

ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങള് ഗ്രാമപഞ്ചായത്ത് തലത്തില് ഏകോപിപ്പിച്ച് സംയോജിത സ്വഭാവം കൈവരിക്കാവുന്നതാണ്. വിവിധ സർക്കാര് വകുപ്പുകള് മുഖാന്തിരം നടപ്പിലാക്കുന്ന പ്രവർത്തനങ്ങള്, കേന്ദ്രാവിഷ്കൃത പരിപാടികള്, സംസ്ഥാനാവിഷ്കൃത പരിപാടികള്, വിവിധ ഏജൻസികള് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവയില് സംയോജന സാധ്യതകള് ആരായേണ്ടതാണ്. സമഗ്ര നെൽകൃ ഷിവികസനം, മറ്റ് കാർഷിക സമ്പൂർണ്ണ ശുചിത്വ പരിപാടി എന്നിവ സയോജന സാധ്യതകള് വിജയകരമായി നടപ്പിലാക്കിയ പദ്ധതികൾക്ക് ഉദാഹരണങ്ങളാണ്. സ്ഥാപനപരമായ സംയോജന സാധ്യതകളോടൊപ്പം തന്നെ പ്രാധാന്യം അർഹിക്കുന്നതാണ് സ്ഥലപരമായ സംയോജന സാധ്യതകള്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവ്വഹിക്കുന്ന മണ്ണ് സംരക്ഷണ, ജല സംരക്ഷണ പ്രവർത്തനങ്ങളെ കാർഷിക മേഖലയിലെ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്നതിലൂടെ കൂടുതല് വിജയം കൈവരിക്കാൻ സാധിക്കുന്നതാണ്. സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ അടിത്തറ നിർമ്മാണം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയത് ഇത്തരം സംയോജിത പദ്ധതിക്ക് ഉദാഹരണമാണ്.

പഞ്ചായത്തിന്റെ വളരെ പ്രധാന്യം അർഹിക്കുന്ന ഖരമാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾക്കും, മഴവെള്ള സംഭരണം, മറ്റ് നീർത്തട സംരക്ഷണ പദ്ധതികള് എന്നിവയിലും, കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കുന്ന മൈക്രോസംരഭ പദ്ധതികളിലും സ്ഥലപരവും ഘടനാപരവുമായ സംയോജന സാധ്യതകള് ആരായുന്നതാണ്.

1. സ്കൂളുകളുടെ അടിസ്ഥാന സൌകര്യ വികസനം. ജില്ലാ ബ്ളോക്ക് സംസ്ഥാന വിഹിതങ്ങൾ സാധ്യത ആരായുന്നതാണ്

2. ജലസംരക്ഷണ പ്രവർത്തനങ്ങള്- തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് ജല സ്രോതസ്സുകളുടെ നവീകരണം, കിണർ റീചാർജിംഗ്, കിണർ നിർമാണം

3. മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങള് - ശുചിത്വ മിഷൻ ഫണ്ടുമായി സംയോജിപ്പിച്ച്.

4. ഇറിഗേഷൻ വകുപ്പുമായി ചേർന്ന് നദികള്, തോടുകൾ, കനാലുകൾ എന്നിവിടങ്ങളിലെ ഒഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങള്.

# അദ്ധ്യായം - 3
# വികസന നയവും തന്ത്രവും

ഒരു നാടിന്റെ പുരോഗതി അവിടെ രൂപം നൽകുന്ന വികസന നയത്തെ അടിസ്ഥാനമാക്കിയാണ്. വികസനനയത്തിന് രൂപം നൽകുന്നതിന് ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തവും കൂട്ടായ പ്രയത്നവും ആവശ്യമാണ്. ജനകീയാസൂത്രണത്തിന്റെ ഒന്നാംഘട്ടത്തിൽ ലഭ്യമായ ജനകീയപങ്കാളിത്തം കേരളത്തിന്റെ വികസനപാതയിൽ ഒരു പുത്തൻ ദിശാശക്തിക്ക് വഴിതെളിച്ചു. ആ അനുഭവത്തിൽ നിന്നാണ് പതിനാലാം പദ്ധതിയിലും പൂർണ്ണമായ ജനകീയപങ്കാളിത്തം ഉറപ്പുവരുത്തുന്ന ജനകീയ ആസൂത്രണം ലക്ഷ്യമിടുന്നത്. കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ അടുത്തവർഷത്തെ പദ്ധതിക്ക് രൂപം നൽകുന്നതിന് ജനങ്ങളുടെ പരമാവധി പങ്കാളിത്തവും കൂട്ടായ പ്രവർത്തനവും ഉറപ്പുവരുത്താൻ ശ്രമിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമിട്ടുള്ള ഒരു വികസന തന്ത്രത്തിന് രൂപം നൽകുന്നതിന് ആസൂത്രണസമിതിയുടെ പ്രവർത്തനവും വർക്കിംഗ് ഗ്രൂപ്പുകളുടെ കഠിനപ്രയത്നവും ഗ്രാമസഭകളിലെ ക്രിയാത്മകമായ ചർച്ചകളും വിലപ്പെട്ട നിർദ്ദേശങ്ങളും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നയപരമായ സമീപനവും ഏറെ പ്രയോജനകരമായിട്ടുണ്ട്.

## പൊതുഭരണവും ധനകാര്യവും

പഞ്ചായത്തും, ഘടകസ്ഥാപനങ്ങളും പൊതുജന സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനം ഇതിനോടകം തന്നെ ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 13-ാം പഞ്ചവത്സരപദ്ധതി കാലത്ത് ലക്ഷ്യമിട്ടെങ്കിലും ആയത് നടപ്പിലാക്കാനായില്ല. 14-ാം പഞ്ചവത്സരപദ്ധതി കാലയളവിൽ ആയത് പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കാൻ കഴിഞ്ഞത് ഈ രംഗത്ത് വലിയൊരു നേട്ടമാണ്. ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഉൾപ്പെടെയുള്ള നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തി സേവനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾക്ക് രൂപം നൽകിയിട്ടുണ്ട്. തെരുവ് വിളക്കുകൾ എൽ.ഇ.ഡി.യിലേക്ക് മാറ്റുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതിനാൽ 14-ാം പദ്ധതിയിലെ വാർഷിക പദ്ധതികളിൽ തന്നെ അവ കൈവരിക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പഞ്ചായത്തിലേയും ഘടക സ്ഥാപനങ്ങളിലേയും അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ, ഗ്രാമകേന്ദ്രങ്ങൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും കണ്ടെത്തുക, സ്വന്തമായി സ്ഥലങ്ങളില്ലാത്ത അങ്കണവാടികൾക്ക് എല്ലാം സ്ഥലവും കെട്ടിടവും കണ്ടെത്തുക, സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്നിവ കൈവരിക്കുന്നതിന് ദീർഘകാലത്തിൽ മാത്രമേ സാധിക്കുകയുള്ളൂ.

പൊതുഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ധനപരമായ വെല്ലുവിളികൾ നേരിടുന്നതിനും തദ്ദേശ സ്ഥാപനത്തിന്റെ തനത് ഫണ്ട് വിപുലീകരിക്കേണ്ടതുണ്ട്. ഈ ആവശ്യത്തിലേക്കായി പരസ്യനികുതി ഈടാക്കൽ, വസ്തുനികുതി സർവ്വീസ് ചാർജ്ജ് ഈടാക്കൽ, മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകൽ, തൊഴിൽ നികുതി ഈടാക്കൽ, ട്യൂട്ടോറിയൽ പാരലൽ കോളേജുകൾ, ആശുപത്രികൾ, പാരമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ സമ്പൂർണ്ണമാക്കൽ, വസ്തുനികുതി സമ്പൂർണ്ണമായി പിരിച്ചെടുക്കൽ തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും തെരുവ് വിളക്ക് മീറ്ററിംഗ് ഏർപ്പെടുത്തൽ, സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകൾക്ക് മാത്രം വാട്ടർചാർജ്ജ് അടവാക്കൽ എന്നിവയിലൂടെ ധനവിനിയോഗം കാര്യക്ഷമമാക്കി കൂടുതൽ തനത് ഫണ്ട് കണ്ടെത്തുകയും, വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് വിഹിതം, സംസ്ഥാന, കേന്ദ്രവിഷ്കൃത പദ്ധതികളിലൂടെ ലഭ്യമാക്കുന്ന ഫണ്ടുകൾ എം.എൽ.എ., എം.പി തുടങ്ങിയ ജനപ്രതിനിധികളുടെ പ്രാദേശിക വികസനഫണ്ട് എന്നിവ പ്രയോജനപ്പെടുത്തികൊണ്ടുള്ള സമഗ്ര തന്ത്രത്തിലൂടെ പൊതുഭരണം കാര്യക്ഷമമാക്കുവാൻ കഴിയുന്നതാണ്. പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള സേവനം സമയബന്ധിതമായി കാര്യക്ഷമതയോടെ പ്രദാനം ചെയ്യുന്നതിന് ആവശ്യമായ കർമ്മ പദ്ധതിയ്ക്ക് രൂപം നല്കേണ്ടതുണ്ട്.

## കൃഷി (തൊഴിലുറപ്പ് പദ്ധതി, മണ്ണ്-ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം ഉൾപ്പെടെ)

കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതി പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിച്ച് കാർഷിക പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കും. പുതിയ തലമുറയിലെ കൃഷിക്കാർക്ക് കാർഷിക മേഖലയിൽ ഇടപെടുന്നതിനുള്ള പരിശീലനം നൽകുക, നെൽകൃഷിക്ക് പൊതുഞാറ്റടികളും, ഒരേ വിത്തും ഒരേസമയത്ത് കൃഷി ചെയ്യുവാനുള്ള സൗകര്യം ഒരേസമയത്ത് കൊയ്ത്ത്, എല്ലാ പാടശേഖരത്തിനും കൊയ്ത്ത് മെതിയന്ത്രം, ട്രാക്ടർ, പമ്പ്സെറ്റ് എന്നിവ നൽകുവാനുള്ള പദ്ധതികൾ എന്നിവയും ഏറ്റെടുക്കും. എല്ലാ പദ്ധതി പ്രവർത്തനങ്ങളും അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തികൊണ്ട് പദ്ധതിയുടെ പ്രാരംഭഘട്ടം മുതൽ അവസാനഘട്ടം വരെ ആസൂത്രണ സമിതി അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തും. പഞ്ചായത്തിലെ തരിശ്ശ് നിലങ്ങൾ മുഴുവൻ കൃഷിക്ക് ഉപയുക്തമാക്കിയും കരകൃഷി പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. കൃഷി സമൃദ്ധ കിഴുവിലം എന്ന പേരിൽ ആരംഭിക്കുന്ന സമഗ്രകൃഷി വികസന പദ്ധതിയും സംസ്ഥാന സർക്കാരിന്റെ ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയും ഏകോപിപ്പിച്ചുകൊണ്ട് വാർഡ്തലത്തിലും പഞ്ചായത്ത് തലത്തിലും കർഷക കൂട്ടായ്മകൾ സംഘടിപ്പിച്ച് കൃഷി പ്രവർത്തനങ്ങൾ ഊർജ്ജസ്വലതയും പാടശേഖര സമിതികളെ ശക്തിപ്പെടുത്തിയും കരകൃഷിയെ പ്രോത്സാഹിപ്പിച്ചും പരമാവധിപേരെ കാർഷികവൃദ്ധിയിലേക്ക് ആകർഷിക്കും.

## മൃഗസംരക്ഷണവും, ക്ഷീരവികസനവും

കിഴുവിലം ഗ്രാമപഞ്ചായത്തിലെ 14-ാം പഞ്ചവത്സരപദ്ധതി കാലത്ത് അടിയന്തിരമായി ഇടപെടേണ്ട മേഖലയാണ് മൃഗസംരക്ഷണം. കേരള സംസ്ഥാനത്തിന്റെ ആകെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ ഏകദേശം 3.5% സംഭാവന ചെയ്യുന്ന ഈ മേഖലയ്ക്ക് ചെലവാക്കുന്ന തുക ആകെ ബജറ്റിന്റെ ഒരു ശതമാനത്തിൽ താഴെ മാത്രമാണ്. ക്ഷീരകർഷകരുടെ ക്ഷേമവും അവരുടെ വരുമാന സാധ്യതകളും ഉയർത്തിയാൽ മാത്രമേ ഈ മേഖലയിൽ നിന്നും കൂടുതൽ സംഭാവനകൾ നമ്മുടെ സമൂഹത്തിന് നൽകാൻ കഴിയുകയുള്ളൂ. അതുകൊണ്ടുതന്നെ വികസന കാഴ്ചപ്പാടിൽ വളർത്തു മൃഗങ്ങളുടെ വംശവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു വികസന കാഴ്ചപ്പാട് നടപ്പിലാക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനം ആഭ്യന്തരമായി ഉയർത്തുന്നതിനുള്ള ഒരു കാഴ്ചപ്പാടോടുകൂടി മാത്രമേ നമുക്ക് പതിനാലാം പദ്ധതിയെ സമീപിക്കുവാൻ കഴിയുകയുള്ളൂ.

14-ാം പഞ്ചവത്സരപദ്ധതി കാലത്ത് ആളോഹരി പാൽ, മുട്ട, മാംസം എന്നിവയുടെ ഉപഭോഗം ഇരട്ടിയാക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് നാം ആസൂത്രണം ചെയ്യേണ്ടത്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കൂടുതൽ പദ്ധതികൾ, പശുക്കൾ, ആടുകൾ, പോത്തുകൾ, ഇറച്ചി കോഴികൾ, മുട്ടകോഴികൾ എന്നിവയുടെ വംശവർദ്ധനവും അവയുടെ വിതരണവും നാം ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. സമീപകാലഘട്ടത്തിൽ അമിതമായി തീറ്റ ചെലവ് വർദ്ധിക്കുന്നതും തീറ്റയുടെ ലഭ്യതകുറവും പാലിന് ന്യായമായ വില ലഭിക്കാത്തതും കാരണം കർഷകർ മൃഗസംരക്ഷണ മേഖലയിൽ നിന്നു പിൻമാറുന്ന സാഹചര്യം നിലനിൽക്കുന്നു. ആയതിന് പരിഹാരമായി കാലിത്തീറ്റ സബ്സിഡി, പാൽ ലിറ്ററിന് 4 രൂപ സബ്സിഡി കൂടാതെ കന്നുകുട്ടി പരിപാലനം പോലുള്ള പ്രോജക്ടുകളും നടപ്പാക്കി വരുന്നു. കൂടാതെ ക്ഷീരകർഷകർക്ക് കൂടുതൽ വരുമാന വർദ്ധനവിനും കാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സമഗ്രവും സംയോജിതവുമായ ഒരു പ്രോജക്ട് 'ക്ഷീരഗ്രാമം' എന്ന പേരിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. മാത്രമല്ല പുതുതലമുറ ഈ മേഖലയിലേക്ക് പ്രവേശിക്കാൻ മടിക്കുന്നുണ്ട്. ആയതിനാൽ അതിനൂതനമായ സാങ്കേതിക വിദ്യകൾ ഈ മേഖലയിൽ നടപ്പിലാക്കാനും ആവിധം യുവതലമുറയെ ഈ മേഖലയിലേക്ക് സ്വാഗതം ചെയ്യാനും വേണ്ട നടപടികൾ ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു ദീർഘകാല ആസൂത്രണം ലക്ഷ്യമാക്കേണ്ടതുണ്ട്.

വികസന കാഴ്ചപ്പാടും ലക്ഷ്യങ്ങളും വളരെവേഗം നടപ്പാക്കുന്നതിനാവശ്യമായ തന്ത്രങ്ങൾ കൂട്ടായി പ്രാവർത്തികമാക്കേണ്ടതുണ്ട്. പ്രാദേശികമായി തന്നെ ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനാവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. കുടുംബശ്രീ, ആശാവർക്കർ, അംഗൻവാടികൾ എന്നിവ കേന്ദ്രീകരിച്ചുകൊണ്ട് പരമാവധി ആളുകളെ മൃഗസംരക്ഷണമേഖലയോടു അടുപ്പിക്കുവാനുള്ള കണക്കു കൂട്ടിയുള്ളതും പ്രായോഗികമായതുമായ തന്ത്രം ആവിഷ്കരിച്ച് കൂട്ടായി നടപ്പിലാക്കേണ്ടതുണ്ട്. കാലിത്തീറ്റ വിതരണം പാലിന് സബ്സിഡി, കന്നുകുട്ടി വിതരണം, ആട് വളർത്തൽ, പശുവളർത്തൽ എന്നീ പദ്ധതികൾ ഏറ്റെടുത്തുകൊണ്ട് ഈ മേഖലയുടെ സമഗ്രവികസനം സാധ്യമാക്കുന്നതിന് പരിശ്രമിക്കുന്നതാണ്. വിവിധ ബാങ്കുകൾ, ക്ഷീര സഹകരണ സംഘങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ക്ഷീരകർഷക പ്രതിനിധികൾ, മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്ത യോഗം ചേർന്ന് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതാണ്.

## പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ) സഹകരണം മുതലായവ

കിഴുവിലം ഗ്രാമപഞ്ചായത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിനായി വ്യവസായ, സൂക്ഷ്മതല സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ആയതിനാവശ്യമായ സബ്സിഡി തുകയും വ്യക്തിഗത, ഗ്രൂപ്പ് സംരംഭങ്ങൾക്ക് സ്വയം തൊഴിലിന് ആസ്തികളും നൽകും. പഞ്ചായത്തിന്റെ പ്രാദേശികമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് സംരംഭകരെ ഈ പഞ്ചായത്തിലേക്ക് ആകർഷിക്കുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ ഈ മേഖലയുടെ വികസനത്തിന് സഹായകരമാകും. കാർഷിക വിഭവങ്ങൾ, പാൽ എന്നിവയെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ, സൂഷ്മതല സംരംഭങ്ങൾ എന്നിവ ആരംഭിക്കുന്നതിന് ആവശ്യമായ പരിശീലനവും അനുബന്ധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതാണ്.

## ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)

സർക്കാരിന്റെ ലൈഫ് പദ്ധതിയുമായി ചേർന്ന് കിഴുവിലം ഗ്രാമപഞ്ചായത്തിലെ ദരിദ്രരായ മുഴുവൻ ഭൂരഹിത ഭവന രഹിതർക്കും ഭൂമിയും വീടും ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കും. വീടുകൾ വാസയോഗ്യമാക്കുന്നതിന് ഭവന പുനരുദ്ധാരണം, മേൽക്കൂര മാറ്റൽ എന്നിവക്ക് ധനസഹായം നൽകും. ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് മേൽത്തട്ട് പഞ്ചായത്തുകളുടെ വിഹിതവും ഗവൺമെന്റ് വായ്പയും പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും. നാളിതുവരെ 89 വീടുകൾ ലൈഫ് ഭവനപദ്ധതി പ്രകാരം പൂർത്തീകരിച്ച് താക്കോൽ കൈമാറിയിട്ടുണ്ട്. 2022-23 വാർഷിക പദ്ധതിയിലും ഈ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ലൈഫിന്റെ പുതിയഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ,വൃദ്ധർ, കുട്ടികൾ, ഭിന്നലിംഗ വിഭാഗം മുതലായവ)

കിഴുവിലം ഗ്രാമപഞ്ചായത്തിലെ അംഗനവാടികൾക്ക് കെട്ടിടവും സ്ഥലവും ലഭ്യമാക്കുക എന്നത് ഹ്രസ്വകാല ഘട്ടത്തിൽ കൈവരിക്കാൻ കഴിയുകയില്ല. ആകയാൽ ഘട്ടംഘട്ടമായി ലക്ഷ്യം കൈവരിക്കുക എന്ന സമീപനം സ്വീകരിക്കാം. അതുപോലെ തന്നെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ധനസഹായം, അവർക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകൽ എന്നിവ ഹ്രസ്വ കാലഘട്ടത്തിൽ തന്നെ നിർവഹിക്കാൻ കഴിയും. എന്നാൽ അടിസ്ഥാന

സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഘട്ടംഘട്ടമായ സമീപനം സ്വീകരിക്കേണ്ടതായിട്ടുണ്ട്. ആരോഗ്യ പരിപാലനത്തിന് ആവശ്യമായ മരുന്ന്, മെഡിക്കൽ ക്യാമ്പ് എന്നിവ സംഘടിപ്പിക്കുക. വയോജനങ്ങൾക്ക് ഒത്തു ചേരുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം എന്നിവ സാധ്യമാക്കുന്നതിന് ദീർഘകാല പദ്ധതികൾ ത്രിതല പഞ്ചായത്ത് മുൻകൈ എടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഗ്രാമസഭകൾ, കലോത്സവങ്ങൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, പാലിയേറ്റീവ് കെയർ പദ്ധതിക്ക് മുൻതൂക്കം നൽകൽ എന്നിവ ഈ മേഖലയിൽ ശ്രദ്ധിക്കപ്പെടുന്നവയാണ്. ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക കഴിവുകൾ വളർത്തുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുന്നതാണ്.

## വനിതാവികസനം

സ്ത്രീ പദവി പഠനം നടത്തിയ ഗ്രാമപഞ്ചായത്താണ് നമ്മുടേത്. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് മെഡിക്കൽ ക്യാമ്പ്, ലഹരിവിരുദ്ധ ക്യാമ്പ്, ലൈഫ് സ്കിൽ എഡ്യൂക്കേഷൻ എന്നിവ നൽകുക, സ്ത്രീകൾക്ക് ചെറുകിട വ്യവസായ യൂണിറ്റ് സ്ഥാപിക്കുക, അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, പി.എസ്.സി. കോച്ചിംഗ് സെന്റർ സ്ഥാപിക്കുക, വിഷരഹിതമായ പച്ചക്കറി ഉപയോഗിക്കുന്നതിനായി അങ്കണവാടികളിൽ പച്ചക്കറി തോട്ടം നിർമ്മിക്കുക, സ്ത്രീ പദവി ഉയർത്തുന്നതിന് വേണ്ടി കാർഷിക, മൃഗസംരക്ഷണ തൊഴിൽ മേഖലകളിൽ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക. ജന്റർ റിസോഴ്സ് സെന്റർ സജ്ജമാക്കുകയും അത് നിലനിർത്തുകയും ചെയ്യുക എന്നത് അനിവാര്യമാണ്.

ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പഞ്ചായത്തിന്റെ വികസനഫണ്ട്, ത്രിതല പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ഫണ്ട്, പഞ്ചായത്തിന്റെ തനതുഫണ്ട് എന്നിവ കൂടാതെ എം.എൽ.എ., എം.പി. തുടങ്ങിയ ജനപ്രതിനിധികളുടെ പ്രാദേശിക വികസന ഫണ്ട്, സംസ്ഥാന കേന്ദ്രാവിഷ്കൃത ഫണ്ടുകളും പദ്ധതികളും ഈ ലക്ഷ്യം നിറവേറ്റുന്നതിനായി വിനിയോഗിക്കാൻ കഴിയും. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ സംവിധാനം മേൽതട്ട് പഞ്ചായത്തുകൾ എന്നിവയെ സംയോജിപ്പിച്ച് സ്ത്രീകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്ഥായിയായ വരുമാനമാർഗ്ഗം സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ, സൂക്ഷ്മതല സംരംഭങ്ങൾ ഹോളോബ്രിക്സ് യൂണിറ്റ്, മെഴുകുതിരി നിർമ്മാണയൂണിറ്റ് എന്നിവയെല്ലാം സ്ത്രീശാക്തീകരണത്തിനും അവരുടെ സ്ഥായിയായ വരുമാന സ്രോതസ്സിനും മുതൽക്കൂട്ടാകും.

## പട്ടികജാതി വികസനം

കിഴുവിലം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയുടെ 20% പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. എല്ലാ വികസന മേഖലകളിലും അവർക്ക് മുൻഗണന നൽകേണ്ടതും പ്രത്യേകം പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കേണ്ടതും അത്യാവശ്യമാണ്. അർഹരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും. വാസയോഗ്യമല്ലാത്ത വീട് പുനരുദ്ധാരണത്തിനും ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുന്നതിനും പൂർണ്ണമായി ഗാർഹിക കുടിവെള്ള കണക്ഷൻ എന്നിവ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കും. പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകും. പട്ടികജാതി കോളനികളിലെ അടിസ്ഥാന ഭൗതിക സാഹചര്യം മെച്ചപ്പെടുത്തും. ഈ മേഖലയിൽ സ്ഥിരമായി നടപ്പാക്കിവരുന്ന പദ്ധതികളിൽ നിന്നും വ്യതിചലിച്ച് ഓരോ കുടുംബത്തിലേയും ഒരു പ്രത്യേക യൂണിറ്റായി പരിഗണിച്ചുകൊണ്ടുള്ള വികസന മാതൃകയ്ക്കാണ് രൂപം നൽകിയിട്ടുള്ളത്. ഒട്ടേറെ ക്ഷേമപദ്ധതികളും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള നൂതനപദ്ധതികളും. തൊഴിലുറപ്പ് മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സ്ഥായിയായ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. കുടിവെള്ളം, വൈദ്യുതി, ഗതാഗതം എന്നീ മേഖലയ്ക്ക് പ്രത്യേക കരുതൽ നടത്തിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ ലഭ്യമാകുന്നതിനുതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കും.

## ആരോഗ്യം

പൊതുജനാരോഗ്യം നന്നായി നിലനിർത്തുകയും രോഗപ്രതിരോധ പ്രവർത്തനങ്ങൾ, യോഗ, മെഡിറ്റേഷൻ എന്നിവയിലൂടെ ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ ആയുർവേദ, ഹോമിയോ, പ്രൈമറി ഹെൽത്ത് സെന്റർ എന്നീ ആശുപത്രികളുടെ അടിസ്ഥാന, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക വഴി സാധിക്കും. ആശുപത്രികളിൽ എപ്പോഴും മരുന്നുകൾ ലഭ്യമാക്കുക, കൂടാതെ ചുവടെ ചേർക്കുന്ന തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് പദ്ധതികളായി നടപ്പിലാക്കണം.

## വെള്ളം :

ആശുപത്രിയിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി പുതിയ മാർഗ്ഗങ്ങൾ സ്വീകരിക്കണം. കിണർ റീചാർജ്ജിംഗ്, കുഴിൽകിണർ തുടങ്ങിയവ ലഭ്യമാക്കുന്നത് വഴി രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകുവാൻ കഴിയും.

## മാലിന്യ സംസ്ക്കരണം :

ഗ്രീൻ കേരള മിഷനുമായി ചേർന്ന് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തേണ്ടതുണ്ട്. ഉറവിട മാലിന്യ സംസ്കരണം പരമാവധി ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. മാലിന്യ സംസ്ക്കരണത്തിന് ബയോഗ്യാസ് പ്ലാന്റ് മുതലായവ സ്ഥാപിക്കണം.

വൃക്ക, കരൾ എന്നീ അവയവങ്ങൾക്ക് രോഗം ബാധിക്കുന്ന ആൾക്കാരുടെ എണ്ണം വളരെയധികം കൂടുന്ന സാഹചര്യത്തിൽ അത്തരം രോഗികളെയും രോഗം വരാൻ സാധ്യതയുള്ളവരെയും കണ്ടെത്തി അവർക്ക് മെച്ചപ്പെട്ട ചികിത്സയും രോഗപ്രതിരോധ നടപടികളും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. വർദ്ധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങൾ ലഘൂകരിക്കുന്നതിനും അവയ്ക്ക് ആവശ്യമായ ചികിത്സ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ഔഷധം വാങ്ങൽ, പാലിയേറ്റീവ് കെയർ എന്നിവയ്ക്കായി മുൻവർഷങ്ങളേക്കാൾ കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. കോവിഡ് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രത്യേക പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. ഇ - ഹെൽത്ത്, ഇ - സഞ്ജീവനി തുടങ്ങിയ ആധുനിക സങ്കേതങ്ങൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ അലോപ്പതി, ആയുർവ്വേദ ഹോമിയോ ചികിത്സാ വിഭാഗങ്ങളുടെ പ്രയോജനം കൂടുതൽ ലഭ്യമാക്കേണ്ടതുണ്ട്.

## കുടിവെള്ളം, ശുചിത്വം

ജലജീവൻ പദ്ധതി പരമാവധി പ്രയോജനപ്പെടുത്തി ശുദ്ധജല കുഴലുകൾ പരമാവധി ദീർഘിപ്പിച്ച് പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുക. അതോടൊപ്പം നിലവിലെ പൊതുടാപ്പുകൾ ഉപയോഗപ്രദമല്ലാത്തത് പൂട്ടുകയും ശുദ്ധജലം എത്താത്ത സ്ഥലങ്ങളിലേക്ക് കണക്ഷൻ നീട്ടുകയും ചെയ്യുക. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അംഗണവാടികളും ശുദ്ധജലം ലഭിക്കുന്നതിനായി കുടിവെള്ള കിണർ, ബോർവെൽ, വാട്ടർ അതോറിറ്റിയിൽ നിന്നും കണക്ഷൻ എന്നിവ നൽകുക. കൂടാതെ വരും കാലങ്ങളിൽ കൊടും വരൾച്ച ഉണ്ടാകാൻ സാധ്യത ഉള്ളതിനാൽ എല്ലാ വീട്ടിലും പരമാവധി മഴവെള്ളം ശേഖരിച്ച് വയ്ക്കുന്നതിനുള്ള മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, മഴക്കുഴികൾ നിർമ്മിക്കുക, കിണർ റീചാർജ്ജിംഗ് തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക കൂടാതെ പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണി സ്ഥാപിക്കുക. കിണർ റീചാർജ്ജിംഗ്, ഗാർഷിക കുടിവെള്ള കണക്ഷൻ, തുറസ്സായ കിണർ ശുചിത്വകിണറാക്കൽ, കിണർവെള്ളം പരിശോധന എന്നീ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. കിണറുകളിലെ കോളിഫാം ബാക്ടീരിയയുടെ അളവു കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കും.

കിഴുവിലം ഗ്രാമപഞ്ചായത്ത് **2016-17-ൽ** സമ്പൂർണ്ണ ഒ.ഡി.എഫ്. പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് സാധിച്ചു. എന്നാലും ഇനിയും നിരവധി ദരിദ്രകുടുംബങ്ങളിൽ ഉപയോഗ യോഗ്യമില്ലാത്ത ശൗചാലയങ്ങൾ ഉണ്ട്. ആയത് മാറ്റി പുതിയ ശൗചാലയങ്ങൾ നൽകുന്നതിന് പഞ്ചായത്ത് മുന്തിയ പരിഗണന നൽകും. ജൈവമാലിന്യം അതാത് വീടുകളിൽ തന്നെ ഇല്ലാതാക്കുന്നതിന് കമ്പോസ്റ്റ് കുഴി, ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും. കൂടാതെ മാലിന്യം പൊതു നിരത്തുകളിൽ വലിച്ചെറിയുന്നതിനെതിരെ ബോധവൽക്കരണ പരിപാടികൾ, നിയമപരമായ നടപടികൾ എന്നിവ സ്വീകരിക്കും. പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ സംഭരിച്ച് കൈമാറുന്നതിനുള്ള പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ശാശ്വതമായ മാലിന്യസംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഗാർഹിക തലത്തിലും സ്ഥാപനതലത്തിലും നടപ്പാക്കുന്നതാണ്. ഹരിതകർമ്മസേന പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതി രൂപീകരിക്കുന്നതാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വാഹനസൗകര്യം ലഭ്യമാക്കും.

## വിദ്യാഭ്യാസം, കലയും സംസ്ക്കരവും, യുവജനകാര്യം

സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പൊതുവിദ്യാലയങ്ങളെ ആകർഷകമാക്കി വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിച്ച് അവയെ ശക്തിപ്പെടുത്തുന്നതിന് സഹായകരമായി. അത് ആകർഷണീയമായ രീതിയിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തികൊണ്ട് മാത്രമാവരുത്, അക്കാഡമിക്തലവും വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തിൽ മേൽനോട്ടത്തിന് വിധേയമാക്കണം. ക്ലാസ്സ് മുറികൾ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി ആവശ്യത്തിന് ലാപ്ടോപ്പ്, കമ്പ്യൂട്ടർ, പ്രോജക്ടർ, സ്ക്രീൻ മുതലായവ ഒരുക്കേണ്ടതുണ്ട്. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കണം. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിച്ച് അവ ശക്തമാക്കണം. ഒരു സ്കൂളിൽ ഒരു മുറിയെങ്കിലും സ്മാർട്ട് ക്ലാസ്സ് റൂം ആയി രൂപാന്തരപ്പെടുത്തേണ്ടതുണ്ട്. സ്കൂളുകളിൽ ശുചിമുറി, പാചകപ്പുര എന്നിവ നിർമ്മിക്കുന്നതിന് മുൻഗണന നല്കും. പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതി മാസ്റ്റർപ്ലാൻ കാലികമാക്കുന്നതാണ്. വിദ്യാകിരൺ പദ്ധതി കൂടി പ്രയോജനപ്പെടുത്തി പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പഠന മികവ് വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

## പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)

ഗ്രാമപഞ്ചായത്തിന്റെ വികസനത്തെ വിലയിരുത്തുന്ന ഒരു സൂചകമാണ് പശ്ചാത്തല വികസനം. മറ്റേതൊരു മേഖലയുടെയും വികസനത്തിനാവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുക എന്നതാണ് ഈ മേഖലയുടെ പരമപ്രധാനമായ ധർമ്മം. ഉൽപ്പാദന മേഖലയിലായാലും സേവന മേഖലയിലായാലും നടക്കുന്ന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും ഗുണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും മറ്റുമേഖലകളുടെ ഏകോപനത്തിനും പശ്ചാത്തല മേഖല വികസിക്കേണ്ടത് അനിവാര്യമാണ്. കിഴുവിലം ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ നവീകരണവും നിർമ്മാണവും ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നതിന് വേണ്ട പദ്ധതികൾ ഉൾപ്പെടുത്തും. പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കും. പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. സഞ്ചാരയോഗ്യമല്ലാത്ത എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് റോഡുകൾക്ക് പുറമേ ചെറിയ കൽവർട്ടുകൾ കൂടി ഏറ്റെടുക്കേണ്ടതുണ്ട്.

## കാലാവസ്ഥാ വ്യതിയാനവും ദുരന്ത നിവാരണവും

ആശങ്കപ്പെടുത്തുന്ന കാലാവസ്ഥ വ്യതിയാനവും തൻമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളും പ്രതിരോധിക്കുന്നതിനുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതരത്തിലുള്ള പദ്ധതികളാണ് കാർഷികമേഖലയിലും മറ്റ് മേഖലകളിലും ഏറ്റെടുത്തിട്ടുള്ളത്. കഴിഞ്ഞ കാലത്തുണ്ടായ പ്രളയത്തിന്റെ ദുരന്താനുഭവത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് തലത്തിൽ ഒരു ദുരന്ത ലഘൂകരണ കർമ്മസേനയ്ക്ക് രൂപം നൽകേണ്ടതുണ്ട്. ഈ രംഗത്ത് ആവശ്യമായ പരിശീലനം ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്ക് ഫയർ & റസ്ക്യൂ സർവ്വീസിന്റെ സഹായത്തോടെ രൂപം നൽകുന്നതാണ്. ജൈവവൈവിദ്ധ്യ രജിസ്റ്റർ കാലികമാക്കി അതിന്റെ അടിസ്ഥാനത്തിൽ ജൈവസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്.

മേൽപ്പറഞ്ഞ വിവിധ മേഖലകളുടെ വികസനത്തിൽക്കൂടി സമഗ്ര നെൽകൃഷി വികസനവും കരകൃഷിയും പാലുല്പാദനവും ശാശ്വതമായ മാലിന്യനിർമ്മാർജ്ജനവും ഭവനരഹിതരില്ലാത്ത ഗ്രാമത്തിന്റെ സൃഷ്ടിയും സാമൂഹ്യ സുരക്ഷയും ശുദ്ധമായ കുടിവെള്ളവും ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങളും ആണ് പഞ്ചായത്ത് 2022-23 വാർഷികപദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

# അദ്ധ്യായം - 4
## വിഭവ സമാഹരണം

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | സാധാരണ വിഹിതം ജനറൽ | 17713000 |
| 2 | പ്രത്യക ഘടക പദ്ധതി | 13637000 |
| 3 | 15-ാം ധനകാര്യ കമ്മീഷൻ അവാർഡ്-ബെയ്സിക്ക് ഗ്രാന്റ് | 3416000 |
| 4 | 15-ാം ധനകാര്യ കമ്മീഷൻ അവാർഡ്-ടൈഡ് ഗ്രാന്റ് | 5124000 |
| 5 | മെയിന്റനൻസ് ഫണ്ട് - റോഡ് | 9310000 |
| 6 | മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 5490000 |
| 7 | നഗര സഞ്ചയ പദ്ധതി | 1200000 |
| 8 | കേന്ദ്രവിഷ്കൃത പദ്ധതി | 5635344 |
| 9 | സംസ്ഥാനവിഷ്കൃത പദ്ധതി | 10975879 |
| 10 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2615760 |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതം | 3079000 |
| 12 | മറ്റുള്ളവ | 10000000 |
| | ആകെ | 111603983 |
| 13 | MGNREGS ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-2022/23 | 60000000 |

| 2022/23 വാർഷിക പദ്ധതിയിലേയ്ക്ക് ആവശ്യമായ വകയിരുത്തലുകൾ | | |
|---|---|---|
| ക്രമ നമ്പർ | ഇനം | തുക |
| 1 | ഉല്പ്പാദന മേഖല (സാധാരണ വിഹിതം ജനറൽ-30%) | 5313900 |
| 2 | ശുചിത്വ മാലിന്യ സംസ്ക്കരണം, ജല സംരക്ഷണം(സാധാരണ വിഹിതം ജനറൽ-10%) | 1771300 |
| 3 | പാർപ്പിടം (വകയിരുത്തേണ്ട കുറഞ്ഞ തുക ജനറൽ+ പ്രത്യേക ഘടക പദ്ധതി 20 %) | 6270000 |
| 4 | വനിതാ ഘടക പദ്ധതി (ജനറൽ+ പ്രത്യക ഘടക പദ്ധതി 10 %) | 3135000 |
| 5 | കുട്ടകൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്ക് വേണ്ടിയുള്ള പദ്ധതി(ജനറൽ+ പ്രത്യക ഘടക പദ്ധതി 5 %) | 1567500 |
| 6 | വയോജനങ്ങള്ക്ക് വേണ്ടിയുള്ള പദ്ധതി (ജനറൽ+ പ്രത്യക ഘടക പദ്ധതി 5 %) (പാലിയേറ്റീവ് കെയർ ഉൾപ്പെടെ | 1567500 |
| 7 | ജനറൽ സാധാരണ വിഹിതം- പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുക (സാധാരണ വിഹിതം ജനറൽ-25%) | 4428250 |
| 8 | പട്ടികജാതി ഉപപദ്ധതി-പശ്ചാത്തലം- പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുക -30 % | 4091100 |

പതിനാലാം പഞ്ചവൽസര പദ്ധതിയിലേയ്ക്ക് ലഭ്യമാകുന്ന ആകെ തുക പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ലഭ്യമായ ആകെ തുകയുടെ 10 ശതമാനം അധികരിച്ച തുകയായി പ്രാഥമികമായി കണക്കാക്കാം എന്ന നിർദ്ദേശപ്രകാരം 20 കോടിയിലധികം രൂപ ലഭ്യമാകും എന്നു പ്രതീക്ഷിക്കുന്നു.

# അദ്ധ്യായം - 5
# വികസന മേഖല

## ഇരുപത്തഞ്ച് വർഷത്തെ വിലയിരുത്തല്

### ❖ പൊതുഭരണവും ധനകാര്യവും

1997-98 ൽ ആരംഭിച്ച് 2001-2002 ൽ പൂർത്തിയാക്കപ്പെട്ട 9-ാം പഞ്ചവൽസര പദ്ധതി ജനപങ്കാളിത്തത്തോടു കൂടിയുള്ള ആദ്യ ജനകീയാസൂത്രണ പദ്ധതിയായിരുന്നു. അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണ പ്രവർത്തനങ്ങളും സജ്ജമായി സമ്മേളിപ്പിച്ചുകൊണ്ട് മുന്നോട്ടുപോയ കഴിഞ്ഞ 25 വർഷക്കാലം നമ്മുടെ സംസ്ഥാനത്തും വിശിഷ്യാ കിഴുവിലം ഗ്രാമപഞ്ചായത്തിലും സൃഷ്ടിച്ച പുരോഗതി എടുത്ത് പറയേണ്ടതാണ്. 9-ാം പഞ്ചവൽസര പദ്ധതി അടിസ്ഥാന ലക്ഷ്യങ്ങള് ജനസംഖ്യാ നിയന്ത്രണം, ദാരിദ്ര്യ നിർമാർജ്ജനം, കൃഷിയും ഗ്രാമവികസനവും, പ്രാഥമിക ആരോഗ്യ പരിപാലനം, പ്രൈമറി എഡ്യുക്കേഷൻ, പാർശ്വവല്ക്കരിക്കപ്പെടുന്നവരുടെ വികസനം എന്നിവയായിരുന്നു. കേരളത്തിൽ ഒന്നാം ജനകീയാസൂത്രണ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങള് കൃഷി അനുബന്ധ മേഖലകള്, പരമ്പരാഗത വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നീ മേഖലകളില് ഉൽപ്പാദന ക്ഷമത വർദ്ധിപ്പിച്ച് ദാരിദ്ര്യ നിർമാർജ്ജനവും തൊഴില് സാധ്യതയും വർദ്ധിപ്പിക്കുക, സ്ത്രീ പുരുഷ അസമത്വം കുറച്ച് ലിംഗനീതി ഉറപ്പാക്കുക, സാമൂഹ്യ നീതി കൈവരിക്കുക, പ്രകൃതി ദത്ത വിഭവങ്ങൾ സമതുലിതമായും ഫലപ്രദമായും ഉപയോഗിക്കുക, ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ള വിതരണം, സാനിട്ടേഷൻ, ഖരമാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ അടിസ്ഥാന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുകയും ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുകയും ഫലപ്രദമായും സുതാര്യമായും ഭരണ സംവിധാനം മെച്ചപ്പെടുത്തുകയും ഫലപ്രദമായ വിഭവ വിനിയോഗം നടത്തുകയും ചെയ്യുക എന്നതായിരുന്നു. കേരളത്തിൽ ആദ്യ ജനകീയ പദ്ധതി പീപ്പിൾസ് പ്ലാന് ക്യാമ്പയിന് ആയാണ് നടപ്പിലാക്കിയത്. ഇത് പീന്നീട് kerala experiment in local planning എന്നറിയപ്പെട്ടു.

### ❖ മത്സ്യബന്ധം, തൊഴിലുറപ്പ് പദ്ധതി, മണ്ണ്-ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം ഉൾപ്പെടെ

ജനകീയാസൂത്രണ പദ്ധതിയുടെ പ്രാരംഭ ഘട്ടം മുതൽ 13-ാം പഞ്ചവത്സര പദ്ധതി വരെ തുടർന്ന് വന്ന പദ്ധതികളാണ് നെൽക്കൃഷി വികസനവും, പച്ചക്കറി കൃഷിക്കുള്ള വിവിധ പദ്ധതികളും കർഷകരും കർഷകത്തൊഴിലാളികളുടെയും എണ്ണം കുറഞ്ഞുവെങ്കിലും കൃഷിയോഗ്യമായ സ്ഥലങ്ങള് പരമാവധി ഉപയോഗപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുവാന് ജനകീയാസൂത്രണ പദ്ധതികള് കൊണ്ട് സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയില് കിഴുവിലം പഞ്ചായത്തിലെ പ്രധാന പദ്ധതിയായ നെൽക്ക്യഷി കൂടുതല് ലാഭകരമായി.

വാഴക്കൃഷിയും തെങ്ങ്കൃഷിയും, പച്ചക്കറി കൃഷിയും, കിഴങ്ങ് വർഗ്ഗ വിളകളുടെ കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനും ജനകീയാസൂത്രണ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. വകുപ്പ്തല പദ്ധതികളുടെ ഒപ്പം ജനകീയാസൂത്രണ പദ്ധതികളും കാര്യക്ഷമമായി നടപ്പിലാക്കിയത് കാരണമായി കർഷകർക്ക് കൃഷിയോടുള്ള താൽപര്യവും വർദ്ധിച്ചിട്ടുണ്ട്. പുതിയ തലമുറയെ കൂടി കൃഷിയിലേക്ക് ആകർഷിക്കുന്നതിനു വേണ്ട പദ്ധതികള് ഇനിയുള്ള വർഷങ്ങളില് നടപ്പിലാക്കേണ്ടതുണ്ട്.

## ❖ മൃഗസംരക്ഷണവും ക്ഷീര വികസനവും

കിഴുവിലം ഗ്രാമപഞ്ചായത്ത് മൃഗസംരക്ഷണ മേഖലയ്ക്ക് വിവിധ വർഷങ്ങളില് നൽകിയ പ്രാധാന്യം വിവിധ പദ്ധതി വർഷങ്ങളിലെ ചിലവ് പുരോഗതി പരിശോധിച്ചാല് മനസ്സിലാകുന്നതാണ്.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 1997-98 | 325000 |
| 2002-03 | 460000 |
| 2007-08 | 1900000 |
| 2012-13 | 654500 |
| 2013-14 | 1476000 |
| 2014-15 | 1382500 |
| 2015-16 | 1062500 |
| 2016-17 | 1829000 |
| 2017-18 | 2045500 |
| 2018-19 | 2185250 |
| 2019-20 | 1224000 |
| 2020-21 | 1481000 |
| 2021-22 | 896800 |

## ❖ പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം, സൂക്ഷ്മതല സംരംഭങ്ങൾ ഉൾപ്പെടെ) സഹകരണം മുതലായവ

നിരവധി പദ്ധതികൾ ചെറുകിടവ്യവസായ രംഗത്ത് കൊണ്ടുവന്നെങ്കിലും ഏറെകുറെ പരാജയപ്പെട്ടു. കാരണം യുവാക്കളിലെ അറിവില്ലായ്മ, പരിശീലന കുറവ്, ഗുണഭോക്താക്കൾക്ക് ബാങ്ക് ലോൺ കിട്ടാത്ത അവസ്ഥ, അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറവ് എന്നിവ. തുടർന്ന് വന്ന കാലഘട്ടത്തിൽ ചെറുകിട വ്യവസായ രംഗത്ത് പദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കി.

2009-10 ൽ കൂൺകൃഷി പരിശീലനം 60 വനിതകൾക്ക് പഞ്ചായത്തിലെ അഭ്യസ്ഥ വിദ്യരായ വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വിവിധ തൊഴിൽ പരിശീലന പരിപാടികൾ ഏറ്റെടുക്കുകയുണ്ടായി. 10 വനിതകൾക്ക് അടിസ്ഥാന കംമ്പ്യൂട്ടർ ആപ്ലിക്കേഷനുകളിൽ പരിശീലനം നൽകുകയുണ്ടായി. തയ്യൽ പരിജ്ഞാനമുള്ള 10 വനിതകൾക്ക് SCA ഫണ്ടിൽ നിന്നും 100000/- രൂപ ചെലവഴിച്ച് എംബ്രോയിഡറി പരിശീലനവും, taxtile start നൽകി. പൊതു വിഭാഗം പദ്ധതി വിഹിതത്തിൽ നിന്ന് 15000/- രൂപ ചെലവഴിച്ച് വനിതകളുടേയും കുട്ടികളുടേയും ഫാഷൻ വസ്ത്രങ്ങൾ തയ്ക്കുന്നതിനുള്ള പ്രത്യേക പരിശീലനം 30 വനിത ഗുണഭോക്താക്കൾക്ക് നൽകുകയുണ്ടായി. 2009-10 കാലയളവിൽ 18 വനിതകൾക്ക് ആട്ടോറിക്ഷ ഡ്രൈവിംഗിൽ പരിശീലനം നൽകി. 2012-13 വർഷത്തിൽ ഓട്ടോറിക്ഷ വാങ്ങുന്നതിന് 480000/- രൂപ ചെലവാക്കി പട്ടികജാതി വിഭാഗത്തിൽപെട്ട യുവാക്കൾക്ക് ഓട്ടോറിക്ഷ നൽകി . 2019, 2020, 2021 കാലഘട്ടത്തിൽ പഞ്ചായത്തിലെ ഹരിതകർമ്മസേന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ട നിരവധി പ്രോജക്ടുകൾ രൂപീകരിക്കുകയും കിഴുവിലം ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേന മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനം നടത്തിവരുന്നു.

1996 മുതൽ 2021 വരെയുള്ള കാലയളവിൽ പുരുഷൻമാരുടെ തൊഴിലില്ലായ്മ നിരക്ക് 10% നിന്നും 2.4% ആയി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. സ്ത്രീകളുടെ തൊഴിലില്ലായ്മ 2% കുറയ്ക്കാൻ സാധിച്ചു .കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയിലൂടെ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാകണമെങ്കിൽ സ്ത്രീകൾ വരുമാന ദായക സംരഭങ്ങളിൽ ഏർപ്പെടേണ്ടതുണ്ട്. കുടുംബശ്രീ സംവിധാനം വഴി മെച്ചപ്പെട്ട ജീവിത നിലവാരം കൈവരിക്കാൻ വനിതകൾക്ക് സാധിച്ചിട്ടുണ്ട്. 2030 വർഷമാകുമ്പോൾ കിഴുവിലം ഗ്രാമ പഞ്ചായത്ത് കുടുംബങ്ങളുടെ ജീവിതനിലവാരം കൂടുതൽ മെച്ചപ്പെടും.

## ❖ ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)

1999-2000 കാലയളവിൽ നടപ്പിലാക്കിയ തണല് ഭവനപദ്ധതിയിലൂടെ 126 ഓളം കുടുംബങ്ങൾക്ക് വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തുടർന്ന് വന്ന ഇ.എം.എസ് ഭവനപദ്ധതിയിലൂടെ 324 ഗുണഭോക്താക്കൾക്ക് 75000/- രൂപ നിരക്കിൽ ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിരുന്നു. 48 കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുകയും ഭവന നിർമ്മാണം പൂർത്തികരിക്കുകയും ചെയ്തു. 2008-09 ൽ ഇന്ദിര ആവാസ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 214 ഗുണഭോക്താക്കൾക്ക് വിവിധഗഡുക്കളായി തുക നൽകുവാന് കഴിഞ്ഞു. പഴക്കംചെന്ന വീടുകളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി വീട് മേൽക്കൂര മാറ്റല് എന്ന പദ്ധതിയില് ഉള്പ്പെടുത്തി 37 ഗുണഭോക്താക്കള്ക്ക് ആനുകൂല്യം നൽകി പദ്ധതി പൂർത്തികരിച്ചിട്ടുണ്ട്.

കഴിഞ്ഞ പഞ്ചവൽസര കാലയളവില് പണി പൂർത്തീകരിക്കാന് കഴിയാത്ത കുടുംബങ്ങളെ കണ്ടെത്തി വീട് പണി പൂർത്തീകരിക്കുവാന് ലൈഫ് ഫെയ്സ് 1 എന്ന പദ്ധതി 2017-18 കാലയളവിൽ നടപ്പിലാക്കുകയുണ്ടായി. ഇതിലൂടെ 72 കുടുംബങ്ങളെ കണ്ടെത്തുകയും ആനുപാതിക ധനസഹായമായി 28800000/-

ഭവന നിർമ്മാണം പൂർത്തീകരിച്ചു .2016-17, 2017-18 കാലയളവിൽ പി.എം.എ.വൈ പദ്ധതിയിലൂടെ 59 ഗുണഭോക്താക്കൾക്ക് തലചായ്ക്കുവാന് ഒരിടം സ്വപ്നം സാക്ഷാത്കരിക്കുവാന് കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ പഞ്ചവത്സര പദ്ധതികളില് ഭവന നിർമ്മാണത്തിനാണ് മുൻഗണന നല്കിയിരുന്നത്. ഇ.എം.എസ്, ഐ.എ.വൈ ഭവന പദ്ധതികളും മറ്റ് ഭവന പദ്ധതികളും വഴി പാർപ്പിട പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം കാണുവാൻ കഴിഞ്ഞിട്ടുണ്ട്. ഭൂമിയുടെ വിലയിലെ വൻതോതിലുള്ള വർദ്ധനവും ആവശ്യത്തിന് ഭൂമി ലഭ്യമല്ലാത്തതും ഭൂമി വാങ്ങുന്നതിനു വേണ്ടി വകയിരുത്തിയ തുക ചെവഴിക്കുന്നതില് ബുദ്ധിമുട്ട് അനുവഭവപ്പെട്ടു. പട്ടികാജാതി വിഭാഗത്തിന് ഭവന നിർമ്മാണത്തിനായി വകയിരുത്തിയ തുക ഗുണഭോക്താക്കളുടെ അഭാവം മൂലം പൂർണ്ണമായും ചെലവഴിക്കാന് സാധിച്ചില്ല എന്നത് പദ്ധതിയുടെ പരാജയത്തിന് കാരണമായി.

വിവിധ പുദ്ധതികളുടെ നിർവ്വഹണത്തില് വന്ന പ്രായോഗിക തടസ്സങ്ങള് ശരിയാമണ്ണം വിലയിരുത്തി ആയത് പരിഹരിക്കുന്നതിനുള്ള കാര്യക്ഷമവും പ്രായോഗികവും സമഗ്രവുമായി ഇടപെടലുകളിലൂടെ 14 -ാം പദ്ധതി കാലത്ത് ഈ മേഖലയിൽ കൂടുതല് വിജയം കൈവിക്കുവാന് കഴിയുമെന്ന് പ്രത്യാശിക്കുന്നു.

## ❖ സാമൂഹ്യ നീതി (ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ട്രാൻസ്ജൻഡേഴ്സ് മുതലായവ)

കുട്ടികൾ സ്ത്രീകള് വയോജനങ്ങള് പരമ്പരാഗത തൊഴിലുകളില് ഏർപ്പെട്ടിരിക്കുന്നവര് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവര് അഗതികള് പാലിയേറ്റീവ് കെയര് രോഗികള് എന്നിവരുടെ ക്ഷേമവികസന പുനരധിവാസ പ്രവർത്തനങ്ങളാണ് സാമൂഹ്യ നീതി മേഖലയില് നടപ്പിലാക്കി വരുന്നത്. ആയുർദൈർഘ്യം കൂടിയതു മൂലം യുവജനങ്ങളെക്കാൾ വൃദ്ധരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് ഈ മേഖലയില് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ട സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനാവശ്യമായ നടപടികളും പാലിയേറ്റീവ് കെയർ രോഗികൾക്ക് ആവശ്യമായ മരുന്നുകളും പരിചരണങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസ പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ടതുണ്ട്.

അഗതികളുടെ പുനരധിവാസത്തിനുള്ള ആശ്രയ പരിപാടി, ശയ്യാവലംബികളായ രോഗികളുടെ പരിചരണത്തിനായി 2011-12 വർഷം മുതല് സാന്ത്വനം എന്ന പേരില് പാലിയേറ്റീവ് കെയര് പദ്ധതി ആരംഭിക്കുകയുണ്ടായി.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രതികാരം 2008-09 വർഷം മുതല് കായികാദ്ധാനത്തിനു തയ്യാറുള്ള തൊഴിൽരഹിതർക്ക് തൊഴില് നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

കിഴുവിലം ഗ്രാമപഞ്ചായത്ത് 1996 ലെയും നിലവിലെയും അവസ്ഥ പരിശോധിക്കുകയാണെങ്കിൽ സാമൂഹികനീതി ഉറപ്പാക്കുന്നതിന് പഞ്ചായത്ത് 25 വർഷം കൊണ്ട് വഹിച്ച പുരോഗതി മനസിലാക്കാവുന്നതാണ്. അംഗൻവാടികളുടെ എണ്ണം നാലില് നിന്ന് 33 ആയി ഉയർന്നിട്ടുണ്ട്. കൂടാതെ അംഗൻവാടികളുടെ ഭൌതിക സാഹചര്യങ്ങൾ വളരെയധികം പുരോഗമിച്ചിട്ടുണ്ട്. വിവിധ പെൻഷനുകള് ലഭ്യമാകുന്നവരുടെ എണ്ണത്തില് വലിയ തോതിലുള്ള വർദ്ധനവാണ് 25 വർഷകാലയളവില് ഉണ്ടായിട്ടുള്ളത്.

സമൂഹത്തിലെ വിവിധ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും ഈ വിഭാഗങ്ങൾക്ക് സുരക്ഷിതവും ഉല്പാദന ക്ഷമവുമായ അന്തസുറ്റ ജീവിതം ഉറപ്പാക്കുന്നതിനുമായി 25 വർഷത്തെ പ്രവർത്തനങ്ങള് കൊണ്ട് സാധിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെയും സമൂഹത്തിന്റെയും മതിയായ പിൻതുണയോടെ ദുർബല വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുക എന്നുള്ളതാണ് ഈ രംഗത്തെ പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട്. ട്രാൻസ്ജെന്റർ വ്യക്തികളുടെ അവകാശ സംരക്ഷണത്തിനായി പാർളമെന്റ് ചരിത്ര നിയമം പാസാക്കിയ 2019 വർഷം മുതല് ട്രാൻസ്ജെൻഡര് വ്യക്തികളുടെ ഉന്നമനം എന്ന വലിയ ഉത്തരവാദിത്വം കൂടി പ്രാദേശിക സർക്കാരുകൾക്ക് ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്.

## ❖ വനിതാ വികസനം

9-ാം പഞ്ചവത്സര പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്ന് സ്ത്രീ ശാക്തീകരണം എന്നതായിരുന്നു. സ്ത്രീകളുടെ സാമൂഹിക വിപ്ലവത്തിന്റെയും വികസനത്തിന്റെയും ഏജന്റ് എന്ന പേരില് 9-ാം പദ്ധതി വിവക്ഷിച്ചത്. വനിത ഘടക പദ്ധതി എന്ന നിലയിൽ സ്ത്രീകൾക്ക് വേണ്ടി മാത്രം ഉള്ളതും സ്ത്രീകളുടെ വിഷയങ്ങൾ പരിഹരിക്കാന് വേണ്ടിയുള്ളതുമായ പ്രത്യേക പദ്ധതി നിലവില് വന്നു. 9-ാം പദ്ധതി കാലത്താണ് പാർളമെന്റിലും നിയമസഭ അസംബ്ലികളിലും സ്ത്രീകൾക്ക് 1/3 റിസർവേഷന് പ്രാവർത്തികമാക്കിയത്. എന്നാൽ സ്ത്രീകളുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുക, സ്ത്രീധന സംമ്പ്രദായം അവസാനിപ്പിക്കുക തുല്യ ജോലിയ്ക്ക് തുല്യ വേതനം ഉറപ്പുവരുത്തുക എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കാന് പദ്ധതി കാലയളവില് കഴിഞ്ഞില്ലെങ്കിലും 9-ാം പഞ്ചവത്സര പദ്ധതി സ്വതന്ത്ര ഭാരതത്തിലെ ഏറ്റവും പ്രാധാന്യം ഏറിയ സ്ത്രീ ശാക്തീകരണ പദ്ധതിയായി മാറി. 2001 സ്ത്രീശാക്തീകരണ വർഷമായി ആഘോഷിച്ചു.

9-ാം പദ്ധതി കാലയളവിൽ കിഴുവിലം ഗ്രാമപഞ്ചായത്ത് 5 വാർഷിക പദ്ധതികളിലായി വനിതാ വികസന മേഖലയിൽ 11380736/- രൂപ ചെലവഴിച്ചു.

10-ാം പഞ്ചവത്സര പദ്ധതി സ്ത്രീകളുടെ സാമൂഹിക ശാക്തീകരണം, സാമ്പത്തിക ശാക്തീകരണം ജൻഡര് ജസ്റ്റിസ് എന്നീ മൂന്ന് മേഘലയാണ് പ്രധാനമായും ലക്ഷ്യമിട്ടത്. കിഴുവിലം ഗ്രാമപഞ്ചായത്ത് 10-ാം പദ്ധതിയോട് കൂടി അംഗൻവാടികളുടെ എണ്ണം 30 ആയി ഉയർന്നു. ഗ്രാമസഭകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം

മൊത്തം പങ്കെടുത്തവരുടെ 80 ശതമാനത്തോളം ആയി വർദ്ധിച്ചു. വനിതാ സ്വയം സഹായ സംഘങ്ങളുടെ എണ്ണം 5 ൽ നിന്നും 180 ആയി വർദ്ധിച്ചു. ജനസംഖ്യ ആനുപാതികകമായി സ്ത്രീകൾക്ക് സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലും ഭരണ രംഗങ്ങളിലും ഗണ്യമായ പ്രാതിനിത്യം ഉണ്ടാകാനുള്ള തീവ്രശ്രമം ശക്തിപ്പെട്ടു. കൃഷി, മൃഗസംരക്ഷണമേഖലകളിലും കെട്ടിടനിർമ്മാണം കുടില് വ്യവസായങ്ങള് വ്യാപാര മേഖലകള് കശുവണ്ടി സംസ്കരണം അദ്ധ്യാപനം സഹകരണ മേഖല എന്നിവയിൽ എല്ലാം തന്നെ വനിതകളുടെ വ്യക്തമായ മുന്നേറ്റം ഉണ്ടായിട്ടുണ്ട്. സ്ത്രീകളുടെതായ ലഘുസമ്പാദ്യ പദ്ധതികള് സാമ്പത്തിക മുന്നേറ്റത്തിന് വഴി ഒരുക്കിയിട്ടുണ്ട്. സ്വയം സഹായ സംഘങ്ങളുടെ ലഘു സമ്പാദ്യമായി 25 ലക്ഷത്തോളം രൂപ 10-ാം പഞ്ചവത്സരപദ്ധതി കാലയളവിൽ സമാഹരിക്കാന് കഴിഞ്ഞിട്ടുണ്ട്.

അസംഘടിത മേഖലകളിലെ സ്ത്രീ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുക. എന്നതായിരുന്നു 11-ാം പഞ്ചവത്സര പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്ന്. 11-ാം പഞ്ചവത്സര പദ്ധതി കാലത്ത് കിഴുവിലം ഗ്രാമപഞ്ചായത്ത് സ്ത്രീ കേന്ദ്രീകൃത സ്വയം സഹായ സംഘങ്ങളും സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളും ധാരാളമായി രൂപീകരിക്കുകയും ഇവ ജനങ്ങളുടെ സാമ്പത്തിക വികസനത്തേയും തൊഴിൽ സാധ്യതകളേയും ധാരാളമായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 11-ാംപഞ്ചവത്സര പദ്ധതിക്കാലത്ത് സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത രണ്ട് അംഗൻവാടികൾക്ക് ഭൂമിയും കെട്ടിടവും ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ വിവിധ അംഗൻവാടികൾക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങള് വർദ്ധിപ്പിക്കുന്നതിനും കുടിവെള്ള കണക്ഷന് ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി വനിത വികസനവുമായി ബന്ധപ്പെട്ട നിരവധി പ്രോജക്ടുകൾ കിഴുവിലം ഗ്രാമപഞ്ചായത്തില് നടപ്പിലാക്കിയിരുന്നു. കുടുംബശ്രീയുമായി ബന്ധപ്പെട്ട് നിരവധി സ്വയം തൊഴിൽ സംരംഭങ്ങളും കുടില് വ്യവസായങ്ങളും ഈ പദ്ധതി കാലയളവില് വിഭാവനം ചെയ്ത് നടപ്പിലാക്കി വന്നു.

13-ാം പഞ്ചവത്സര പദ്ധതി കാർഷിക മേഖല മൃഗസംരക്ഷണം ക്ഷീരവികസന മേഖല എന്നിവയിൽ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുന്നതിന് മുന്തിയ പരിഗണന നൽകി. സ്ത്രീകൾ അംഗങ്ങളായ വിവിധ കാർഷിക യൂണിറ്റുകൾക്ക് കൃഷിയ്ക്ക് ധനസഹായം വിത്ത് ജൈവ വളങ്ങള് കൂലിച്ചെലവ് മുതലായ പ്രോജക്ടുകളും സ്ത്രീകൾക്ക് കാലിവളർത്തലിന് തീറ്റ സബ്സിഡി ആയി നൽകുക ക്ഷീര സംഘങ്ങളില് പാല് വിതരണം നടത്തുന്നവർക്ക് സബ്സിഡി കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യല് പശു വളർത്തല് പോത്ത് കുട്ടി വിതരണം മുതലായ നിരവധി പ്രോജക്ടുകൾ 13-ാം പദ്ധതി കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജനകീയ അടുക്കളയുടെ നടത്തിപ്പും പരിപാലനവും കുടുംബശ്രീ വനിത സംഘങ്ങളെയാണ് ഏൽപ്പിച്ചിരുന്നത്. കൂടാതെ പഞ്ചായത്ത് ജനകീയ ഹോട്ടൽ കുടുംബശ്രീ വനിത യൂണിറ്റ് ഏറ്റെടുത്ത് വിജയകരമായി നടപ്പിലാക്കി വരുന്നു. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പിലാക്കിയ ഹരിതകർമ്മസേന പ്രവർത്തനങ്ങള് കിഴുവിലം ഗ്രാമപഞ്ചായത്തിനെ മാലിന്യരഹിത ശുചിത്വ ഗ്രാമപഞ്ചായത്ത് എന്ന പദവിയിലേയ്ക്ക് ഉയർത്തിയിരിക്കുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനം മാതൃകാപരമാണ്.

ഹരിതകർമ്മ സേന അംഗങ്ങൾക്ക് കൃത്യമായ വരുമാനം ലഭ്യമാകുന്ന രീതിയില് യൂസർഫീ കളക്ഷന് വർദ്ധിച്ചിട്ടുണ്ട്.

## ❖ പട്ടികജാതി വികസനം

സാമൂഹ്യവും സാമ്പത്തികവും ജാതിയവുമായ ഉച്ഛനീചത്വങ്ങൾ നിലനിന്നിരുന്ന ഒരു വ്യവസ്ഥിതിയിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയില് എത്തിക്കുന്ന പ്രവർത്തനങ്ങൾക്ക് ഗതി വേഗം ലഭ്യമായത് 9-ാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണ പ്രവർത്തനങ്ങളോടെയാണ്.

1996 കാലഘട്ടത്തിൽ കിഴുവിലം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങളുടെ അവസ്ഥ താരതമ്യേന മോശമായിരുന്നു. സർക്കാര് കണക്കുകള് പ്രകാരം 703 കുടുംബങ്ങൾ മാത്രമാണ് സർക്കാര് അംഗീകൃത പട്ടികജാതി സങ്കേതങ്ങളിൽ താമസിച്ചിരുന്നത്. ബാക്കിയുള്ള കുടുംബങ്ങൾ അംഗീകാരമോ വൈദ്യുതി കണക്ഷനോ ഗതാഗതസൌകര്യങ്ങളോ ഇല്ലാത്ത ചെറ്റകുടിലുകളിലാണ് കഴിഞ്ഞിരുന്നത്. മിക്ക വീടുകളിലും കക്കൂസുകളോ മറ്റ് സൌകര്യങ്ങളോ ഉണ്ടായിരുന്നില്ല. എന്നാൽ ജാതിപരമായ ഉച്ഛനീചത്വങ്ങള് കിഴുവിലം ഗ്രാമപഞ്ചായത്തില് നിലവിൽ ഇല്ലായിരുന്നു എന്നാണ് 9-ാം പഞ്ചവത്സര പദ്ധതി വികസന രേഖയിൽ നിന്നും മനസ്സിലാകുന്നത്. ഈ വിഭാഗത്തിൽ ഉള്ളവരുടെ വിവാഹം, മരണം മരണാനന്തര ചടങ്ങുകൾ എന്നിവയില് എല്ലാം, എല്ലാ ജനങ്ങളും പങ്കെടുക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നുണ്ട്. ഭൂരിപക്ഷവും കർഷക തൊഴിലാളികളാണ് ഗ്രാമപഞ്ചായത്തിൽ പട്ടിണിയും ദാരിദ്ര്യവും ഇല്ലാത്ത അവസ്ഥയാണ്. ഇഷ്ടികച്ചൂളയും കാർഷികമേഖലയിലുള്ള തൊഴിലവസരവും കെട്ടിട നിർമ്മാണ മേഖലയിലുള്ള തൊഴിലുകളും ഉള്ളതുകൊണ്ടാണ് പട്ടിണിയും ദാരിദ്ര്യവും ഇല്ലാത്തത്.

പട്ടികജാതിക്കാർക്കിടയില് ചെറിയ ശതമാനം ഇപ്പോഴും അന്ധവിശ്വാസം വച്ച് പുലർത്തുന്നുണ്ട്. പട്ടികജാതിക്കാർക്ക് അർഹമായ ആനുകൂല്യങ്ങള് പുരോഗമന പ്രസ്ഥാനങ്ങളിലൂടെ സജീവമായ പ്രവർത്തനം മൂലം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിനും, ഇടത്തട്ടുകാരുടെ കടന്നാക്രമണത്തില് നിന്നും ദുർബലജനവിഭാഗങ്ങളെ സംരക്ഷിക്കുവാന് കിഴുവിലം ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. വികസനോന്മുഖ രാഷ്ട്രീയവും മുഖ്യധാര രാഷ്ട്രീയ പ്രവർത്തനവും മറ്റു സംഘടനാ പ്രവർത്തനങ്ങളും കൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കടന്നുവരുന്നതും പൊതുപ്രവർത്തനങ്ങളില് സജീവമായി ഇടപെടുന്നതിനും സാധിച്ചിട്ടുണ്ട്.

## ❖ വിദ്യാഭ്യാസം, കല, സംസ്കാരം, യുവജനകാര്യം

വിദ്യാഭ്യാസ രംഗത്തെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 25 വർഷത്തെ പുരോഗതി പരിശോധിക്കുകയാണെങ്കിൽ അടിസ്ഥാന സൌകര്യവികസന രംഗത്ത് അഭൂതപൂർവ്വമായ വളർച്ച ഉണ്ടായിട്ടുള്ളതായി കാണാം. സ്കൂൾ കെട്ടിടങ്ങളുടെ എണ്ണം ക്ലാസ് മുറികളുടെ എണ്ണം ശുചിത്വ

സംവിധാനങ്ങളുടെ പുരോഗതി ടോയ് ലറ്റുകളുടെയും മാലിന്യ സംസ്കരണ സംവിധാനങ്ങളുടെയും എണ്ണം സ്മാർട്ട് ക്ലാസ് റൂമുകള് എന്നിങ്ങനെ അടിസ്ഥാന സൌകര്യങ്ങളുടെ മുഴുവന് മേഖലകളിലും വളരെയധികം വികാസം ഉണ്ടായിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ യഞ്ജം – മിഷന് ഊർജ്ജസ്വലമാക്കുന്നതിനു കുട്ടികളുടെ പൊതുവിദ്യാലയങ്ങളില് നിന്നുള്ള കൊഴിഞ്ഞ് പോക്ക് തടയുന്നതിനും സാധിച്ചിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്തെ വിവിധ വർഷങ്ങളില് ചെലവഴിച്ച തുക

| 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| 33700 | 36500 | 1391100 | 2774925 | 2130813 | 2641152 |

ഒരു പ്രദേശത്തിന്റെ കലാ സാംസ്കാരിക രംഗത്തെ വളർച്ച ആ പ്രദേശത്തിന്റെ മൊത്തം വളർച്ചയുടെ ഒരു ഘടകമാണ്. കഥകളി പോലുള്ള ക്ലാസിക്കൽ കലാരൂപങ്ങളിലെന്ന പോലെ കഥാപ്രസംഗം, വിൽപ്പാട്ട്, ബാലെ തുടങ്ങിയ കലാരൂപങ്ങളിലും കഴിവു തെളിയിച്ച കലാകാരന്മാർ നമ്മുടെ പ്രദേശത്തുണ്ട്. നാടിന്റെ സാംസ്കാരിക വളർച്ചയ്ക്ക് സഹായകമായ ഒട്ടനവധി ആർട്സ് ക്ലബ്ബുകളും സാംസ്കാരിക നിലയങ്ങളും ഉണ്ടായിരുന്നെങ്കിലും അവയിൽ പലതും ഇന്ന് നിർജ്ജീവാവസ്ഥയിലാണ്. അതുപോലെ തന്നെ മുൻതലമുറകള് അസ്തമയാവസ്ഥയിലാണ്. പുതുതലമുറയുടെ വായനാ സംസ്കാരത്തിലുണ്ടായ മാറ്റവും ഇലക്ട്രോണിക് മാധ്യമങ്ങളുടെ തള്ളിക്കയറ്റവും മൂലം ഗ്രന്ഥശാലകൾ ഊർദ്ധശ്വാസം വലിച്ചു കൊണ്ടിരിക്കുകയാണ്. ഇവയെ ആധുനിക പ്രവണതകൾക്കനുസരിച്ച് നവീകരിക്കേണ്ടതുണ്ട്. പുതിയ പുസ്തകങ്ങൾ, കമ്പ്യൂട്ടറുകൾ, ഇന്റർനെറ്റ് സൌകര്യം എന്നിവയുള്ള വിവര വിജ്ഞാനകേന്ദ്രങ്ങളായി നമ്മുടെ ഗ്രന്ഥശാലകൾ മാറേണ്ടതുണ്ട്. ഗ്രന്ഥശാലകളുടെയും ക്ലബ്ബുകളുടെയും വികസനം പതിമൂന്നാം പഞ്ചായവത്സര പദ്ധതി കാലത്ത് വിപുലമായി നടപ്പിലാക്കി.

## ❖ പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)

ഇക്കഴിഞ്ഞ 25 വർഷങ്ങൾക്കൊണ്ട് ഗ്രാമപഞ്ചായത്തിന്റെ പൊതിമരാമത്ത് പ്രവൃത്തികളില് ഗണ്യമായ മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളത്. മെച്ചപ്പെട്ട യാത്രാസൌകര്യം കൈവകരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുള്പ്പെടുത്തി വിവിധ മണ്ണ് റോഡുകളെ ടാര് റോഡുകളായും, വീതി കുറവുള്ള നടപ്പാതകളെ കോൺക്രീറ്റ് ചെയ്തും യാത്രാക്ലേശം പരിഹരിച്ചിട്ടുള്ളതായി കാണാന് സാധിക്കുന്നു. റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഓടകൾ നിർമ്മിച്ചു. റോഡിന്റെ വശങ്ങൾ ഇടിഞ്ഞു പോകാതെ സംരക്ഷിക്കുന്നതിനായി സംരക്ഷണ ഭിത്തികള് നിർമ്മിച്ചും റോഡുകള് പരിപാലിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് കൃത്യമായ ഇടപെടലുകൾ നടത്തി വാർഷിക പദ്ധതിയില് ഉൾപ്പെടുത്തി ഇവയെല്ലാം വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളതായി നമ്മുക്ക് മനസ്സിലാകുന്നു.

ടാർ റോഡുകള് കൃത്യമായ ഇടവേളകളിൽ റീടാറിംഗ് ചെയ്ത് സംരക്ഷിക്കുന്നതിനും ഭാഗികമായി പൊളിഞ്ഞു പോയിട്ടുള്ള കോൺക്രീറ്റ് റോഡുകള് റീകോൺക്രീറ്റ് ചെയ്യുന്നതിനും ലഭ്യമായ ഫണ്ടുപയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതിനാല് ഈ ആസ്തികളുടെ സംരക്ഷണം ഉറപ്പാക്കാനായി സാധിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപണിയും പുതിയ നിർമ്മാണവും ഈ വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. വിവിധ അംഗൻവാടികളുടെയും സ്കൂളുകളുടെയും അവസ്ഥ വളരെ ശോചനീയനമായിരുന്നു. ഇന്നിപ്പോൾ അവയുടെ അവസ്ഥയില് നല്ല പുരോഗതി കൈവരിച്ചതായി കാണാൻ സാധിക്കുന്നു. സ്കൂളുകളുടെ മേൽക്കൂര മാറ്റുന്നതിനും, അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തി 'smart classrooms' ശുചീകരണ സൌകര്യങ്ങൾ എന്നിവ സ്ഥാപിക്കാന് സാധിച്ചിട്ടുണ്ട്.

ഇത്തരത്തിൽ അഭിമാനിക്കാന് കഴിയുന്ന നേട്ടങ്ങള് കൈവരിച്ചെങ്കിലും ഇനിയും നമുക്ക് ബഹുദൂരം സഞ്ചരിക്കാനുണ്ട്. നിലവിൽ ടാർറോഡുകള് 20mm chipping carpet ആണ് ചെയ്ത് വരുന്നത്. എന്നാൽ വർദ്ധിച്ചു വരുന്ന ഗതാഗത പ്രവാഹം മൂലവും കാലാവസ്ഥാ വ്യതിയാനം മൂലവും ഈ റോഡുകള് upgrade ചെയ്ത് BMBC റോഡുകള് (PWD മാതൃകയിലുള്ളതുപോലെ) ആക്കി ചെയ്യാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. എല്ലാ റോഡുകളിലും ചെയ്യാൻ സാധിച്ചില്ലെങ്കിൽപോലും ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡെങ്കിലും മാതൃകാ റോഡായി ഇത്തരത്തിൽ ഉയർത്തേണ്ടത് ആവശ്യമാണ്.

പ്രധാനപ്പെട്ട സ്കൂളുകളുടെയും അംഗൻവാടികളുടെയും ഭൌതിക സാഹചര്യം മെച്ചപ്പെടുത്തല്, അംഗൻവാടികള് ശിശു സൌഹൃദങ്ങളാക്കുന്നതിലേക്കുള്ള പ്രോജക്ടുകളും പഞ്ചവത്സര പദ്ധതി ലക്ഷ്യങ്ങളായി ഉൾപ്പെടുത്താവുന്നതാണ്.

## ❖ ജൈവ വൈവിധ്യമാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം

നീർത്തടങ്ങള് സങ്കീർണമായ ഒരു തരം ജൈവ വ്യവസ്ഥയാണ്. പൊതുവായ നീരൊഴുക്ക് ഉള്ള പ്രദേശത്തിനെയാണ് നീർത്തടം എന്ന് പറയുന്നത്. ഒരു പ്രദേശത്ത് വീഴുന്ന മഴവെള്ളമോ, ഉറവകളിൽ കൂടി വരുന്ന ജലമോ ഒഴുകി പൊതുവായ ഒരു ചാലിലോ, തോട്ടിലോ എത്തുകയും അത് അവിടെ നിന്നും നദികളിൽ കൂടി സമുദ്രത്തിലോ തടാകത്തിലേക്കോ എത്തുകയും ചെയ്യുന്നു. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ 4 ചെറു നീർത്തടങ്ങളാണ് കിഴുവിലം പഞ്ചായത്തില് കാണപ്പെടുന്നത്. അവ നേരിട്ടോ, അല്ലാതെയോ വാമനാപുരം, മാമം എന്നീ നദികളിലേയ്ക്ക് നീരൊഴുക്ക് പ്രദാനം ചെയ്യുന്നു.

വാമനാപുരം നദിയിലേയ്ക്ക് നീരൊഴുക്ക് പ്രദാനം ചെയ്യുന്ന 3 ചെറുനീർത്തടങ്ങളും(4V29e), മാമം നദിയിലേയ്ക്ക് നീരൊഴുക്ക് പ്രദാനം ചെയ്യുന്ന ഒരു ചെറുനീർത്തടവുമാണ്(3M2a) ഉള്ളത്.

| നീർത്തടങ്ങളുടെ പേര് | ചെറുനീർത്തടങ്ങളുടെ എണ്ണം | വിസ്തീർണ്ണം (ഹെ) | ശതമാനം |
|---|---|---|---|
| മാമം | 1 | 235.72 | 16.17 |
| വാമനാപുരം | 3 | 1222.28 | 83.83 |
| ആകെ | 4 | 1458.00 | 100.00 |

നിലവിൽ 111.44 ഹെ. പ്രദേശത്ത് നെൽവയല് വ്യാപിച്ചു കിടക്കുന്ന ഈ പഞ്ചായത്തില് 51.44 ഹെ. പ്രദേശങ്ങൾ വയല് തരിശായി കാണപ്പെടുന്നു. 168.13 ഹെ. പ്രദേശങ്ങൾ വയല് നികത്തി താത്കാലിക വിളകള് (18.12ഹെ), തെങ്ങ് (111.08 ഹെ), മിശ്രിത വിളകൾ(16.68ഹെ), നിർമ്മിതികള് (9.96 ഹെ) റബ്ബർ (11.07 ഹെ), ബഹുവർഷ വിളകള് (1.24ഹെ) എന്നിവയ്ക്കായി ഉപയുക്തമാക്കിയിരിക്കുന്നു. ജൈവ വൈവിധ്യ കാലാവസ്ഥ വ്യതിയാന രംഗത്ത് 25 വർഷത്തെ മാറ്റം ഭയാനകമാണ്.

# 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

- **പൊതുഭരണവും ധനകാര്യവും (കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഭരണം മെച്ചപ്പെടുത്തൽ, മുതലായവ)**

കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 1996 വർഷത്തെ സ്ഥിതി പരിശോധിക്കുകയാണെങ്കില് പൊതുഭരമവുമായി ബന്ധപ്പെട്ട് പരിമിതമായ സൌകര്യങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്.

1996 ലെയും നിലവിലെയും അവസ്ഥ പരിശോധിക്കുമ്പോൾ പ്രാദേശിക സർക്കാരുകളായി രൂപാന്തരപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വർദ്ധിച്ച് വന്ന ഇടപെടലുകൾക്കും കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കും കഴിയുന്ന വിധത്തില് ജീവനക്കാരില്ല എന്നത് പോരായ്മയാണ്. അശാസ്ത്രീയമായ ജോലിഭാരം കഴിവും ശേഷിയുമുള്ള ജീവനക്കാരുടെ അഭാവം, മോട്ടിവേഷന്റെയും, പരിശീലനത്തിന്റെയും അഭാവം എന്നിവ പദ്ധതികളെ പൂർണ്ണ തോതില് നടപ്പിലാക്കുന്ന കാര്യത്തില് വീഴ്ച സംഭവിക്കുന്നതിനും ഇടയാക്കുന്നു. ഗ്രാമപഞ്ചായത്തുകളെ പ്രാദേശിക ഗവൺമെന്റിന്റെ എല്ലാ അർത്ഥതലങ്ങളും ഉൾകൊണ്ട് പ്രവർത്തിക്കുന്നതിന് പര്യാപ്തമായ നിലയില് സജ്ജമാക്കുന്നതില് വരുന്ന വീഴ്ച പ്രത്യേകം പരിശോധിക്കപ്പെടേണ്ടതുണ്ട്.

- **കൃഷി (ഉൽപ്പന്ന സംഭരണവും, സംസ്ക്കരണവും, വിപണനവും ഉൾപ്പെടെ) മത്സ്യ ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം മുതലായവ**

കിഴുവിലം ഒരു പരമ്പരാഗത കാർഷിക ഗ്രാമമാണ്. തിരുവനന്തപുരം ജില്ലയിലെ ഏറ്റവുമധികം നെൽകൃഷി ചെയ്യുന്ന പഞ്ചായത്തുകളിലൊന്നാണ് കിഴുവിലം. നെൽകൃഷി കൂടാതെ തെങ്ങ്, വാഴ, കിഴങ്ങ് വർഗ്ഗങ്ങള്, പച്ചക്കറി, ഇഞ്ചി, മഞ്ഞൾ തുടങ്ങി ഒട്ടുമിക്ക വിളകളും ഇവിടത്തെ കർഷകര് കൃഷി ചെയ്തു വരുന്നു. കർഷകരില് ഭൂരിഭാഗവും ചെറുകിടക്കാരായതുകൊണ്ടുതന്നെ കൃഷിയോടൊപ്പം മറ്റ് ജോലികളിലും അവർ ഏർപ്പെടുന്നു. കൃഷിക്കാരും കർഷകത്തൊഴിലാളികളും മുൻവർഷങ്ങളെ താരതമ്യം ചെയ്യുമ്പോൾ എണ്ണത്തില് കുറവ് വന്നതായി കാണാന് സാധിക്കുന്നു. എന്നാൽ കൃഷിയിടങ്ങള് പരമാവധി ഉപയോഗപ്പെടുത്തിയാണ് ഇന്ന് കർഷകര് കൃഷിയുമായി മുന്നേറുന്നത്. രണ്ട് വിളകളിലായി ഏകദേശം 120 ഹെക്ടറോളം സ്ഥലത്ത് നെൽകൃഷി ചെയ്തു വരുന്നു. 250 ഹെക്ടറിനു മുകളിൽ നെൽകൃഷി ചെയ്തിരുന്നതായി പഴയ രേഖകൾ പരിശോധിച്ചാല് മനസ്സിലാക്കാന് സാധിക്കും. 25 വർഷങ്ങൾക്ക് മുമ്പ് 285 ഹെക്ടർ സ്ഥലത്ത് നെൽക്ക്യഷി ചെയ്തിരുന്നു. ഈ മേഖലയിൽ കർഷകര് നേരിടുന്ന പ്രധാന പ്രശ്നങ്ങള് എന്നത് പ്രധാനമായും ജലസേചന സംവിധാനങ്ങളുടെയും, അടിസ്ഥാന സൌകര്യങ്ങളുടെയും, തൊഴിലാളികളുടെയും കുറവ് തന്നെയാണ്.

പാടശേഖരങ്ങളുടെ അടിസ്ഥാന സൌകര്യങ്ങ  ഇനിയും മെച്ചപ്പടേണ്ടതുണ്ട്. അതോടൊപ്പം പരമ്പരാഗത കർഷകത്തൊഴിലാളികള് മറ്റ് മേഖലകളിലേക്ക് തിരിയുന്നതും നെൽകൃഷി മേഖലയില് യഥാസമയത്ത് കാർഷിക യന്ത്രങ്ങള് ലഭിക്കാത്തതും കർഷകര് നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. കാർഷിക കർമ്മസേനകളിലൂടെയും അഗ്രോ സർവ്വീസ് സെന്ററിലൂടെയും യന്ത്രവൽക്കരണം നെൽക്ക്യഷി മേഖലയില് കൂടുതലായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. പാടശേഖരങ്ങളുടെ അടിസ്ഥാന സൌകര്യങ്ങളും ജലസേചന സംവിധാനങ്ങളുടെ ശക്തിപ്പെടുത്തലും ഈ മേഖലയിൽ അടിയന്തിരമായി നടപ്പിലാക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. നെൽവിത്ത്, നെൽക്ക്യഷിക്ക് സബ്സിഡി നിരക്കില് രാസവളം, കൂലിച്ചിലവ് സബ്സിഡി, നെല്ല് സംഭരണം തുടങ്ങി നിരവധി ആനുകൂല്യങ്ങൾ ഇന്ന് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു സർക്കാര് സംവിധാനങ്ങളിലൂടെ നടപ്പിലാക്കുന്നുണ്ട്. തരിശ് ഭൂമികൾ കണ്ടെത്തി കൃഷിയോഗ്യമാക്കുക എന്ന ലക്ഷ്യത്തോടെ സുഭിക്ഷ കേരളം പോലുള്ള പദ്ധതികളും നല്ല രീതിയില് നടന്നു വരുന്നു.

തെങ്ങ് കൃഷിയും വാഴക്കൃഷിയും കർഷകര് ഇന്ന് കൂടുതലായി ചെയ്തു വരുന്നു. ഗുണമേന്മയുള്ള നടീൽ വസ്തുക്കള് കർഷകർക്ക് ലഭിക്കുന്നില്ല എന്നതാണ് ഈ മേഖലയില് കർഷകര് നേരിടുന്ന പ്രധാന പ്രശ്നം. പ്രതീക്ഷിക്കാത്ത സമയത്തുള്ള വിപണിയും ഏറ്റക്കുറച്ചിലുകളും കർഷകന് യഥാർത്ഥ വില ന്യായമായി ലഭിക്കുന്നില്ല എന്നതും പരിഹരിക്കേണ്ട വിഷയം തന്നെയാണ്. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സംവിധാനം ശക്തിപ്പെടുത്തുക അത്യാവശ്യമാണ്. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ യഥാസമയത്ത് കർഷകർക്ക് കൃഷി വകുപ്പു വഴി ലഭ്യമാക്കേണ്ടതുണ്ട്.

കിഴങ്ങ് വർഗ്ഗ വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടീല് വസ്തുക്കള് യഥാസമയത്ത് കർഷകന് ലഭ്യമാക്കുന്നത് കൊണ്ട് തന്നെ ഈ മേഖലയില് കർഷകർക്ക് ഗുണമേന്മയുള്ള നടീല് വസ്തുക്കള് ലഭിക്കുന്നു. എന്നാൽ മിക്കവാറും സമയങ്ങളിൽ കിഴങ്ങുവർഗ്ഗ വിളകൾക്ക് മതിയായ വില ലഭിക്കാത്തത് കർഷകർക്ക് ഒരു വെല്ലുവിളി തന്നെയാണ്.

| നം | ഘടകങ്ങൾ | 1996 | 2011 | 2021 |
|---|---|---|---|---|
| 1 | ഉപയോഗിച്ചിരുന്ന വിത്തിനങ്ങൾ | കുറ്റി ചേറാടി,തവളകണ്ണൻ | ഉമ,ചുവന്ന ത്രിവേണി, ഐശ്വര്യ,ജ്യോതി,കാഞ്ചന,ജയ,ഭാരതി | ഉമ, ജ്യോതി,അശ്വതി |
| 2 | വള പ്രയോഗരീതി | ചാണകം,പച്ചിലവളം,ചാരം,എല്ലുപൊടി,പിണ്ണാക്ക് | ചാണകം.കമ്പോസ്റ്റ് വളം,ജൈവവളം,രാസവളം | രാസവളം |
| 3 | കീടനാശിനിപ്രയോഗ രീതി | മത്സ്യം അഴുക്കി തളിക്കുന്നു,പുകയില കഷായം,മറ്റ് ജൈവ കീടനാശിനി | രാസകീടനാശിനി പ്രയോഗം | രാസകീടനാശിനി പ്രയോഗം |
| 4 | തൊഴിലാളി ലഭ്യത | യഥേഷ്ടം തൊഴിലാളികളെ കിട്ടുന്നു | തൊഴിലാളികളെ കിട്ടാൻ വളരെ ബുദ്ധിമുട്ട് | തൊഴിലാളികളെ ലഭ്യമല്ല |
| 5 | നിലമൊരുക്കൽ രീതി | കന്നുകാലികളുടെ സഹായത്താൽ നിലം പൂട്ടി ഒരുക്കുന്നു | ട്രാക്ടർ,ട്രില്ലർ ഇവ ഉപയോഗിച്ച് പൂട്ടുന്നു | ട്രാക്ടർ,ട്രില്ലർ ഇവ ഉപയോഗിച്ച് പൂട്ടുന്നു |
| 6 | ലഭ്യമായ കാർഷിക ഉപകരണങ്ങൾ | കലപ്പ,മൺവെട്ടി,മരം | ട്രാക്ടർ,ട്രില്ലർ | ട്രാക്ടർ,ട്രില്ലർ |
| 7 | എത്ര പൂവ് കൃഷി | ചില അവസരങ്ങളിൽ 3 പൂവ് | 2 പൂവ് | 2 പൂവ് |
| 8 | ഒരു സെന്റ് നിലം ഒരുക്കുന്നതിന് വരുന്ന കൂലി ചെലവ് | 5 രൂപ | 80 രൂപ | 143 രൂപ |
| 9 | ഒരു സെന്റ് വിളവെടുപ്പ് വരെയുള്ള ആകെ ചെലവ് | 15 രൂപ | 240 രൂപ | 430 രൂപ |
| 10 | ലഭ്യമാകുന്ന ഉൽപ്പാദനം ഒരു സെന്റില് | 10 കിലോ ഗ്രാം | 20 കിലോ ഗ്രാം | 24 കിലോ ഗ്രാം |
| 11 | വിളകളെ ബാധിക്കുന്ന കീടങ്ങൾ രോഗങ്ങൾ | ഓലപ്പുഴു,ഇലചുരുട്ടി,മഞ്ഞളിപ്പ്, തണ്ട് തുരപ്പൻ,ചാഴി | ഓലപ്പുഴു,ഇലചുരുട്ടി പുഴു, മഞ്ഞളിപ്പ്,തണ്ട്തുരപ്പൻ,ചാഴി | ഓലപ്പുഴു,ഇലചുരുട്ടി പുഴു, മഞ്ഞളിപ്പ്,തണ്ട്തുരപ്പൻ,ചാഴി |

- **മൃഗസംരക്ഷണവും ക്ഷീര വികസനവും**

കേരളത്തിലെ പാലുല്പാദനം 1965 ൽ രണ്ട് ലക്ഷം ടണ് ആയിരുന്നത് 1996 ൽ 22.46 ലക്ഷം ടൺ ആയി വർദ്ധിച്ചു. ക്ഷീരോല്പാദന മേഖലയിൽ ഉണ്ടായ ഈ കുതിച്ച് ചാട്ടത്തിന് പ്രധാന കാരണങ്ങള് കേരളത്തിൽ നടപ്പിലാക്കിയ കൃത്രിമ ബീജ സംഘലന പരിപാടിയും പാലിന്റെ സംഭരണത്തിനും വിപണനത്തിനും സഹകരണ മേഖലയുടെ കടന്നുവരവുമാണ്. എന്നാൽ ശാസ്ത്രീയമായ പരിപാലനത്തിന്റെ അഭാവവും പേഷകസമൃദ്ധമായ തീറ്റയുടെ അപര്യാപ്തതയും കാരണം ഉല്പാദന ക്ഷമത പൂർണ്ണമായും ചൂഷണം ചെയ്യാൻ 1996 കാലഘട്ടങ്ങളിൽ സാധിക്കാത്തത് ധാരാളം പേര് ഈ രംഗത്ത് നിന്നും പിൻമാറുന്നതിന് കാരണമായി. കൂടാതെ റബ്ബർ കൃഷി വ്യാപകമായതും ഗൾഫ് പണത്തിന്റെ വരവും ജനങ്ങൾക്ക് കൃഷിപ്പണികളിലുണ്ടായിരുന്ന താല്പര്യം കുറച്ചതോടൊപ്പം കന്നുകാലിവളർത്തലിനെയും അതു ബാധിച്ചു.

ഒന്നോ രണ്ടോ പശുക്കളിൽ നിന്നുള്ള വരുമാനം മാത്രം ആശ്രയിച്ച് നിത്യവൃത്തി കഴിക്കുന്ന ധാരാളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. പശു, എരുമ, ആട്, കോഴി, താറാവ് എന്നീ മൃഗങ്ങളേയും പക്ഷികളേയുമാണ് ഈ പഞ്ചായത്തില് സാധാരണയായി വളർത്തി വരുന്നത്. ഇറച്ചിക്കോഴി വളർത്തലും മുയൽ വളർത്തലും പ്രചാരമാർജ്ജിച്ചു വരുന്നു. ചുരുക്കം കർഷകരുടെ വീടുകളില് പോത്തുകളേയും വളർത്തുന്നു. കഴിഞ്ഞ കുറേ വർഷങ്ങൾക്കിടയിലുണ്ടായ പ്രധാന വ്യത്യാസം നാടന് പശുക്കള് എണ്ണത്തില് വളരെ കുറഞ്ഞു എന്നുള്ളതാണ്. 1987 ൽ നിന്ന് 1996 ലേക്കു വരുമ്പോൾ വളർത്തുമൃഗങ്ങളുടെ സംഖ്യയിലും കുറവുണ്ടായതായി കാണാം.

1996 ൽ കിഴുവിലം ഗ്രാമപഞ്ചായത്ത് ഒരു മൃഗാശുപത്രിയും രണ്ട് സബ് സെന്ററുകളും പ്രവർത്തിച്ചിരുന്നു.

- **പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം, സൂക്ഷ്മതല സംരംഭങ്ങൾ ഉൾപ്പെടെ) സഹകരണം മുതലായവ**

കിഴുവിലം ഗ്രാമപഞ്ചായത്ത് 1996 ലെ അവസ്ഥ പരിശോധിക്കുകയാണെങ്കിൽ 4 പ്രധാന ചെറുകിട വ്യവസായങ്ങളാണ് ഉണ്ടായിരുന്നത്.

1.കൈത്തറി

2.കൃഷി (നെൽകൃഷി, മത്സ്യകൃഷി)

3.ബീഡി

4.ഇഷ്ടിക നിർമ്മാണം

സാധാരണ ജനങ്ങളുടെ ജീവിതത്തിന്റെ തന്നെ ഭാഗമായിരുന്ന ബീഡി കുടില് വ്യവസായമായി അങ്ങോളമിങ്ങോളം നടന്നു വന്നിരുന്നു. വലിയഏല യുടെ പ്രാന്ത പ്രദേശങ്ങളിൽ ധാരാളം ഇഷ്ടികച്ചൂളകള് പ്രവർത്തിക്കുകയും അവയിൽധാരാളം തൊഴിലാളികള് പണിയെടുക്കുകയും ചെയ്തിരുന്നു. കാലക്രമത്തിൽ മുഴുവന് വ്യവസായങ്ങളും കാലഹരണപ്പെട്ടു. ആകെ തൊഴിലാളികളുടെ 20.6 ശതമാനം പേർ ചെറുകിട വ്യവസായ മേഖലകളില് പണിയെടുക്കുന്നവരാണ്.

| മേഖല | തൊഴിലാളികളുടെ എണ്ണം 1996 | തൊഴിലാളികളുടെ എണ്ണം 2021 |
|---|---|---|
| കൈത്തറി | 201 | 50 |
| ബീഡി | 80 | 10 |
| കൃഷി | 1510 | 900 |
| താബൂക്ക് | 990 | 150 |
| കുടിൽ വ്യവസായം | 325 | 188 |
| ചെറുകിട ഫാക്ടറികൾ | 75 | 39 |
| റിപ്പയർ ഷോപ്പുകള് | 80 | 139 |
| മറ്റ് വ്യവസായങ്ങൾ | 995 | 150 |

- **ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)**

കിഴുവിലം ഗ്രാമപഞ്ചായത്ത് 1996 ലെ അവസ്ഥ പരിശോധിക്കുകയാണെങ്കിൽ ആകെ വിസ്തൃതിയുടെ 3.3 ശതമാനം കെട്ടിടങ്ങളാണ്. 1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 30770 ഉം ആകെ കെട്ടിടങ്ങളുടെ എണ്ണം 5780 ഉം ആയിരുന്നു. 6203 കുടുംബങ്ങളുള്ള ഗ്രാമപഞ്ചായത്തിൽ 4738 കുടുംബങ്ങൾക്ക് മാത്രമാണ് പാർപ്പിട സൌകര്യം ഉള്ളത്. 14 അംഗീകൃത കോളനികളും 9 അംഗീകാരമില്ലാത്ത കോളനികളും 2 ലക്ഷം വീട് കോളനികളും ഉൾപ്പെട്ടിരുന്നു.

വീടുകളുടെ 1996 ലെ അവസ്ഥ ഇപ്രകാരമാണ്.

| തരം | എണ്ണം | ശതമാനം |
|---|---|---|
| കുടിൽ | 1207 | 20.88 |
| ഓല | 2738 | 47.37 |
| ഓട് | 3480 | 60.20 |
| ഭാഗികമായി കോൺക്രീറ്റ് | 1580 | 27.33 |
| ബഹുനില | 18 | 0.31 |

- **സാമൂഹ്യ നീതി (ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ട്രാൻസ്ജൻഡേഴ്സ് മുതലായവ)**

സാമൂഹ്യ നീതി ഉറപ്പാക്കുന്നതിന് ദുർബല ജനവിഭാഗങ്ങൾക്കും സമൂഹത്തിലെ പിന്നോക്ക വിഭാഗക്കാർക്കും പ്രത്യേകം ക്ഷേമാശ്വാസ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ദുർബല ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തുന്നതിന് നിരവധി ക്ഷേമ പ്രവർത്തനങ്ങൾ ആവഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുള്ള ഒരു പഞ്ചായത്താണ് കിഴുവിലം ഗ്രാമപഞ്ചായത്ത്. അർഹരായവർക്ക് വാർദ്ധക്യ, കർഷക തൊഴിലാളി, വിധവ, ഭിന്നശേഷി, പെൻഷനുകൾ അനുവദിക്കുകയും വിവാഹ ധനസഹായം ചികിത്സ ധനസഹായം എന്നിവ അർഹരായവർക്ക് സമയേജിതമായി അനുവധിക്കുകയും ചെയ്തിട്ടുണ്ട്. അർഹതപ്പെട്ട എല്ലാവർക്കും എല്ലാ ക്ഷേമപദ്ധതികളും ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെയും സാമൂഹ്യനീതി പട്ടികജാതി വകുപ്പുകളുടെയും കൂട്ടായ ശ്രമങ്ങളിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. 1996 ൽ 23 അംഗൻവാടികളും പത്തോളം മഹിളാ സമാജങ്ങളും പ്രവർത്തിച്ചിരുന്നു. അപകടത്തിൽ പെടുന്നവർക്ക് രക്തദാന പ്രവർത്തനങ്ങൾ പഞ്ചായത്തിലെ വിവിധ യുവജനസാംസ്കാരിക സംഘടനകൾ നടപ്പിലാക്കി വരുന്നുണ്ട്.

- **വനിതാ വികസനം**

ഈ നൂറ്റാണ്ടിന്റെ തുടക്കം മുതൽക്കെ പഞ്ചായത്ത് മേഖലയില് സിദ്ധിച്ചിരുന്നതായ വിദ്യാഭ്യാസ പുരോഗതിയും സാമൂഹ്യ രാഷ്ട്രീയ പുരോഗമന പ്രസ്ഥാനങ്ങളുടെ സ്വാധീനവും പുതിയ പഞ്ചായത്ത് രാജ് നിയമ സംവിധാനങ്ങളും വനിതകളെ പൊതുപ്രവർത്തനത്തിന്റെ നേതൃത്വ പരമായ മേഖലകളിലേയ്ക്ക് കടന്നുവരാന് സഹായിച്ചിട്ടുണ്ട്. രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ പുരുഷനോടൊപ്പം നിന്ന് ശക്തമായ പ്രവർത്തനം കാഴ്ചവയ്ക്കാന് സ്ത്രീകൾക്ക് കഴിഞ്ഞിട്ടുണ്ട്.

1991 സെൻസസ് പ്രകാരം കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ ജനസംഖ്യയില് 52.42 ശതമാനം സ്ത്രീകളാണ്. സ്ത്രീ പുരുഷാനുപാതം 1108:1000 ആണ്. ഇത് സംസ്ഥാന ശരാശരിയെക്കാളും കൂടുതലാണ്. ഗ്രാമപഞ്ചായത്തിൽ 7789 കുടുംബങ്ങൾ ഉള്ളതില് ഏകദേശം 2000 കുടുംബങ്ങൾ സ്ത്രീ കുടുംബനാഥയായ കുടുംബങ്ങളാണ്. മികച്ച വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടെ അപേക്ഷിച്ച് കൂടുതലാണെന്ന് കണക്കുകൾ കാണിക്കുന്നു.

സ്ത്രീകളുടെ തൊഴില് പങ്കാളിത്ത നിരക്ക് പട്ടികയില് നിന്നും വ്യക്തമാകും. പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തം 66.03 ശതമാനം വരുമ്പോൾ സ്ത്രീകളുടേത് 33.96 ശതമാനം മാത്രമാകുന്നു. സ്ത്രീ തൊഴിലാളികളിൽ ഏകദേശം 50 ശതമാനത്തോളം സ്ഥിരമായി തൊഴിലുള്ളവരല്ല. വിവിധ തൊഴിൽ മേഖലകളിലെ സ്ത്രീപുരുഷ അന്തരം പട്ടികയിൽ കൊടുത്തിരിക്കുന്നു.

വിദ്യാഭ്യാസമേഖലയിലും കശുവണ്ടി വ്യവസായ മേഖലയിലും പുരുഷന്മാരെക്കാൾ സ്ത്രീതൊഴിലാളികളുടെ പങ്കാളിത്തം വളരെ കൂടുതലാണെന്നു കാണാം. കാർഷികമേഖല – മൃഗസംരക്ഷണം, എന്നിവയിലും സ്ത്രീകളുടെ പങ്കാളിത്തം കൂടിവരുന്നതായി കാണുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പ്രത്യേക പദ്ധതികള്, കുടുംബശ്രീയുടെ പ്രവർത്തനം, ജാഗ്രതാ സമിതി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന പദവികളില് 50 ശതമാനം സംവരണം എന്നിവ സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹ്യപദവി ഉയർത്തുന്നതിന് സഹായകമായിട്ടുണ്ട്.

പദ്ധതിക്കാലത്ത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തില് വൻതോതിലുള്ള വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കുടുംബപരവും സാമൂഹ്യവും രാഷ്ട്രീയ സാംസ്കാരിക പരവുമായി സ്ത്രീകളുടെ മേലുണ്ടായിരുന്ന വിവേചനങ്ങൾക്ക് ഇക്കാലയളവിൽ കാര്യമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്.

മുഖ്യമായും കശുവണ്ടി മേഖല, കാർഷിക മേഖല, ഇഷ്ടിക നിർമ്മാണം, ചെറുകിട കച്ചവടങ്ങൾ, റബ്ബർ ടാപ്പിംഗ്, മൃഗപരിപാലനം, നിർമ്മാണ മേഖല എന്നിവയിലാണ് പഞ്ചായത്തിലെ ഭൂരിഭാഗം സ്ത്രീകളും തൊഴിലെടുക്കുന്നത്. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നടപ്പാക്കിയതുവഴി ഏറ്റവും കൂടുതൽ അവിദഗ്ദ്ധ തൊഴിലാളികള് പണിയെടുക്കുന്ന ഈ മേഖലയില് ഭൂരിഭാഗവും സ്ത്രീകളാണ് എന്ന് കാണാവുന്നതാണ്. മുൻകാലങ്ങളില് കായികമായ തൊഴില് മേഖലയുമായി ബന്ധമില്ലാത്ത ഒട്ടനവധി സ്ത്രീകൾ ഈ മേഖലയില് പണിയെടുക്കുന്നു എന്നതും ശ്രദ്ധേയമാണ്.

- **പട്ടികജാതി വികസനം**

കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ ജനസംഖ്യയുടെ 20.23% ജനവിഭാഗം പട്ടികജാതി വിഭാഗത്തിൽപ്പെടുന്നു. 567 കുടുംബങ്ങൾ 23 സങ്കേതങ്ങളിലും 916 കുടുംബങ്ങൾ ഒറ്റപ്പെട്ട കുടുംബങ്ങളുമാണ്. ഇതിൽ തന്നെ 120 കുടുംബങ്ങൾ ഉപകുടുംബങ്ങളാണ്. കഴിഞ്ഞകാല പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഒരു പരിധി വരെ സ്കൂളുകളിലെ കൊഴിഞ്ഞു പോക്ക് ഇല്ലാത്ത അവസ്ഥയാണ്. കൂടുതൽ പേരും എസ്.എസ്.എൽ.സിയ്ക്കും പ്ലസ്ടുവിനും ഇടയിൽ വിദ്യാഭ്യാസമുള്ളവരാണ്. അക്കാദമിക് രംഗത്തും പ്രൊഫഷണൽ രംഗത്തും വിദ്യാഭ്യാസം നേടിയവരുടെ എണ്ണം വർദ്ധിച്ചു വരുന്നു.

പട്ടികജാതി കുടുംബങ്ങളുടെ സമഗ്രവികസനം, കോളനികളിൽ ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തൽ, റോഡുകൾ സഞ്ചാരയോഗ്യമാക്കല് ഭൂരഹിത ഭവനരഹിതർക്ക് ഭൂമിയും വീടും ലഭ്യമാക്കല്, കോളനികളുടെ അടിസ്ഥാന സൌകര്യ വർദ്ധനവ്, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം, അങ്കണവാടികളിലൂടെയുള്ള പോഷകാഹാര വിതരണം, വൃദ്ധർ, വികലാംഗർ എന്നിവർക്കുള്ള സമഗ്രപരിപാടികൾ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ പരിപാടികള് എന്നിവ മുൻഗണനാ അടിസ്ഥാനത്തിൽ നടപ്പാക്കി വരുന്നു.

1997-98 സാമ്പത്തിക വർഷാംരംഭത്തില് കിഴുവിലം ഗ്രാമപഞ്ചായത്തില് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ അവസ്ഥ വളരെയധികം ശോചനീയമായിരുന്നു. ചിറയിൻകീഴ് ബ്ലോക്കില് ഏറ്റവും കൂടുതൽ പട്ടികജാതി വിഭാഗത്തിലുൾപ്പെട്ടവര് അധിവസിക്കുന്ന രണ്ടാമത്തെ പഞ്ചായത്താണ് കിഴുവിലം. 20 അംഗീകൃത പട്ടികജാതി സങ്കേതങ്ങളും 18 ഓളം അംഗീകാരമില്ലാത്ത സങ്കേതങ്ങളും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലുമായി ഒറ്റപ്പെട്ട കിടക്കുന്ന കുടുംബങ്ങളും ഉൾപ്പെടെ 2500 ൽ പരം പട്ടികജാതി  കുടുംബങ്ങൾ ഉണ്ടായിരുന്നു. ഇതിൽ വാസയോഗ്യമായ ഭവനമില്ലാത്ത 600 കുടുംബങ്ങളും വാസയോഗ്യമായവയിൽ വൈദ്യുതി ഇല്ലാത്ത 500 കുടുംബങ്ങളും കുടിവെള്ള കിണർ ഇല്ലാത്ത 600 കുടുംബങ്ങളും സാനിട്ടറിലാട്രിന് ഇല്ലാത്ത 1500 കുടുംബങ്ങളും ഉണ്ടായിരുന്നു.

- **ആരോഗ്യം**

ഇരുപത് വാർഡുകള് ഉൾപ്പെടുന്ന താരതമ്യേന വലിയ പഞ്ചായത്ത് ആയ കിഴുവിലം ഗ്രാമപഞ്ചായത്തിന് അലോപ്പതി വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള ഏക പ്രാഥമിക അലോപ്പതി ആശുപത്രിയാണ് പ്രാഥമികാരോഗ്യകേന്ദ്രം കിഴുവിലം. ഇന്നുള്ള വക്കം റൂറ ൽ ഹെൽത്ത് സെന്റർ PHC ആയിരുന്ന കാലം മുതൽ അതിന് കീഴിൽ പ്രവർത്തിക്കാന് അനുമതി ലഭിച്ചിരുന്നു എങ്കിലും ശരിയായ പ്രവർത്തനം ആരംഭിച്ചത് 20 വർഷത്തിനുള്ളില് ആണെന്ന് വേണം അനുമാനിക്കാൻ. ഈ കാലയളവിൽ പക്ഷെ കിഴുവിലം, കൂന്തള്ളൂർ, മുടപുരം എന്നീ മൂന്നിടങ്ങളിൽ സബ് സെന്ററുകള്  പ്രവർത്തിച്ചിരുന്നു. എന്നാൽ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ മൂലം പ്രവർത്തനങ്ങള് ശരിയാംവണ്ണം നടക്കുന്നില്ലായിരുന്നു. ആ സമയങ്ങളിൽ കിഴുവിലം വാർഡില് ഒരു സെന്ററുകള് വേണമെന്നുള്ള ആവശ്യം ഉയർന്ന് വന്നു. അതിനെ തുടർന്ന്  വാടക കെട്ടിടത്തിൽ ആണ് ആദ്യമായി ഈ പ്രാഥമികാരോഗ്യ കേന്ദ്രം ഒരു മിനി PHC ആയി പ്രവർത്തനം ആരംഭിക്കുന്നത്. സാധാരണ രോഗങ്ങൾ ആയ പനി, ചുമ എന്നിവയ്ക്ക് അലോപ്പതി ചികിത്സ നൽകിയിരുന്നു. ശേഷം 2008-2009 സാമ്പത്തിക വർഷത്തില് ബഹു.എം.പി യുടെ പ്രാദേശിക വികസന ഫണ്ടിൽ

ഉൾപ്പെടുത്തിയാണ് Rs. 809990/- രൂപക്ക് എട്ടാം വാർഡില് ഇന്ന് കാണുന്ന സ്വന്തം കെട്ടിടവും ഭൂമിയും ലഭിച്ചിട്ടുള്ളത്. പ്രധാനമായും സാധാരണ രോഗ ചികിത്സയും മരുന്ന് വിതരണവും ആണ് ആ കാലയളവിൽ ഉണ്ടായിരുന്നത്. നിലവിലെ എല്ലാ ന്യൂനതകളെയും മറികടന്ന് 2013 വർഷം മുതലാണ് സാന്ത്വന രോഗ പരിചരണം/ ചികിത്സ ആരംഭിക്കുന്നത്. തികച്ചും അഭിമാനാർഹമായ നേട്ടമായിരുന്നു അത്. നാളിതു വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ അഞ്ഞൂറോളം ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ നേട്ടം ലഭിക്കുന്നുണ്ട്.

അതോടൊപ്പം പകർച്ചവ്യാധി ഉൾപ്പടെയുള്ള വിഷയങ്ങളിൽ ഉള്ള പ്രവ ർത്തനങ്ങളുടെ അടിസ്ഥാനത്തിൽ 2020 വർഷത്തില് മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രം ആയി ഉയർത്തിയിട്ടുള്ളതും ഈ ആശുപത്രിയെ സംബന്ധിച്ച് നേട്ടം തന്നെയാണ്. അതിന് അനുസൃതമായി ആശുപത്രിയ്ക്ക് പുതിയ കെട്ടിടത്തിനായി ബഹു. MLA ഫണ്ടി ൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചിരുന്നു എങ്കിലും ഫണ്ട് അപര്യാപ്തത മൂലം നിർമാണ പ്രവർത്തനങ്ങള് ആരംഭിച്ചിരുന്നില്ല. ശേഷം ടീ. ഫണ്ട് 65 ലക്ഷം രൂപയായി പുതുക്കിയിട്ടുള്ളതും പുതിയ കെട്ടിടത്തിനുള്ള ജോലികൾ തുടങ്ങുന്നതിനുള്ള ചർച്ചകള് നടന്ന് വരുന്നതല്ലാതെ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടില്ല. അതിനാൽ പ്രാഥമികാരോഗ്യ കേന്ദ്രം ആയി തന്നെ തുടരേണ്ട അവസ്ഥയാണ്. 2008 ൽ സ്ഥാപിതമായ നിലവിലെ കെട്ടിടം ഇന്ന് ശോചനീയ അവസ്ഥയിൽ മഴ പെയ്താൽ ചോർന്ന് ഒലിക്കുന്ന സ്ഥിതിയിൽ ആണ്. മരുന്നുകൾ സൂക്ഷിക്കുന്നത് ഉൾപ്പടെയുള്ള കാര്യങ്ങളിൽ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. രോഗികൾക്കായി ശുചിമുറിയോ, മുലയൂട്ടുന്ന അമ്മമാർക്കായി ഫീഡിങ് റൂമോ ഇല്ല. 20 ല് അധികം വരുന്ന സ്റ്റാഫുകൾക്ക് ഒന്നിലധികം ജോലികൾ കൈകാര്യം ചെയ്യുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയുണ്ട്. ആകെ എം.പി ഫണ്ടിൽ നിന്ന് അനുവദിച്ച പാലിയേറ്റീവ് ആംബുലൻസ് മാത്രമാണ് ഗതാഗത പ്രവ ർത്തങ്ങൾക്കായി ഇവിടെയുള്ളത്. ഈ പരിമിതികൾക്ക് ഇടയിലും നടപ്പ് സാമ്പത്തിക വർഷം പ്രധാനമായും മൂന്ന് പ്രോജക്റ്റുകൾ ആണ് വിജയകരമായി നടത്തി വരുന്നത്. അതിൽ മരുന്ന് വാങ്ങൽ, പാലിയേറ്റീവ് കെയർ, കോവിഡ്19 പ്രതിരോധ പ്രവ ർത്തനങ്ങള് എന്നിവ ഉൾപ്പെടുന്നു. ചിറയിൻകീഴ് ബ്ലോക്ക് മുഖാന്തിരം സുരക്ഷ ആരോഗ്യകിരണം എന്നിവയും നടത്തി വരുന്നു. ആശുപത്രി നിലവി ൽ സ്ഥിതി ചെയുന്ന സ്ഥലവും അവിടേക്ക് എത്തിച്ചേരാൻ പൊതുഗതാഗത സംവിധാനത്തിനുള്ള അഭാവവും ഒന്നിലധികം ഗ്രാമസഭകളിൽ ജനങ്ങൾ പരാതിയായി ഉന്നയിച്ചിട്ടുണ്ട്. 2016 മുതൽ ആശുപത്രി വികസന സമിതി (HMC) നിലവി ൽ വന്ന് ഒ.പി ടിക്കറ്റിന് രണ്ട് രൂപ വീതം രോഗികളി നിന്ന് ഈടാക്കുന്നുണ്ട് എങ്കിലും ലാബ് ഇല്ലാത്തത് കാരണം അതേ ചാർജ് തന്നെ ഇപ്പോഴും തുടരേണ്ട അവസ്ഥയാണ്. രാജീവ് ഗാന്ധി ലാബിൽ നിന്നുള്ള പ്രതിനിധി ആണ് സാമ്പിൾ കളക്ഷൻ പോലുള്ള കാര്യങ്ങൾ നിർവഹിക്കുന്നതും, ലാബിൽ നിന്നുള്ള വരുമാനം ലഭിക്കുന്നതും അവർക്കാണ്. എല്ലാ സൗകര്യങ്ങളോടും കൂടി പുതിയ കെട്ടിടം സ്ഥാപിതമായി, പാലിയേറ്റിവ് ആംബുലൻസിന് പുറമെ വാഹനസൗകര്യം കൂടി ലഭ്യമാക്കിയാൽ ഇന്ന് ഏകദേശം 18628 എണ്ണം രോഗികളുടെ ഒപി പ്രതിവർഷം (പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ ഉൾപ്പടെ) കൈകാര്യം ചെയ്യുന്നത് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഉള്ള സേവനം കൂടുതൽ പേരിലേക്ക് ലഭ്യമാക്കുന്നതിനോടൊപ്പം, HMC ഫണ്ട് ഉൾപ്പടെയുള്ളവയില് പോലും നേട്ടം ഉണ്ടാക്കാവുന്നതാണ്.

തിരുവനന്തപുരം ഗവ: ആയുർവേദ ആശുപത്രി 20 കിടക്കകളുള്ള ആശുപത്രി ആണ്. ഇവിടെ എല്ലാ ചികിത്സകളും ലഭ്യമാണ്. ഈ വർഷം ജില്ലാ മെഡിക്കല് ഓഫീസറുടെ കരള് രോഗമുക്തി പ്രോജക്ട് ജില്ലാ പഞ്ചായത്തിന്റെ സ്നേഹധാര പ്രോജക്ട് എന്നിവ നടക്കുന്നുണ്ട്. അവിടെ എല്ലാ ക്രിയാ ക്രമങ്ങളും ചെയ്തു വരുന്നു ഉദാ- പിഴിച്ചിൽ, ധാര, ഞവരക്കിഴി, വസ്തി തുടങ്ങിയവ. ഇവിടെ മരുന്നിന്റെ അപര്യാപ്തതയാണ് ഏറ്റവും വലിയ പ്രശ്നം പഞ്ചായത്ത് നൽകുന്ന 580000/-രൂപ വളരെ കുറവാണ്. ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ വളരെ മോശമാണ്. കോൺക്രീറ്റ് ചോർന്ന് ഒലിക്കുന്നുണ്ട്. കെട്ടിടത്തിനു മുകളിൽ ഉറപ്പിച്ചിരിക്കുന്ന ടവർ മാറ്റേണ്ടതുണ്ട്. അടുത്ത അഞ്ചു വർഷത്തിനുള്ളില് ആവശ്യമായ സാധനങ്ങൾ, ഉപകരണങ്ങള് എന്നിവ, ആശുപത്രി പ്രവർത്തനത്തിന് ആവശ്യമാണ്.
ആശുപത്രി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളാണ് സ്റ്റാറ്റസ് റിപ്പോർട്ടിന് ആധാരം.

കിഴുവിലം ഗ്രാമപഞ്ചാത്തിന് കീഴിലുള്ള ഗവ: ഹോമിയോ ഡിസ്പെൻസറി പഞ്ചായത്ത് കെട്ടിടത്തോട് ചേർന്ന് സ്വന്തമായ സ്ഥലത്തും കെട്ടിടത്തിലും സ്ഥിതി ചെയ്യുന്നു. മെഡിക്കൽ ഓഫീസര്, ഫാർമസിസ്റ്റ്, അറ്റൻഡര്, സ്വീപ്പര് എന്നിവരാണ് ഈ സ്ഥാപനത്തിലുള്ളത്. വിവിധ അസുഖങ്ങൾക്ക് നരവധി പേർ ചികിൽസ തേടുന്ന ഈ ആതുരാലയം സമയാസമയങ്ങളില് മെഡിക്കല് ക്യാമ്പുകളും പ്രതിരോധ ക്യാമ്പുകളും നടത്താറുണ്ട്. പഞ്ചായത്തിന്റെ എല്ലവിധ സഹകരണവും ലഭിക്കുന്നതിനാൽ വളരെ നല്ല നിലയിൽ ഈ ആതുരാലയം പ്രവർത്തിക്കുന്നുണ്ട്.

- **കുടിവെള്ളം ശുചിത്വം മുതലായവ**

കിഴുവിലം പഞ്ചായത്തിൽ കുടിവെള്ളത്തിനായി കിണറുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ജലലഭ്യതയിൽ ഏറെ പിന്നോക്കാവസ്ഥയിലല്ല നമ്മുടെ പഞ്ചായത്ത്, എന്നാൽ വേനല് കാലങ്ങളിൽ പഞ്ചായത്തിന്റെ ചില പ്രദേശങ്ങളില് കുടിനീര് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിൽ 7789 കുടുംബങ്ങൾ ഉള്ളതില് ഏകദേശം 4000 ത്തോളം കുടുംബങ്ങൾക്ക് സ്വന്തമായി കിണറുകള് ഉണ്ടെങ്കിലും ഭൂരിപക്ഷം കിണറുകളിലേയും ജല സ്രോതസ്സ് വളരെ കുറവും വേനൽ കാലങ്ങളില് വറ്റിവരളുന്നതുമാണ്. പഞ്ചായത്തിൽ 22 പൊതുകിണറുകള് ഉണ്ട്. അതിൽ 80 ശതമാനവും ഉപയോഗ യോഗ്യമല്ല.

പഞ്ചായത്ത് പ്രദേശത്ത് അനധികൃതമായി ആടുമാടുകളെ കശാപ്പ് ചെയ്യുന്നത് പതിവായിരിക്കുകയാണ്. അറവുശാലകളിൽ വച്ചല്ലാതെയും മൃഗഡോക്ടറുടെ അനുമതി ഇല്ലാതെയും നടക്കുന്ന ഇത്തരം കശാപ്പും ഇറച്ചിവില്പനയും തടയേണ്ടതായിട്ടുണ്ട്. ആളൊഴിഞ്ഞ പ്രദേശങ്ങളിൽ ആടുമാടുകളെ കശാപ്പുചെയ്തു അവശിഷ്ടങ്ങൾ ശരിയായി മറവുചെയ്യാതെ വലിച്ചെറിയുന്നത് ഈ പ്രദേശത്തെ ജനങ്ങളുടെ ആകെ ആരോഗ്യത്തിന് ഭീഷണിയാണ്.

പഞ്ചായത്ത് പ്രദേശത്ത് ഹോട്ടലുകൾ അധികവും ശരിയായ ലൈസൻസോടു കൂടിയോ, ആരോഗ്യകരമായ ചുറ്റുപാടുകളിലോ അല്ല പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ സിരാകേന്ദ്രമായ തിരക്കേറിയ പുളിമൂട് ജംഗ്ഷനിലും പഞ്ചായത്തിന്റെ ഇതര ഭാഗങ്ങളിലുമുള്ള പൊതുഭക്ഷണശാലകളില് അനാരോഗ്യകരമായ ചുറ്റുപാടുകളിലാണ് ഭക്ഷണം പാചകം ചെയ്യുന്നത്.

നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങളിൽ ഗണ്യമായ ഒരു വിഭാഗത്തിന് ഇന്നും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൌകര്യമില്ലായ്മ നിലനിൽക്കുന്നു. തുറസ്സായ സ്ഥലത്ത് മലമൂത്രവിസർജ്ജനം നടത്തുന്നത് സാംക്രമികരോഗങ്ങൾക്ക് കാരണമായി തീരുന്നു. അതിനാൽ കക്കൂസ് ഇല്ലാത്ത കുടുംബങ്ങളെ കണ്ടെത്തി അത് നിർമ്മിച്ച് നൽകേണ്ടതാണ്. പഞ്ചായത്തിൽ പ്രധാന ശുദ്ധജലസ്രോതസുകളായ കിണറുകളെ ആറുമാസത്തിലൊരിക്കൽ ക്ലോറിനേറ്റ് ചെയ്തു സംരക്ഷിക്കേണ്ടതാണ്.

പൊതു കിണറുകൾ,പൊതു കുളങ്ങൾ,എന്നിവ എണ്ണത്തി. പരിമിതമായിരുന്നു.പൈപ്പ് ലൈൻ ഉള്ള വീടുകൾ നഗര പ്രദേശങ്ങളിൽ ഉണ്ടായിരുന്നു.കിഴുവിലംപഞ്ചായത്ത് ഗ്രാമപ്രദേശമായതിനാൽ പൊതുകുളങ്ങൾ,പൊതു കിണറുകൾ എന്നിവയെയായിരുന്നു പൊതിജനങ്ങൾ ആശ്രയിച്ചിരുന്നത്. സ്വകാര്യ കിണറുകൾ കുഴിക്കുന്നതിനുള്ള സാമ്പത്തിക ഭദ്രത പൊതുജനങ്ങൾ ഭൂരിഭാഗം പേർക്കും ഉണ്ടായിരുന്നില്ല. തുടർന്ന് പഞ്ചായത്തിന്റെ പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തി നടപ്പിലാക്കി വന്നു.

1996 ലെ കുടിവെള്ള സ്ത്രോതസ്സുകളുടെ അവസ്ഥയിൽ നിന്നും വളരെയധികം പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. കഴിഞ്ഞ 25 വർഷത്തിൽ നടപ്പിലാക്കിയ പഞ്ചവത്സര പദ്ധതികളിലൂടെ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, ചെറുകിട കുടിവെള്ള പദ്ധതികൾ, നിലവിലെ കുടിവെള്ള പദ്ധതികളുടെ നവീകരണം തുടങ്ങിയവ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. തുടർന്ന് വരുന്ന പദ്ധതികളിലും പൊതുകുടിവെള്ള സ്ത്രോതസ്സുകൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്.

1996 കാലഘട്ടത്തിൽ ഇന്നത്തെ സാഹചര്യം പോലെ മാലിന്യങ്ങൾ (പ്ലാസ്റ്റിക് ഉൾപ്പെടെ) ഉണ്ടായിരുന്നില്ല. അതിനാൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ വളരെ കുറഞ്ഞ അളവിൽ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളു. മാലിന്യ ശേഖരണ സംവിധാനങ്ങൾ നഗരങ്ങളിൽ മാത്രമാണ് ഉണ്ടായിരുന്നത്. ഗ്രാമ പ്രദേശങ്ങളിൽ ഉറവിട സംസ്കരണമാണ് ഉണ്ടായിരുന്നത്. ജൈവമാലിന്യങ്ങളാണ് കൂടുതൽ ഉണ്ടായിരുന്നത്.

മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനുമായി പഞ്ചായത്തിൽറെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിപദ്ധതികൾ നടപ്പിലാക്കി വരുന്നു. collectors @school, മിനി എം സി എഫ് തുടങ്ങിയവ ഏതാനും ഉദാഹരണങ്ങളാണ്. കൂടാതെ എല്ലാ എയ്ഡഡ്/ ഗവൺമെന്റ് സ്കൂളുകൾക്കും ടോയ്ലറ്റുകൾ നിർമ്മിച്ച് ശുചിത്വം ഉറപ്പാക്കാൻ പദ്ധതികൾ നടപ്പാക്കി വരുന്നു. ജൈവമാലിന്യങ്ങൾ

ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും ജൈവ/അജൈവ മാലിന്യങ്ങളെ വേർതിരിക്കുന്നതിനും ഹരിതകർമ്മ സേനയെ നിയോഗിച്ചിട്ടുണ്ട്.

- **വിദ്യാഭ്യാസം, കല, സംസ്കാരം, യുവജനകാര്യം**

വിദ്യാസമ്പന്നരായ ജനങ്ങൾ എന്നത് ഒരു പ്രദേശത്തിന്റെ വളർച്ചയുടെ സൂചകമാണ്. വിദ്യാഭ്യാസ രംഗത്തെ മാറുന്ന പ്രവണതകൾക്കനുസരിച്ച് വിദ്യാഭ്യാസ സമ്പ്രദായങ്ങള് പുതു തലമുറകളില് എത്തിക്കുക എന്നതാണ് പൊതു വിദ്യാലയങ്ങളുടെ ലക്ഷ്യം. വ്യക്തിയുടെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ വികസനത്തിന് ഉതകാത്ത വിദ്യാഭ്യാസം സമൂഹത്തിന്റെ ഉയർച്ചയെ പിന്നോട്ടടിക്കും. കൂടാതെ ഭാവിയില് ഉപജീവനത്തിന് ഉതകുന്ന രീതിയില് തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസവും കുട്ടികൾക്ക് നൽകേണ്ടതുണ്ട്.

ഈ നൂറ്റാണ്ടിന്റെ തുടക്കം മുതല് തന്നെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സംഘടിതവും അസംഘടിതവുമായ നിരവധി വിദ്യാഭ്യാസ പ്രവർത്തനങ്ങള് നടന്നുവരുന്നു. ദേശീയ പ്രസ്ഥാനങ്ങളും സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളും ഔപചാരികമായും അനൌപചാരികമായും മെച്ചപ്പെടുത്തുന്നതിന് പ്രേരണയായിട്ടുണ്ട്. പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം പരിശോധിച്ചാൽ രാജവാഴ്ചക്കാലത്ത് തുടക്കം കുറിച്ചതും പിൽക്കാലത്ത് പഞ്ചായത്തിലെ ചില സവർണ്ണവിഭാഗങ്ങള് മുൻകൈ എടുത്ത് നടത്തിയതുമായ പ്രവർത്തനങ്ങള് വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതില് ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് അദ്ധ്യാപകർ കാര്യമായ സംഭാവന നൽകിയിട്ടുണ്ട്. ഇപ്രകാരം സ്വാതന്ത്ര്യ സമ്പാദനത്തിനും മുമ്പുതന്നെ പൊതുവിദ്യാഭ്യാസരംഗത്ത് കിഴുവിലം ഗ്രാമപഞ്ചായത്ത് ഏറെ മുന്നിലായിരുന്നു.

കിഴുവിലം ഗ്രാമപഞ്ചായത്തിൽ സർക്കാര് ഉടമസ്ഥതയില് ഹയർസെക്കന്ററി സ്കൂള് ഉൾപ്പെടെ 6 സ്കൂളുകളും സ്വകാര്യ മേഖലയിൽ ഒരു അപ്പർപ്രൈമറി സ്കൂളും നിലവിലുണ്ട്. കൂടാതെ 2 അൺഎയ്ഡഡ് സ്കൂളുകളും ഉണ്ട്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമേ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ആറോളം പാരലല് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യമേഖലയിൽ അഞ്ച് നെഴ്സറിസ്കൂളുകളും സർക്കാർ മേൽനോട്ടത്തില് 30 ഓളം അംഗൻവാടികളും പ്രവർത്തിച്ചുവരുന്നു. സാങ്കേതികവിദ്യാഭ്യാസത്തിനും മറ്റ് ഉന്നതവിദ്യാഭ്യാസാവശ്യങ്ങൾക്കും പ്രധാനമായും പഞ്ചായത്തിനു പുറത്തുള്ള വിദ്യാഭ്യാസകേന്ദ്രങ്ങളെയും സംരംഭങ്ങളെയുമാണ് കൂടുതലായി ആശ്രയിക്കുന്നത്.

കിഴുവിലം ഗ്രാമപഞ്ചായത്തിൽ ഗവ. ഹയർസെക്കന്ററി സ്കൂള് കൂന്തള്ളൂർ, ഗവ. എൽ. പി. എസ് കൂന്തള്ളൂർ, എസ്.വി.യു.പി.എസ്, പുരവൂർ, ഗവ. യു.പി.എസ് മുടപുരം, ഗവ. യു.പി.എസ് കിഴുവിലം എന്നീ സ്കൂളുകളിലായി 2151 കുട്ടികൾ പഠിക്കുന്നു. ഇതിനു പുറമെ സാമ്പത്തികമായി ഉയർന്ന വിഭാഗങ്ങളിലെ 250 ൽ അധികം വിദ്യാർത്ഥികള് സമീപപ്രദേശങ്ങളിലും തിരുവനന്തപുരം നഗരത്തിലുമുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും പഠിക്കുന്നതായി കാണുന്നു.

കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ കണക്ക് പരിശോധിക്കുമ്പോള് പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സർക്കാർ നടപ്പിലാക്കി വരുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലമാണ് ഈ വർദ്ധനവ് എന്ന് മനസിലാക്കാന് കഴിയും.

പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി 91 അദ്ധ്യാപകർ ജോലി നോക്കുന്നുണ്ട്. (ഹയർ സെക്കന്ററി – 20, ഹൈസ്കൂൾ - 24, പ്രൈമറി – 47) ഇതിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. അദ്ധ്യാപകരിൽ ഭൂരിഭാഗത്തിനും ഇൻസർവ്വീസ് ട്രെയിനിംഗിന് ലഭിച്ചിട്ടുണ്ട്. എല്ലാ വിദ്യാലയങ്ങൾക്കും വൈദ്യുതി കണക്ഷനുമുണ്ട്. പഞ്ചായത്തിലെ 2 സ്കൂളകളിൽ മാത്രമാണ് ശരിയായ പാചകപ്പുരയുള്ളത്. ഗവ. യു.പി.എസ് കിഴുവിലത്തിന് ഒരു കോടി രൂപയുടെ സ്കൂള് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. പി.എൻ.എം.എച്ച്.എസ്.എസ് കൂന്തള്ളൂരിൽ അഞ്ച് കോടി രൂപയുടെ കെട്ടിടനിർമ്മാണം പൂർത്തിയായി വരുന്നു. മുടപുരം ഗവ. യു.പി.എസ് ൽ രണ്ട് കോടി രൂപയുടെ കെട്ടിടനിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. ഗവ. യു. പി. എസ് പുരവൂരിൽ ഒരു കോടി 80 ലക്ഷം രൂപയുടെ കെട്ടിട നിർമ്മാണം പണി ആരംഭിച്ചു.